കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

നൊച്ചാട് ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2015-16

കേരള സംസ്ഥാന ഓഡിറ്റ് കോഴിക്കോട് ജില്ലാ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

*കെ എസ് എ കെ.കെ.ഡി/പി 4/2098/2016*

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്
ഇ-മെയിൽ -dokkd.ksad@kerala.gov.in
ഫോൺ -0495 2371012
തീയതി-14.12.2016

*ഡെപ്യൂട്ടി ഡയറക്ടർ*

പ്രസിഡന്റ് ( സെക്രട്ടറി മുഖേന )

നൊച്ചാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നൊച്ചാട് ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നൊച്ചാട് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും 3 ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u> : 1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നം:കെ.എസ്.എ.കെ.കെ.ഡി/പി4/2098/2016 തിയ്യതി:14.12.2016

കോഴിക്കോട് ജില്ലയിലെ നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിൻ മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2016 മുതൽ 01.11.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ റാന്റം ആയി പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ, ഉദ്യോഗപ്പേര് | ശ്രീ കെ കെ സതീഷ് കുമാർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.11.2016 മുതൽ 17.11.2016 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ കെ പി രത്ന സിംഗ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ ഷിപിൻ പീറ്റർ സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ഇല്യാസ് ടി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ശോഭന വൈശാഖ് | 2015 ഏപ്രിൽ 1 മുതൽ 2015 ഒക്ടോബർ 1 വരെ |
| | 1.സെക്രട്ടറി<br>2.കൃഷി ഓഫീസർ<br>3. ഐ സി ഡി എസ് സൂപ്പർവൈസർ | 2015 ഒക്ടോബർ 2 മുതൽ 2015 നവമ്പർ 11 വരെ |
| | ശ്രീ പി എം കുഞ്ഞിക്കണ്ണൻ | 2015 നവമ്പർ 12 മുതൽ 2016 മാർച്ച് 31 വരെ |
| സെക്രട്ടറി | ശ്രീ ഒ മനോജ് | 01.04.2015 മുതൽ 28.07.2015 വരെ |
| | ശ്രീ കെ എം രാധാകൃഷ്ണൻ | 29.07.2015 മുതൽ 31.03.2016 വരെ |

നിർവ്വഹണോദ്യാഗസ്ഥർ

| | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.സൗദ.കെ.സി | 01.04.2015 മുതൽ 31.03.2016 വരെ |
| 2 | കൃഷി ഓഫീസർ | ശ്രീ മനോജ് പി ആർ | 01.04.2015 മുതൽ 31.03.2016 വരെ |

| | | | |
|---|---|---|---|
| 3 | വെറ്ററിനറി സർജൻ | ഡോ : റസീന മന്നത്ത് | 01.04.2015 മുതൽ 31.03.2016 വരെ |
| 4 | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | ഡോ : സി കെ വിനോദ് | 01.04.2015 മുതൽ 01.06.2015 വരെ |
| | | ഡോ : സൂരജ് കെ രാജ് | 02.06.2015 മുതൽ 31.03.2016 വരെ |
| 5 | മെഡിക്കൽ ഓഫീസർ (ഐ എസ് എം) | ഡോ : കെ കെ രാജൻ | 01.04.2015 മുതൽ 31.05.2015 വരെ |
| | | ഡോ : ഒ കെ ഷെർളി | 01.06.2015 മുതൽ 14.08.2015 വരെ |
| | | ഡോ : എസ് എൻ സൂരജ് | 15.08.2015 മുതൽ 07.09.2015 വരെ |
| | | ഡോ : സി കെ വിനോദ് | 08.09.2015 മുതൽ 30.09.2015 വരെ |
| | | ഡോ : എസ് എൻ സൂരജ് | 01.10.2015 മുതൽ 19.02.2016 വരെ |
| | | ഡോ : മാത്യു ജോസഫ് | 20.02.2016 മുതൽ 31.03.2016 വരെ |
| 6 | ഹെഡ് മാസ്റ്റർ | ശ്രീമതി രത്ന കുമാരി.പി.പി | 01.04.2015 മുതൽ 31.06.2015 വരെ |
| | | ശ്രീ ശശിധരൻ വി | 01.07.2015 മുതൽ 31.03.2016 വരെ |
| 8 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ലീന ടി കെ | 01.04.2015 മുതൽ 31.03.2016 വരെ |
| 9 | ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി സുബൈദ പി ടി | 01.04.2015 മുതൽ 07.09.2015 വരെ |
| | | ശ്രീമതി എം തങ്കം | 08.09.2015 മുതൽ 31.03.2016 വരെ |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ ബിന്ദു ജോസ് | 01.04.2015 മുതൽ 25.08.2015 വരെ |
| | | ശ്രീ യു കെ രാജൻ | 26.08.2015 മുതൽ 31.03.2016 വരെ |

## ഉള്ളടക്കം

| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1. | ബജറ്റ് | 1-1 |
| 2. | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3. | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4. | സാമ്പത്തിക വിശകലനം | 1-4 |
| 5. | ഫണ്ട് വിനിയോഗം | 1-5 |
| 6. | പദ്ധതി അവലോകനം. | 1-6 |
| 7. | തനത് വരുമാനം. | 1-7 |
| 8. | ക്ഷേമപദ്ധതികൾ | 1-8 |
| 9. | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2<br>വരവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 11. | വാർഷിക കണക്കിലെ അപാകതകൾ. | 2-1 |
| 12. | രശീതി,പണമടവും പിൻവലിക്കലും എന്നിവയുടെ പരിശോധന | 2-2 |
| 13. | വസ്തുനികുതി വരവ് പരിശോധന – ശ്രദ്ധയിൽ പെട്ട അപാകതകൾ | 2-3 |
| 14. | കെട്ടിട നിർമാണ അനുമതി പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ | 2-4 |
| 15. | തൊഴിൽ നികുതി : രേഖകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ | 2-5 |
| 16. | കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കാതെ ഭവന നിർമ്മാണ/പുനരുദ്ധാരണങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നു | 2-6 |

| | | |
|---|---|---|
| 17. | പഞ്ചായത്ത് പരിധിയിൽ സെക്രട്ടറിയുടെ അനുമതിയില്ലാതെ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നു. | 2-7 |
| 18. | സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള നികുതി ഈടാക്കുന്നില്ല. | 2-8 |
| | ഭാഗം 3<br>ചെലവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 19. | ആശ്രയ ഗുണഭോക്താക്കളെ പരിഗണിക്കാതെ ഭവന പദ്ധതികൾ നടപ്പാക്കുന്നു. | 3-1 |
| 20. | പി.എച്ച്.സി. സബ് സെന്ററുകളിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-2 |
| 21. | മുൻകൂർ പണം നൽകി 8 മാസം കഴിഞ്ഞിട്ടും ഹോമിയോ ഡിസ്പെൻസറിയിൽ മരുന്ന് ലഭ്യമായില്ല | 3-3 |
| 22. | സമഗ്ര വിദ്യാഭ്യാസ പരിപാടി നടപ്പാക്കിയതിലെ അപാകതകൾ | 3-4 |
| 23. | സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശ്ശങ്ങൾ പാലിക്കാതെ ആരോഗ്യ മേഖലയിൽ പദ്ധതി നടപ്പാക്കി. | 3-5 |
| 24. | മെറ്റലിംഗ് പ്രവൃത്തിയിൽ ഉൾപ്പെട്ട പ്രവൃത്തിക്ക് പ്രത്യേകമായി തുക നൽകിയത് കാരണം ഇരട്ടച്ചെലവ് | 3-6 |
| 25. | റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ ആധികാരികതയില്ലാതെ അധികകനത്തിൽ ചെയ്തു-പഞ്ചായത്തിന് വൻനഷ്ടം | 3-7 |
| 26. | ബിറ്റുമിൻപ്രവൃത്തിക്ക് ബിറ്റുമിന്റെ മാർക്കറ്റ് വിലയേക്കാൾ കൂടുതൽ നിരക്ക് ഉൾപ്പെടുത്തി-പഞ്ചായത്തിന് നഷ്ടം | 3-8 |
| 27. | ജലസേചനവകുപ്പിന്റെ സ്ഥലത്ത് പഞ്ചായത്ത് ഫണ്ടുപയോഗിച്ച് റോഡ് നിർമ്മിച്ചു | 3-9 |

| | | |
|---|---|---|
| 28. | പെററി റിപ്പയർ വർക്ക്- സർക്കാർ നിർദ്ദേശവും വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല സമിതിയുടെ നിർദ്ദേശവും പാലിച്ചില്ല. | 3-10 |
| 29. | മരാമത്ത് പ്രവൃത്തികൾ-പൊതുഅപാകതകൾ | 3-11 |
| 30. | എം.പി.ഫണ്ട്, മറ്റ് സർക്കാർ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന തുക എന്നിവ വിനിയോഗിച്ച് സമഗ്ര പദ്ധതികൾ രൂപീകരിക്കുന്നില്ല. | 3-12 |
| 31. | വിസിറ്റിംഗ് വിസ സമർപ്പിച്ചവർക്ക് സബ്സിഡി നൽകി. | 3-13 |
| 32. | മാനസിക, ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം - സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 3-14 |
| 33. | തെരുവ് നായ വന്ധ്യകരണം- ജില്ല പഞ്ചായത്ത് വിഹിതം – വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 3-15 |
| 34. | വ്യക്തിഗത ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുമ്പോൾ ഗുണഭോക്തൃ തിരഞ്ഞെടുപ്പ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കുന്നില്ല. | 3-16 |
| 35. | വസ്തു നികുതി നോട്ടീസ് വിതരണത്തിന് കുടുംബശ്രീ വിഭാഗക്കാർക്ക് പ്രത്യേക അലവൻസ്. | 3-17 |
| 36. | സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചു | 3-18 |
| 37. | സംയുക്ത പദ്ധതികൾക്കും, മറ്റ് പദ്ധതികൾക്കും ലഭിച്ച ഫണ്ടുകൾ വിനിയോഗിച്ചിട്ടില്ല. | 3-19 |
| 38. | ഭരണസമിതിയുടെ തീരുമാനങ്ങൾക്ക് തുടർനടപടി സ്വീകരിച്ചതിന്റെ വിവരമില്ല | 3-20 |
| 39. | സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിക്ക് വിഹിതം നൽകിയത് സംബന്ധിച്ച്. | 3-21 |
| 40. | നിയമവിരുദ്ധമായി പഞ്ചായത്തിൽ തസ്തികകൾ സൃഷ്ടിച്ച് നിയമനങ്ങൾ നടത്തുന്നു. | 3-22 |

| | | |
|---|---|---|
| | | |
| 41. | അനർഹരായ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചു. | 3-23 |
| 42. | സ്വയം തൊഴിൽ സംരംഭങ്ങൾ പ്രവർത്തന രഹിതം | 3-24 |
| 43. | സബ്സിഡി അനുവദിച്ച് നിർമ്മാണം ആരംഭിച്ച ഭവന നിർമ്മാണങ്ങൾ പൂർത്തീകരിച്ചില്ല. | 3-25 |
| 44. | തൊഴിൽ രഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്നില്ല | 3-26 |
| 45. | പരിമിതമായ അടിസ്ഥാന സൌകര്യങ്ങളോടെ പൊതുജനാരോഗ്യ കേന്ദ്രം. | 3-27 |
| 46. | തൊഴിലുറപ്പ് പദ്ധതി അവലോകനം. | 3-28 |
| 47 | പെയിൻ പാലിയേറ്റീവ് പ്രവർത്തനങ്ങൾ സർക്കാർ നിർദേശങ്ങൾ പാലിക്കുന്നില്ല. | 3-29 |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 48 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 50 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 51. | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 52. | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 53. | ഓഡിറ്റ് റിക്കവറി | 4-6 |
| 54. | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 55. | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 56. | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


## ഭാഗം **1**

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28.03.2015 ലെ 119/14 നമ്പർ ഭരണസമിതി തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 15.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| സാമ്പത്തിക വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2015-16 | 05.11.2016 മുതൽ 17.11.2016 വരെ നടന്ന, 2015-16 വർഷത്തെ ഓഡിറ്റിൽ | |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| വർഷം | 2015-16 |
| മുന്നിരിപ്പ് | 6705245 |
| വരവ് | 154845095 |
| ആകെ | 161550340 |
| ചെലവ് | 153844527 |
| നീക്കിയിരിപ്പ് | 7705813 |

## 1-5 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം സംബന്ധിച്ച അപാകതകൾ പരിഹരിച്ചിട്ടില്ലാത്തതിനാൽ വിശദവിവരം ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്താനായിട്ടില്ല.

## 1-6 നടപ്പാക്കിയ പദ്ധതികൾ.

ഓഡിറ്റ് വർഷങ്ങളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 196 | 54110197 | 149 | 38295380 | | 47 | 60% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം.

| ഇനം | 2014-15 | 2015-16 |
|---|---|---|
| നികുതി വരവുകൾ | 2772371 | 2082718 |
| നികുതിയേതര വരവുകൾ | 373275 | 655935 |

| | | |
|---|---|---|
| മറ്റുവരവുകൾ (പലിശ) | 53081 | 191361 |
| ആകെ | 3198727 | 2930014 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2015-16 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 883200 | 462 |
| കർഷകതൊഴിലാളി വേതനം | 7499190 | 1036 |
| വിധവാപെൻഷൻ | 9106600 | 978 |
| വാർദ്ധക്യകാലപെൻഷൻ | 8642010 | 1357 |
| വികലാംഗപെൻഷൻ | 3589970 | 370 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 31120 | 38 |
| വിധവകളുടെ മക്കൾ ക്കുള്ള വിവാഹധനസഹായം | 330000 | 11 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.11.2016ന കാലത്ത് 10 മണിക്ക് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് നീക്കിയിരിപ്പായ 13800/- (പതിമൂന്നായിരത്തി എണ്ണൂറ് രൂപ മാത്രം) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2016 ആഗസ്റ്റ് 07,08 | 2016 ജൂൺ, ജൂലൈ | റിപ്പോർട്ട് ലഭ്യമാക്കിയില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.09.2006 മുതൽ 07.10.2006വരെ | 1997-98 മുതൽ 2005-06 വരെ | 10.11.2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ.

2015-16 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ളതും ലഭ്യത സംശയാസ്പദവുമായിട്ടുള്ള നികുതി, നികുതിയേതര തുകക്ക് വാർഷിക കണക്കിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
2. വൗച്ചറുകൾ ഫണ്ട് അടിസ്ഥാനത്തിൽ ഇനം തിരിച്ച് സൂക്ഷിക്കുന്നില്ല.
3. വസ്തു നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടവരുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ,

വേക്കൻസി റെമിഷൻ രജിസ്റ്റർ, തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, റഗുലറൈസേഷൻ രജിസ്റ്റർ, ഒക്യുപെൻസി മാറുന്നതിനുള്ള രജിസ്റ്റർ എന്നിവ നിശ്ചിത മാതൃകയിൽ സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

4. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം പഞ്ചായത്ത് പരിധിയൽ 1261 വാണിജ്യ കെട്ടിടങ്ങളുണ്ട്. എന്നാൽ ഓഡിറ്റ് വർഷത്തിൽ 231 കെട്ടിടങ്ങളിൽ നിന്നും മാത്രമാണ് ഡി.ആന്റ്.ഒ. ലൈസൻസ് ഫീസ് പിരിച്ചിട്ടുള്ളത്. ആയതിനാൽ തന്നെ ലൈസൻസ് ഫീസിനത്തിൽ ലഭ്യമായ തുകയുടെ കൃത്യത ഉറപ്പ് വരുത്തുവാൻ കഴിഞ്ഞിട്ടില്ല.
5. തൊഴിൽ നികുതി യഥാർത്ഥ വരവ് ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | യഥാർത്ഥ വരവ് | ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള വരവ് |
|---|---|---|
| തൊഴിൽ നികുതി (ജീവനക്കാർ) | 116220 | 116720 |

6. തൊഴിൽ നികുതിയിനത്തിൽ കുടിശ്ശികയായി ലഭിക്കുവാനുള്ള 74,500/- രൂപ ബാലൻസ് ഷീറ്റിൽ (B-15 ൽ) രേഖപ്പെടുത്തിയിട്ടില്ല.
7. അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആദായനികുതി എന്നിവ വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല.
8. ജില്ല പഞ്ചായത്ത്, പട്ടിക ജാതി/പട്ടിക വർഗ്ഗ വകുപ്പിൽ നിന്നും വിവിധ പദ്ധതികൾക്ക് ഓഡിറ്റ് വർഷത്തിലും, മുൻവർഷങ്ങളിലും ലഭ്യമായ തുക (8,00,000/- + 1,20,000/- രൂപ)പഞ്ചായത്തിന്റെ തനത് ഫണ്ടിൽ സൂക്ഷിക്കുകയാണ് ചെയ്യുന്നത്.
9. ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം തൻവർഷം നടത്തിയ പർച്ചേസുകളുടെ മൂല്യം ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
10. തൻവർഷത്തെ വസ്തു നികുതി കുടിശ്ശികയായത് (ലൈബ്രറി സെസ്സ് ഉൾപ്പടെ) B-15പ്രകാരം 3,03,358/- രൂപയും രജിസ്റ്റർ പ്രകാരം.303244/- രൂപയുമാണ്.
11. മുൻവർഷങ്ങളിൽ ലഭ്യമാവേണ്ട വസ്തു നികുതി കുടിശ്ശിക 2014-15ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം (ലൈബ്രറി സെസ്സ് ഉൾപ്പടെ) B-15 1,03,878/- രൂപയും, 2015-16 വർഷത്തിലെ ഡിമാൻറ് രജിസ്റ്റർ പ്രകാരം മുൻബാക്കി കുടിശ്ശിക (ലൈബ്രറി സെസ്സ് ഉൾപ്പടെ) 3,48,589/- രൂപയുമാണ്.
12. ലൈബ്രറി സെസ്സ് ഇനത്തിൽ ലഭിക്കുന്ന തുക ഡ്യൂസ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.
13. മാർക്കറ്റ് ലേലം ഇനത്തിൽ 2015-16 വർഷം മുൻകൂറായി 13,626/- രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ മേൽ തുക ഡപ്പോസിറ്റ് ഇനത്തിൽ ലഭിച്ചതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

മേൽ വിശദീകരിച്ച കാരണങ്ങളാൽ ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യ പത്രിക ശരിയായ രീതിയിൽ ഗ്രാമപഞ്ചായത്തിന്റെ കണക്കുകൾ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-2 രശീതി, പണമടവും പിൻവലിക്കലും എന്നിവയുടെ പരിശോധന

1. ഇന്ററപ്റ്റഡ് രശീതികളുടെ പരിശോധന

കമ്പ്യൂട്ടർ തകരാറുള്ള ദിവസങ്ങളിൽ ഫ്രണ്ട് ഓഫീസിൽ മാനുവലായി പണം പിരിക്കുമ്പോൾ കണ്ടു വരുന്ന അപാകതകൾ താഴെ ചേർക്കുന്നു.

(അ). കലക്ഷൻ രജിസ്റ്ററിൽ ചേർത്തില്ല.

താഴെ പറയുന്ന കലക്ഷൻ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തതായി കാണുന്നില്ല.

| രശീതി ബുക്ക് നമ്പർ | രശീതി നമ്പർ | പിരിവ് നടത്തിയ തീയതി | രസീതികൾ പ്രകാരമുള്ള ആകെ തുക |
|---|---|---|---|
| 17276 | 70 മുതൽ 73 വരെ | 24.08.2015 | 6,11,197/- |
| | 89 | 17.09.2015 | 2,40,000/- |
| 17278 | 16 | 22.02.2016 | 6/- |
| | 54 മുതൽ 56 വരെ | | 109872/- |

(ആ). മേൽ പരിശോധന നടത്തുകയോ ഡേ ബുക്ക് സൂക്ഷിക്കുകയോ ചെയ്യുന്നില്ല.

ഇന്ററപ്റ്റഡ് റസീറ്റുള്ള ദിവസങ്ങളിലെ ഫൈനൽ ഡേ ബുക്ക് മേൽ പരിശോധന നടത്തുകയോ പ്രിന്റെടുത്ത് സ്ഥാപനമേധാവിയോ അക്കൗണ്ടന്റോ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്യുന്നില്ല.

(ഇ). ഡേ ബുക്കും കലക്ഷൻ തുകയും തമ്മിൽ വ്യത്യാസം

ഉദാഹരണങ്ങൾ താഴെ നൽകുന്നു.

| കലക്ഷൻ തീയതി | കലക്ഷൻ ആകെ തുക (മാന്വൽ + സാംഖ്യ) | ഡേ ബുക്ക് തുക | വ്യത്യാസം |
|---|---|---|---|
| 01.04.2015 | 1198/- | 1231/- | 33/- |
| 29.05.2015 | 10520/- | 11720/- | 1200/- |
| 03.06.2015 | 1521/- | 1171/- | 350/- |

(ഈ). ഡേ ബുക്ക് തുകയും പാസ് ബുക്കും തമ്മിൽ വ്യത്യാസം

ഇന്ററപ്റ്റഡ് റസീറ്റുള്ള ദിവസങ്ങളിലെ കലക്ഷൻ തുക തൊട്ടടുത്ത പ്രവൃത്തി ദിവസം ബാങ്കിലടക്കുന്നുണ്ട്. എന്നാൽ താഴെ പറയുന്ന ദിവസങ്ങളിലെ കലക്ഷൻ തുകയും തൊട്ടടുത്ത ദിവസം ബാങ്കിലടച്ച തുകയും തമ്മിൽ വ്യത്യാസം കാണുന്നു.

| കലക്ഷൻ തീയതി | ഡേ ബുക്ക് പ്രകാരമുള്ള തുക | ബാങ്കിലടച്ച തീയതി | തുക |
|---|---|---|---|
| 01.04.2015 | 1231/- | 04.04.2015 | 1198 |
| 07.04.2015 | 2593/- | 09.04.2015 | 2626/- |
| 29.05.2015 | 11720/- | 30.05.2015 | 11370/- |
| 03.06.2015 | 1171/- | 04.06.2015 | 1521/- |
| 04.06.2015 | 965/- | 05.06.2015 | 975/- |
| 05.08.2015 | 14084/- | 07.08.2015 | 1975/- |
| 22.08.2015 | 5770/- | 24.08.2015 | 4829/- |
| 31.03.2016 | 178532/- | 31.03.2016 | 121264/- |

2. ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കാതെ പിരിവ് നടത്തി.

കൃഷി ഓഫീസർ താഴെ പറയുന്ന രശീതി ബുക്കുകളിൽ കലക്ഷൻ നടത്തിയത് ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കാതെയാണ്.

1. 28567 2. 28570 3. 28573 4. 28574

3. കളക്ഷൻ രജിസ്റ്റർ ഹാജരാക്കിയില്ല

കൃഷി ഓഫീസർ താഴെ പറയുന്ന രശീതി ബുക്കുകൾ പ്രകാരം കലക്ഷൻ നടത്തിയിട്ടുണ്ടെങ്കിലും കളക്ഷൻ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

28582 (16 മുതൽ),28583,28584,28585,28586,28587,28588,28589.

4. പൊതു അപാകതകൾ

1. ഔട്ട് ഡോർ കളക്ഷൻ നടത്തിയ ശേഷം രശീതി ബുക്കോ കളക്ഷൻ രജിസ്റ്ററോ മേലുദ്യോഗസ്ഥന്റെ പരിശോധനക്കു വിധേയമാക്കാതെയാണ് കൗണ്ടറിൽ അടക്കുന്നത്.തന്മൂലം പല അപാകതകളും സംഭവിക്കുന്നു.
2. സാംഖ്യക്കും സാധാരണ രശീതിക്കും കൂടി സൂക്ഷിച്ചിട്ടുള്ള സ്റ്റോക്ക് രജിസ്റ്ററിൽ സാംഖ്യ രശീതികളും സാധാരണ രശീതികളും ലഭിച്ചത് ഇടകലർത്തിയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.
3. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടം 20(2) ബി പ്രകാരം നിർവഹണ ഉദ്യോഗസ്ഥർക്ക് സാധാരണ രശീതി ബുക്കിൽ നിന്നും വ്യത്യസ്തത പുലർത്തുന്ന രസീതി ബുക്ക് സെക്രട്ടറി ഇഷ്യൂ ചെയ്തു നൽകണമെന്നുണ്ടെങ്കിലും വ്യവസ്ഥ പാലിച്ചിട്ടില്ല.
4. കളക്ഷൻ രജിസ്റ്ററിൽ പേജു വൈസ് ടോട്ടൽ ചേർക്കുന്നില്ല.
5. 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 83 പ്രകാരം, ഒഴിവാക്കാനാവാത്ത സാഹചര്യങ്ങളിൽ ഒഴികെ ലഭിച്ച രശീത് ബുക്ക് പൂർണമായി ഉപയോഗിച്ചു തീരുകയും കൗണ്ടർ ഫോയിൽ പഞ്ചായത്തിൽ തിരിച്ചേൽപിക്കുകയും ചെയ്യാതെ പുതിയ രശീതി ബുക്കുകൾ ഇഷ്യൂ ചെയ്തു നൽകരുതെന്നുണ്ടെങ്കിലും മേൽ വ്യവസ്ഥ പാലിക്കാതെ കൃഷി ഓഫീസർക്കു 2 തവണകളിലായി മൊത്തം 17 രശീതി ബുക്കുകൾ കൂട്ടത്തോടെ ഇഷ്യൂ ചെയ്തിട്ടുണ്ട്.

മാത്രവുമല്ല കൗണ്ടർ ഫോയിൽ നിർവഹണ ഉദ്യോഗസ്ഥർ അവരുടെ കസ്റ്റഡിയിൽതന്നെ സൂക്ഷിക്കുകയാണ് ചെയ്യുന്നത്.

6. പുറംപിരിവ് നടത്തിയ ഒരു ഉദ്യോഗസ്ഥന്റെയും കലക്ഷൻ രജിസ്റ്ററിന്റെ ഒടുക്കത്തിൽ മേൽ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തലുകൾ നടത്തിയിട്ടില്ല.
7. കളക്ഷൻ രജിസ്റ്ററിൽ പേജ് വൈസ് ടോട്ടൽ ചേർക്കുന്നില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-3 വസ്തുനികുതി വരവ് പരിശോധന – ശ്രദ്ധയിൽ പെട്ട അപാകതകൾ

1. വസ്തു നികുതിയിനത്തിൽ വൻ തുക കുടിശ്ശിക വരുത്തി

ബാലൻസ് ഷീറ്റിലെ ബി 15 ഷെഡ്യൂൾ പ്രകാരം 2015-16 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങളിൽ നിന്നും ഈടാക്കിയ വസ്തു നികുതി പിരിവ് പരിശോധിച്ചതിൽ നിന്നും 17 വാർഡുകളിൽ നിന്നായി 620795/- രൂപ കുടിശ്ശിക ഈടാക്കുവാനുണ്ട്

2. നികുതി നിർണയിച്ചതിൽ അപാകത

ഗ്രാമപഞ്ചായത്തിൽ സഞ്ചയ – സാംഖ്യ ലിങ്കിംഗ് നടത്തിയിട്ടുണ്ടെന്നും മാന്വൽ രജിസ്റ്ററിലെ വിശദാംശങ്ങൾ പൂർണമായും കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ടെന്നുമാണ് ബന്ധപ്പെട്ടവർ അറിയിച്ചത് . എന്നാൽ ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്റർ പരിശോധന, 2 കെട്ടിടങ്ങളിൽ നടത്തിയ സ്ഥല പരിശോധന എന്നിവ നടത്തിയപ്പോൾ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

| കെട്ടിട നം | ഉടമയുടെ പേര് | സഞ്ചയ പ്രകാരം ആകെ വിസ്തീർണം | അപാകത |
|---|---|---|---|
| 11/273<br>11/274<br>11/275<br>11/276<br>11/277<br>11/278<br>11/279 | പ്രസിഡണ്ട്,ഇസ്ലാമിക് കൾച്ചറൽ അസോസിയേഷൻ<br>നൊച്ചാട് ഹയർ സെക്കണ്ടറി സ്കൂൾ,വെള്ളിയൂർ | 196 ചതുരശ്ര മീറ്റർ | 1.ഗ്രാമപഞ്ചായത്തിന്റെ രേഖകൾ പ്രകാരം 196 ച.മീ ഉള്ള ടി സ്ഥാപനത്തിന് പുതിയ 2 നില കെട്ടിടത്തിനുനിർമാണ അനുമതി നീട്ടിക്കിട്ടാൻ അപേക്ഷിച്ച പ്ലാൻ പ്രകാരം 4215 ച.മീ യാണ് നിലവിലെ കെട്ടിടങ്ങളുടെ വിസ്തീർണമായി കാണിച്ചിരിക്കുന്നത്. ഈ വിവരം ഗ്രാമപഞ്ചായത്തിനു ലഭിച്ചിട്ടും ഗ്രാമപഞ്ചായത്ത് അറിയാതെ നിർമിച്ച മേൽ കെട്ടിടങ്ങൾക്കെതിരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.<br>2. സഞ്ചയ പ്രകാരം ഈ 7 കെട്ടിടങ്ങളും ഒറ്റ നിലയും കുറഞ്ഞതരം മേൽക്കൂരയുള്ളവയും (ഓട്,ഷീറ്റ്,ഓല,പുല്ല്) സാധാരണ തറ (മൊസൈക്ക്, തറയോട്, സിമന്റ്, റെഡ്) യോടു കൂടിയതുമാണ്. എന്നാൽ പ്രാദേശിക പരിശോധനയിൽ ഈ കെട്ടിടങ്ങളെല്ലാം 2 നിലയോ അധികമോ നിലകളുള്ളവയും മുകളിലെ നിലയുടെ മേൽക്കൂരയൊഴികെ കോൺക്രീറ്റുമാണ്. കെട്ടിടത്തിന്റെ മിക്ക നിലമെല്ലാം മേൽത്തരം ടൈൽ പാകിയതുമാണ്. നിർമാണാനുമതി പുതുക്കിക്കിട്ടാൻ അപേക്ഷിച്ച കെട്ടിടത്തിന്റെ ടൈൽ വർക്കടക്കം പൂർത്തിയായതുമാണ്. ഇതിനു മുകളിലായി വീണ്ടും ഒരു നില കൂടി ഏകദേശം പണി പൂർത്തിയായിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| | | | |
| 6/542<br>6/543<br>6/544<br>6/544എ | പി എം അബ്ദുറഹ്മാൻ മുസ്ലിയാർ<br>ജനറൽ സെക്രട്ടറി, സിറാജുൽ ഹുദാ എഡ്യുക്കേഷൻ കോംപ്ലക്സ് കമ്മറ്റി കുറ്റ്യാടി | 652.16 ച.മീ | 1. ടി സ്ഥാപനം ഗ്രാമപഞ്ചായത്ത് അറിയാതെ നിർമിച്ച മേൽ കെട്ടിടങ്ങൾക്കെതിരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.<br>2. സഞ്ചയ പ്രകാരം 652.16 ച.മീച.മീ ഉള്ള ഈ 3 കെട്ടിടങ്ങളിൽ നമ്പർ 544 പ്രകാരമുള്ള കെട്ടിടമൊഴികെ ബാക്കിയെല്ലാം ഒറ്റ നിലയും സാധാരണ തറ (മൊസൈക്ക്, തറയോട്, സിമന്റ്, റെഡ്) യോടു കൂടിയതുമാണ്. എന്നാൽ പ്രാദേശിക പരിശോധനയിൽ 4 നിലയുള്ള ഓരോ നിലക്കും ഏകദേശം 200 ച.മീ വിസ്തീർണമുള്ള (നമ്പർ544 പ്രകാരമുള്ള കെട്ടിടമൊഴികെ) 2 കെട്ടിടങ്ങ ങ്ങളാണ് ശ്രദ്ധയിൽ പെട്ടത്. 3 കെട്ടിടങ്ങളുടെയും നിലം മേൽത്തരം ടൈൽ പാകിയതാണ്. |
| 12/216 ബി | ബഷീർ,നബീസ പുതിയോട്ടിൽ,മുളിയങ്ങൽ, ചേനോളി,673525 | താഴത്തെ നില-147.37 ച. മീ<br>ഒന്നാം നില-119.25 ച. മീ<br>ആകെ 266.62 ച. മീ | ന്യൂ ബിൽഡിംഗ് രജിസ്റ്റർ പ്രകാരം ഈ വീടിനു 288.37 ച.മീ ആണ് വിസ്തീർണം . 21.75 ച.മീ കുറച്ചാണ് സഞ്ചയയിൽ രേഖപ്പെടുത്തി യിരിക്കുന്നത്. |
| 12/45 | ഡോ: പി കുഞ്ഞിമൊയ്തീൻ | താഴത്തെ നില-98.62 ച. മീ | സ്ഥലപരിശോധനയിൽ ഈ കെട്ടിടത്തിനു 3 നിലകളുള്ളതായി കാണുന്നു. |

3. <u>ഒരേ കെട്ടിടത്തിൽ തന്നെ വിവിധ നമ്പറുകൾ നൽകുന്നു</u>

250 ച.മീ യിൽ കൂടുതലുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിക്കുമ്പോൾ 2013 ലെ വസ്തു നികുതി ഭേദഗതി ചട്ടം ( സ.ഉ (അച്ചടി) നം.88/2013/ത.സ്വ.ഭ.വ തീയതി 13.03.2013) പ്രകാരം മേൽതരം വസ്തുക്കൾ കൊണ്ടാണ് തറ നിർമിതിയെങ്കിൽ അടിസ്ഥാന വസ്തു നികുതിയിൻ മേൽ 15% വർധന വരുത്തണമെന്നുണ്ട്. ബഹുനില കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്കും നിലകൾക്കും വിവിധ നമ്പറുകൾ നൽകുന്നതിനാൽ ഈ കെട്ടിടങ്ങളിൽ നിന്നും ഈ വർധനവ് വരുത്താതെയാണ് നികുതി ഈടാക്കുന്നത്.കൂടാതെ തറകൾക്ക് കാലാകാലം വരുത്തുന്ന മാറ്റങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടാത്തതിനാൽ നികുതി ഇനത്തിൽ ഈ തുക ഗ്രാമപഞ്ചായത്തിനു നഷ്ടമാവുന്നു.

ഉദാഹരണം. സിറാജുൽ ഹുദാ ഇംഗ്ലീഷ് മീഡിയം സ്കൂൾ കെട്ടിടങ്ങൾ

4. <u>കമ്പ്യൂട്ടറൈസേഷൻ സമഗ്രമാവുന്നില്ല</u>

ഗ്രാമപഞ്ചായത്തിൽ കമ്പ്യൂട്ടറൈസേഷൻ നടത്തിയപ്പോൾ വസ്തുനികുതിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ടെന്നാണ് അറിയിച്ചത്. എന്നാൽ 2013-14 മുതലുള്ള വാർഷിക ധനകാര്യ പത്രികകളും 2015-16 വർഷത്തെ മറ്റു രേഖകളും പരിശോധിച്ചതിൽ നിന്നും കമ്പ്യൂട്ടറൈസേഷൻ നടത്തിയതിലെ പൊരുത്തക്കേടുകൾ ആവർത്തിക്കുന്നതായാണ് കാണുന്നത്.

2013-14 വരെയുള്ള വസ്തു നികുതി കലക്ഷൻ പൂർണമാണെന്നും ധനകാര്യ പത്രികയിൽ കാണിക്കുന്ന (ബാലൻസ് ഷീറ്റിലെ ബി 15 ഷെഡ്യൂൾ) താഴെ പറയും പ്രകാരമുള്ള കുടിശ്ശിക കോടതിയിൽ അടച്ചതാണെന്നും ധനകാര്യ പത്രികയിലേക്ക് കൊണ്ടുവരാൻ വൈകിയതിനാലാണ് കുടിശ്ശികയായതെന്നും അറിയിച്ചിരുന്നു.

തൻവർഷ കുടിശ്ശിക (ഗ്രന്ഥശാലാ വരി ഉൾപ്പെടെ) : 337/-

മുൻവർഷ കുടിശ്ശിക (ഗ്രന്ഥശാലാ വരി ഉൾപ്പെടെ) : 5453/-

എന്നാൽ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക പ്രകാരം കുടിശ്ശികയിനത്തിൽ 407364 രൂപ പിരിച്ചെടുത്തിട്ടുണ്ട്. 2013-14 വരെയുള്ള വസ്തു നികുതി കലക്ഷൻ പൂർണമാണെങ്കിൽ ഈ തുക എങ്ങനെയാണ് വന്നതെന്നാരാഞ്ഞതിനു നികുതി പരിഷ്കരണത്തിൽ സർക്കാർ വരുത്തിയ മാറ്റം കാരണം അധികം വന്ന തുക കുടിശ്ശികയിനത്തിൽ ചേർത്തതാണെന്നാണ് ബന്ധപ്പെട്ടവർ മറുപടി പറഞ്ഞത്. എന്നാൽ ആ വർഷത്തെ ബാലൻസ് ഷീറ്റിൽ (ബി 15 ഷെഡ്യൂൾ) 2013-14 വർഷം വരെയുള്ള കുടിശ്ശികയിനത്തിൽ ലൈബ്രറിസെസ് ഉൾപ്പെടെ 88546/- രൂപ പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി കാണിച്ചിട്ടുണ്ട്.

2015-16 ലും തുകകൾ തമ്മിൽ അന്തരം കാണുന്നുണ്ട്. വിശദാംശങ്ങൾ താഴെ നൽകുന്നു.

വസ്തുനികുതികുടിശ്ശിക

കുടിശ്ശിക ഡിമാന്റ്

| 2014-15 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള (ബി 15) കുടിശ്ശിക (ലൈബ്രറി സെസ് ഉൾപ്പെടെ) | 2015-16 വർഷത്തെ ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള കുടിശ്ശിക ഡിമാന്റ് (ലൈബ്രറി സെസ് ഉൾപ്പെടെ) | വ്യത്യാസം |
|---|---|---|
| 88546 | 403647 | 315101 |

കുടിശ്ശിക പിരിവ്

| 2015-16വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള (ആർപി 43) കുടിശ്ശിക പിരിവ് (ലൈബ്രറി സെസ് കൂടാതെ) | 2015-16 വർഷത്തെ ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള കുടിശ്ശിക പിരിച്ചത് | വ്യത്യാസം |
|---|---|---|
| 52436/- | 52436/- | വ്യത്യാസമില്ല |

വർഷാന്ത്യ കുടിശ്ശിക

| 2014-15 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള (ബി 15) വർഷാന്ത്യ കുടിശ്ശിക (ലൈബ്രറി സെസ് ഉൾപ്പെടെ) | 2015-16 വർഷത്തെ ഡിമാന്റ് രജിസ്റ്റർ പ്രകാരം മുൻബാക്കി കുടിശ്ശിക (ലൈബ്രറി സെസ് ഉൾപ്പെടെ | വ്യത്യാസം |
|---|---|---|
| 103878/- | 348589/- | 244711 |

തൻവർഷ വസ്തു നികുതി

ഡിമാന്റ്

| 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള (ഐ 1) തൻവർഷ ഡിമാന്റ് | 2015-16 വർഷത്തെ ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള തൻവർഷ ഡിമാന്റ് | വ്യത്യാസം |
|---|---|---|
| 1551297/- | 1551297/- | ഇല്ല |

തൻവർഷ നികുതി പിരിവ്

| 2015-16വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള (ആർപി 43) തൻവർഷ പിരിവ് | 2015-16 വർഷത്തെ ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള തൻവർഷ പിരിവ് | വ്യത്യാസം |
|---|---|---|

| | | |
|---|---|---|
| | | |
| 1262492/- | 1262492/- | വ്യത്യാസമില്ല |

തൻവർഷ നികുതി കുടിശ്ശിക

| വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള (ബി 15) വർഷാന്ത്യ കുടിശ്ശിക (ലൈബ്രറി സെസ് ഉൾപ്പെടെ) | 2015-16 വർഷത്തെ ഡിമാന്റ് രജിസ്റ്റർ കുടിശ്ശിക (ലൈബ്രറി സെസ് ഉൾപ്പെടെ | വ്യത്യാസം |
|---|---|---|
| 303358/- | 303244/- | 114/- |

5. സർക്കാർ ഉത്തരവിനനുസൃതമായി സഞ്ചയയിൽ മാറ്റം വരുന്നില്ല

27.04.2015 ലെ സ.ഉ (കൈ)നം.144/2015/ത.സ്വ.ഭ.വ പ്രകാരം 660 ചതുരശ്ര അടി വരെയുള്ള വാസഗൃഹങ്ങൾക്ക് വസ്തു നികുതി ഒഴിവാക്കി കൊടുത്തിട്ടുണ്ട്. പിന്നീട് 16.12.2015 ലെ സ.ഉ (കൈ)നം.358/2015/ത.സ്വ.ഭ.വ പ്രകാരം ഇതിനു സ്പഷ്ടീകരണവും പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം നിർദേശിക്കുന്ന മാറ്റങ്ങൾ 10 ദിവസത്തിനകം സോഫ്റ്റ് വെയറിൽ വരുത്തണമെന്നു ഈ ഉത്തരവിലെ ക്രമ നം 6 പ്രകാരം നിർദേശിക്കുന്നുണ്ട്. എന്നാൽ ഈ മാറ്റങ്ങൾ മാസങ്ങൾ എടുത്താണ് സഞ്ചയയിൽ വരുത്തിയിരിക്കുന്നത്.

6. മൊബൈൽ ടവറിനു നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 4 മൊബൈൽ ടവറുകളുടെയും നികുതി ഈടാക്കുന്നില്ല. അനുബന്ധകെട്ടിടങ്ങളുടെ നികുതി മാത്രമേ ഈടാക്കുന്നുള്ളൂ.

7. വാണിജ്യ ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളുടെ എണ്ണവും ഡി ആന്റ് ഒ ലൈസൻസ് എടുത്ത കെട്ടിടങ്ങളും തമ്മിൽ വൻ അന്തരം

ഗ്രാമപഞ്ചായത്ത് സമർപ്പിച്ച രേഖകൾ പ്രകാരം 1261 കെട്ടിടങ്ങൾ വാണിജ്യാവശ്യങ്ങൾക്കായി നിർമിച്ചവയാണ്. എന്നാൽ 231 സ്ഥാപനങ്ങൾക്കേ ഡി ആന്റ് ഒ ലൈസൻസ് ഉള്ളൂ. ബാക്കി 1230 കെട്ടിടങ്ങളുടെ ഉപയോഗതരം മാറ്റിയോ അല്ലെങ്കിൽ അവയിൽ ഡി ആന്റ് ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നത് വ്യക്തമല്ല.

8. സോഫ്റ്റ് വെയറിലെ പ്രശ്നങ്ങൾ

ഗ്രാമപഞ്ചായത്തിലെ കെട്ടിട നികുതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യപ്പെടുന്ന സാംഖ്യ,സഞ്ചയ എന്നീ സോഫ്റ്റ് വെയറുകളിൽ നിന്നും താഴെ പറയുന്ന വിവരങ്ങൾ നേരിട്ട് ലഭ്യമാകുന്നില്ല.

1. വിവിധ ക്രൈറ്റീരിയകൾ നല്കി അതിനനുസരിച്ചുള്ള റിപ്പോർട്ടുകൾ ലഭ്യമാകുന്നില്ല.

ഉദാഹരണം : ആകെ വാണിജ്യ കെട്ടിടങ്ങളുടെ എണ്ണം, നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ എണ്ണം തുടങ്ങിയവ

2. വസ്തു നികുതി കുടിശ്ശികയിനത്തിൽ തൻവർഷം എത്ര രൂപ പിരിക്കാനുണ്ട്

3. തൻവർഷം എത്ര രൂപ ലൈബ്രറി സെസ് ഇനത്തിൽ പിരിക്കാനുണ്ട്.

4. തൻവർഷനികുതിയുമായി ബന്ധപ്പെട്ട് എത്ര രൂപ ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചു.

5. ലൈബ്രറി സെസ് കൂടാതെ തൻവർഷ നികുതിയിനത്തിലും കുടിശ്ശികയിനത്തിലും എത്ര രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

സഞ്ചയ പ്രകാരം ഫ്ലാറ്റുകൾക്ക് വാസഗൃഹങ്ങളുടെ നികുതിയേ ഈടാക്കാൻ സാധിക്കുന്നുള്ളൂ. ഇതു കാരണം പഞ്ചായത്തിനിനു വസ്തു നികുതി ഇനത്തിൽ നഷ്ടം സംഭവിക്കുന്നു.
മേൽ സോഫ്റ്റ് വെയറുകൾ കൈകാര്യം ചെയ്യാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥനു യാതൊരു പരിശീലനവും ലഭ്യമാക്കാത്തതും പോരായ്മയാണ്.

9. നിശ്ചിത മാതൃകയിലുള്ള രജിസ്റ്ററുകൾ ഉപയോഗിക്കുന്നില്ല.

04.06.2013 ലെ (എം.എസ്)നമ്പർ 210/2013/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ ഗ്രാമപഞ്ചായത്തുകളിൽ 2011 ലെ

കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരമുള്ള വസ്തു നികുതി പരിഷ്കരണ നടപടി ക്രമങ്ങൾ നടത്തി കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കേണ്ട സമയക്രമങ്ങൾ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം പഞ്ചായത്ത് പരിധിയിൽ 14.01.2011 മുതൽ നിർമ്മിക്കുന്ന പുതിയ കെട്ടിടങ്ങൾക്ക് പ്രസ്തുത തീയ്യതി മുതലും, 14.01.2011 ന മുമ്പ് നിർമ്മിച്ചവയും നിലവിൽ പഞ്ചായത്ത് വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതുമായ കെട്ടിടങ്ങൾക്ക് 01.04.2013 മുതൽ പ്രാബല്യത്തിലും പുതിയ നിരക്കിലുള്ള നികുതി നിരക്കുകൾ ഈടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ വസ്തു നികുതി പരിഷ്കരണം നടത്തി പുതിയ രീതിയിൽ നികുതി ഈടാക്കുന്നതിനായി 14.12.2011 ലെ ഭരണസമിതി യോഗത്തിൽ തീരുമാനിച്ചതിന്റെ [നം.119/2011] അടിസ്ഥാനത്തിൽ കെട്ടിട ഉടമകളോട് വസ്തു നികുതി റിട്ടേൺ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് പൊതു നോട്ടീസ് സെക്രട്ടറി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങളിൽ നിന്നും പുതുക്കിയ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നുണ്ടെങ്കിലും, പഞ്ചായത്തിൽ സൂക്ഷിക്കേണ്ട വസ്തു നികുതി നിർണ്ണയ റിട്ടേൺ രജിസ്റ്റർ (ഫോറം നം.3), ,ഒഴിവായി കിടക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ഇളവ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, ഡെമോളിഷ്ഡ് ബിൽഡിംഗ് രജിസ്റ്റർ, വിമുക്ത ഭടൻമാർക്ക് ഇളവ് വൻകിയതുമായി ബന്ധപ്പെട്ട രജിസ്റ്റർ തുടങ്ങിയവ മാന്വലായോ, കമ്പ്യൂട്ടർ പ്രിന്റഡ് രജിസ്റ്ററോ സൂക്ഷിക്കുന്നില്ല.

വസ്തു നികുതി നിർണയത്തിൽ കുറവു വന്ന കെട്ടിടങ്ങളുടെ നികുതി അടിയന്തിരമായി പുനർനിർണയിക്കേണ്ടതും ചട്ടത്തിൽ നിർദേശിച്ച രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതും മറ്റ് അപാകതകൾക്ക് പരിഹാരം കാണേണ്ടതുമാണ്.

## 2-4 കെട്ടിട നിർമാണ അനുമതി പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ

1. അനധികൃത നിർമാണങ്ങൾ ഗ്രാമപഞ്ചായത്ത് അറിയുന്നില്ല

ഗ്രാമപഞ്ചായത്തിൽ നടക്കുന്ന അനധികൃത നിർമാണങ്ങൾ ഉത്തരവാദപ്പെട്ടവർ പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യുകയോ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കുകയോ ചെയ്യുന്നില്ല. ഗ്രാമപഞ്ചായത്തിൽ ലഭിച്ച കെട്ടിട നിർമാണാനുമതി നീട്ടിക്കിട്ടാനുള്ള അപേക്ഷ സമർപ്പിച്ച നൊച്ചാട് എച്ച് എച്ച് എസ് എസിലും (ഫയൽ നം 4889/16 അപേക്ഷ തീയതി 11.07.2016) , സിറാജുൽ ഹുദാ ഇംഗ്ലീഷ് മീഡിയം സ്കൂളിലും സ്ഥല പരിശോധന നടത്തിയതിൽ താഴെ പറയുന്ന അപാകതകൾ കാണാൻ സാധിച്ചു.

i. നൊച്ചാട് എച്ച് എച്ച് എസ് എസിൽ പെർമിറ്റ് നീട്ടിക്കിട്ടാൻ ആവശ്യപ്പെട്ട കെട്ടിടങ്ങളുടെ പണി ടൈൽ വർക്കടക്കം പൂർത്തിയായിട്ടുണ്ട്. ഈ കെട്ടിടത്തിന്റെ മൂന്നാം നിലയുടെ പണി ഏകദേശം പൂർത്തിയായിട്ടുണ്ട്. ഈ മൂന്നാം നിലയുടെ നിർമാണത്തിനു അനുമതി തേടുക പോലും ചെയ്തതിട്ടില്ല.

ii. സിറാജുൽ ഹുദാ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ അനധികൃതമായി നിർമാണം നടക്കുന്നു. എന്നാൽ ഈ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 138 പ്രകാരമുള്ള അധികാരങ്ങൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പ്രയോഗിച്ചിട്ടുമില്ല.

2. കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷാ രജിസ്റ്ററിന്റെ സൂക്ഷിപ്പ്

കെട്ടിട നിർമ്മാണ പെർമ്മിറ്റിനുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി നികുതി അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നതുവരെയുള്ള വിവരങ്ങൾ ലഭ്യമാകുന്ന കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷാ രജിസ്റ്ററിലെ എല്ലാ കോളങ്ങളും പൂരിപ്പിക്കുന്നില്ല. ഇതു മൂലം പൂർത്തീകരണ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന മുറക്ക് കെട്ടിട നമ്പർ നൽകി നികുതി യഥാകാലം നികുതി ചുമത്തപ്പെടുന്നുണ്ടോ എന്നത് ഉറപ്പുവരുത്താൻ പ്രയാസമാണ്.

3. റഗുലറൈസ് ചെയ്ത കെട്ടിടങ്ങളെ സംബന്ധിച്ച രജിസ്റ്ററിന്റെ സൂക്ഷിപ്പ്

കെ.പി.ബി.ആർ 2011, ചട്ടം 137(3) പ്രകാരം അനുബന്ധം - ജെ ഫോറത്തിൽ സൂക്ഷിക്കേണ്ട റഗുലറൈസ് ചെയ്ത കെട്ടിടങ്ങളെ സംബന്ധിച്ച പ്രത്യക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷാ രജിസ്റ്ററിൽ തന്നെ റഗുലറൈസേഷൻ സംബന്ധിച്ച പൂർണമായി രേഖപ്പെടുത്തുന്നമില്ല.

4. കെട്ടിട നിർമ്മാണ അപേക്ഷകളുടെ കമ്പ്യൂട്ടറെസേഷൻ നടപ്പാക്കിയില്ല.

04.10.2013 ലെ (സാധാ)2465/2013/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കെട്ടിട നിർമ്മാണങ്ങൾക്കായിട്ടുള്ള അപേക്ഷകൾക്ക് അനുമതി നൽകുമ്പോൾ ഐ.കെ.എം. വികസിപ്പിച്ച " സങ്കേതം " സോഫ്റ്റ് വെയർ വിന്യസിച്ച് നടപ്പാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നെങ്കിലും മേൽ നിർദ്ദേശം പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല. 16.12.2013 ലെ 73576/ആർ.എ.-1/2013 നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിട നിർമ്മാണങ്ങൾക്കായി ലഭിക്കുന്ന അപേക്ഷകളെക്കുറിച്ചുള്ള വിവരങ്ങൾ, കെട്ടിട നിർമ്മാണനുമതി, അവ നൽകുന്നതിലെ കാലതാമസം തുടങ്ങിയവ സ്ഥാപനത്തിന്റെ ഔദ്യോഗിക വെബ് സൈറ്റിലും

പ്രസിദ്ധീകരിക്കുവാൻ സർക്കാർ നിർദ്ദേശ്ശിച്ചിരുന്നെങ്കിലും ആയതും നടപ്പാക്കുന്നില്ല.

മേൽ സൂചിപ്പിച്ച കെട്ടിടങ്ങൾക്കെതിരിലും അനുമതിയില്ലാതെ നിർമാണം നടത്തുന്ന മറ്റ് കെട്ടിടങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തിയും 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 138 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മറ്റു അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 2-5 തൊഴിൽ നികുതി : ശ്രദ്ധയിൽ പെട്ട അപാകതകൾ

2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി, നൊച്ചാട് ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കി സൂക്ഷിച്ച ഫോറം V രജിസ്റ്റർ തൊഴിൽ നികുതി റിട്ടേണുകൾ എന്നിവ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, 1996ലെ കേരളാ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ ഭേദഗതി ഉത്തരവ് ജി ഒ.(പി) 143/08/ ത. സ്വ. ഭ. വ തീയ്യതി 27.5.08 എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. സ്ഥാപന രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ തൊഴിലാളികളുടെ തൊഴിൽനികുതി ഈടാക്കുകയോ ചെയ്തില്ല.

ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിൽ ധാരാളം പേർ ജോലി ചെയ്യുന്നുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളുടെ പേരുവിവരങ്ങൾ സ്ഥാപന രജിസ്റ്ററിൽ ചേർക്കുകയോ തൊഴിലാളികളുടെ തൊഴിൽ നികുതി രണ്ട് അർധവർഷങ്ങളിലും ഈടാക്കുകയോ ചെയ്തിട്ടില്ല.

1. വാളൂർ ക്ഷീരോൽപാദക സഹകരണ സംഘം
2. തയ്യുള്ള പറമ്പിൽ മുക്ക് ക്ഷീരോൽപാദക സഹകരണ സംഘം
3. വെള്ളിയൂർ ക്ഷീരോൽപാദക സഹകരണ സംഘം
4. രയരോത്ത് മുക്ക് ക്ഷീരോൽപാദക സഹകരണ സംഘം
5. കള്ള് ഷാപ്പ് നമ്പർ 9 (ഉടമ : രാജൻ എം പരപ്പിൽ)
6. കൽപത്തൂർ ക്ഷീരോൽപാദക സഹകരണ സംഘം
7. സമത പ്രോഡക്ഷൻ യൂനിറ്റ്
8. ടർക്കിഷ് റസ്റ്റോറന്റ്
9. പുളിയോട്ടു മുക്ക് ഈർച്ച മിൽ
10. നൊച്ചാട് ക്വാറി
11. കള്ള് ഷാപ്പ് നമ്പർ 10 (ഉടമ : രാജൻ എം പരപ്പിൽ)
12. അമൃതം ഭക്ഷ്യോൽപന്ന നിർമാണം.

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി റിട്ടേൺ ആവശ്യപ്പെടുകയോ കുടിശ്ശിക വിവരം 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ കാണിക്കുകയോ ചെയ്തിട്ടില്ല. വാർഷികധനകാര്യപത്രിക പ്രകാരം 2015-16 വർഷത്തെ തൊഴിലാളികളുടെ തൊഴിൽ നികുതി ഇനത്തിലെ ഡിമാന്റും വരവും തുല്യമാണ് (652910/- രൂപ).

2. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം ആകെയുള്ള 231 സ്ഥാപനങ്ങളിൽ 4 എണ്ണത്തിൽ നിന്നും താഴെ പറയുന്ന ക്ഷീര സഹകരണ സംഘങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയില്ല.

1. വാളൂർ ക്ഷീരോൽപാദക സഹകരണ സംഘം
2. തയ്യുള്ള പറമ്പിൽ മുക്ക് ക്ഷീരോൽപാദക സഹകരണ സംഘം
3. വെള്ളിയൂർ ക്ഷീരോൽപാദക സഹകരണ സംഘം
4. കൽപത്തൂർ ക്ഷീരോൽപാദക സഹകരണ സംഘം

3 സ്ഥാപന രജിസ്റ്റർ യഥാവിധി സൂക്ഷിക്കുന്നില്ല.

ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 231സ്ഥാപനങ്ങളുള്ള പഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ 38സ്ഥാപനങ്ങളുടെ പേരുവിവരങ്ങൾ മാത്രമേ ചേർത്തിട്ടുള്ളൂ. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം

വകുപ്പ് 205ഇ, ഉപവകുപ്പ് (1) പ്രകാരം സെക്രട്ടറി ഓരോ വർഷവും ഏപ്രിൽ മാസത്തിൽ നോട്ടീസ് മൂലം പഞ്ചായത്ത് പരിധിയിലുള്ള ഓരോ ഓഫീസ് മേധാവിയോടും, വകുപ്പ് 205 ഡി പ്രകാരം തൊഴിൽ നികുതി ഈടാക്കാൻ ബാദ്ധ്യസ്ഥനായ ആളോടും തന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളുടേയോ സ്ഥാപനങ്ങളുടേയോ പേരുകളും മേൽവിലാസങ്ങളും നോട്ടീസിൽ നിർദ്ദേശ്ശിക്കുന്ന സമയത്തിനുള്ളിൽ ആവശ്യപ്പെടേണ്ടതാണ്. ഉപവകുപ്പ് (3) പ്രകാരം സെക്രട്ടറി പ്രസ്തുത തരത്തിൽ ലഭ്യമായ വിവരങ്ങൾ ആ ആവശ്യത്തിലേക്കായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ഓഫീസുകളുടേയും, സ്ഥാപനങ്ങളുടേയും പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷത്തിൽ പഞ്ചായത്തിൽ പ്രസ്തുത രീതിയിലുള്ള രജിസ്റ്റർ എഴുതി സൂക്ഷിച്ചില്ല.

4. <u>റിട്ടേണുകൾ സമർപ്പിക്കുന്നില്ല</u>

1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരമുള്ള ഫോറം VI പ്രകാരമുള്ള നോട്ടീസ് വ്യാപാരസ്ഥാപനങ്ങൾക്ക് നൽകുകയോ വ്യാപാരസ്ഥാപനങ്ങൾ റിട്ടേൺ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ചട്ടം 16 (2) പ്രകാരം തൊഴിലുടമ/ഓഫീസ് തലവൻ ഫോറം II ലാണ് റിട്ടേൺ സമർപ്പിക്കേണ്ടത്. ഇതേചട്ടങ്ങളിലെ ചട്ടം 16 (4) പ്രകാരം തൊഴിലുടമ ഫോറം IIൽ റിട്ടേൺ നല്കിയാൽ മാത്രമേ സെക്രട്ടറി തൊഴിൽ നികുതി നിർണയം ആരംഭിക്കേണ്ടതുള്ളൂ. എന്നാൽ പല സ്ഥാപനങ്ങളും ഫോറം II ൽ റിട്ടേൺ നല്കിയിട്ടില്ല. ഫോറം IIൽ ഉൾപ്പെട്ടിട്ടുള്ള പല വിവരങ്ങളും ഉൾപ്പെടുത്താനിടമില്ലാത്ത ഫോറത്തിലാണ് മിക്ക സ്ഥാപനങ്ങളും റിട്ടേൺ നല്കിയിരിക്കുന്നത്. റിട്ടേൺ സമർപ്പിക്കാത്ത വ്യാപാരസ്ഥാപനങ്ങളിൽ നിന്ന് ഡി ആന്റ് ഒ ലൈസൻസ് അപേക്ഷയിൽ കാണിക്കുന്ന വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി ചുമത്തിയിരിക്കുന്നത്. ഇക്കാരണത്താൽ ഓരോ സ്ഥാപനത്തിലും എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നും അവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോ എന്നൊന്നും വ്യക്തമല്ല. ഒന്നിലധികം പേർ ജോലി ചെയ്യുന്ന പല വ്യാപാരസ്ഥാപനത്തിൽ നിന്നും തൊഴിലാളികളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഡി ആന്റ് ഒ രജിസ്റ്റർ പ്രകാരം ധാരാളം വലിയ സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ടി സ്ഥാപനങ്ങളിലെ തൊഴിലാളികളിൽ നിന്നും നികുതി ഈടാക്കിയിട്ടില്ല.

5. <u>സി.ബി.എസ്.ഇ. സ്കൂളുകളിൽ നിന്ന് കുറഞ്ഞ നികുതി ഈടാക്കുന്നു</u>

സി.ബി.എസ്.ഇ. അഫിലിയേഷനോടു കൂടി ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന സ്കൂളുകളിലെ ജീവനക്കാരിൽ നിന്നും നാല് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. 1988ലെ സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷന്റെ (സി.ബി.എസ്.ഇ) അഫിലിയേഷൻ വ്യവസ്ഥകൾ പ്രകാരം ഇന്ത്യയിൽ പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ. സ്കൂളുകളിലെ ജീവനക്കാർക്ക് അതേ തസ്തികയിൽ ജോലി ചെയ്യുന്ന സംസ്ഥാന സർക്കാർ സ്കൂളുകളിലെ ജീവനക്കാർക്ക് നൽകുന്ന ശമ്പള സ്കെയിലിലെ വേതനവും, ആനുകൂല്യങ്ങളും നൽകണമെന്നാണ് നിർദ്ദേശമുള്ളത് [അഫിലിയേഷൻ ബൈലോയിലെ ഖണ്ഡിക 3(v)കാണുക]. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിച്ചിരുന്ന സിറാജുൽ ഹുദാ ഇംഗ്ലീഷ് മീഡിയം സ്കൂൾ മേധാവി സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകളിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ വേതന വിവരങ്ങൾ പരിശോധിച്ചതിൽ ജീവനക്കാർക്ക് സംസ്ഥാന സർക്കാർ നിർദ്ദേശിച്ച നിരക്കിൽ ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. മേൽ വിവരിച്ച ബൈലോയിലെ ഖണ്ഡിക നം. 8(5) പ്രകാരം ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ. സ്കൂളുകളുടെ പശ്ചാത്തല സൗകര്യങ്ങൾ എല്ലാ 5 വർഷവും കൂടുമ്പോൾ സാക്ഷ്യപ്പെടുത്തി നൽകേണ്ടത് അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളാണ്. ഖണ്ഡിക13(3) പ്രകാരം ഏതൊരു സംസ്ഥാന/ കേന്ദ്ര/ലോക്കൽ അതോറിറ്റി ആവശ്യപ്പെടുന്ന വിവരങ്ങളും സമയ പരിധിക്കുള്ളിൽ നൽകാൻ സ്കൂൾ അധികാരികൾ ബാധ്യസ്ഥരാണ്. പഞ്ചായത്തിൽ നിന്നും സ്ഥാപന മേധാവികൾക്ക് നോട്ടീസ് നൽകി ജീവനക്കാരുടെ വിവരങ്ങൾ നൽകാൻ ആവശ്യപ്പെട്ടിട്ടും പ്രസ്തുത വിവരങ്ങൾ നൽകാതിരിക്കുന്നത് നിയമലംഘനമാണ്.

സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന - തൊഴിലാളി തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കേണ്ടതാണ്. കുടിശ്ശിക വിവരം കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ടോയെന്ന് സ്ഥാപന മേലധികാരി ഉറപ്പു വരുത്തേണ്ടതാണ്. കുറ്റമറ്റ സ്ഥാപന രജിസ്റ്റർ തയ്യാറാക്കേണ്ടതും ഡി & ഒ ലൈസൻസ് നൽകപ്പെട്ട സ്ഥാപനങ്ങളും വർഷാവർഷം നിർമാണം പൂർത്തിയാവുന്ന കെട്ടിടങ്ങളും അതിലുൾപ്പെട്ടു എന്നുറപ്പ് വരുത്തേണ്ടതുമാണ്. മറ്റു അപാകതകൾ ആവർത്തിക്കാതിരിക്കാൻ സത്വര ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

## **2-6** <u>കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കാതെ ഭവന നിർമ്മാണ/പുനരുദ്ധാരണങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നു.</u>

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 4(1)(2) പ്രകാരം ഏതൊരാളും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ആദ്യമേ തന്നെ ഒരു അനുവാദപത്രം (Permit) കെട്ടിട നിർമ്മാണ പെർമിറ്റ് കരസ്ഥമാക്കാതെ

ഏതെങ്കിലും കെട്ടിടം നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ, കെട്ടിടത്തിന് വ്യതിയാനം വരുത്തുകയോ ചെയ്യാൻ പാടില്ലാത്തതാണ്. ചട്ടം 4(3) പ്രകാരം ഒരു കെട്ടിടത്തിനെ ഒരു ഒക്യൂപൻസി (വിനിയോഗ) വിഭാഗത്തിൽ നിന്നും മറ്റൊരു ഒക്യൂപൻസി വിഭാഗമായി മാറ്റുമ്പോഴും സെക്രട്ടറിയുടെ മുൻകൂർ അനുമതി വാങ്ങിച്ചിരിക്കണം. എന്നാൽ പഞ്ചായത്തിൽ നിന്നും സബ്സിഡി അനുവദിച്ച് ഗുണഭോക്താക്കൾ നിർമ്മിക്കുന്ന ഭവന നിർമ്മാണങ്ങൾക്കും, പുനരുദ്ധാരണങ്ങൾക്കും പ്രസ്തുത ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല. സെക്രട്ടറിയുടെ മുൻകൂർ അനുമതി ലഭ്യമാക്കാതെയാണ് ഗുണഭോക്താക്കൾ പ്രവർത്തികൾ ആരംഭിക്കുന്നത്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പദ്ധതി പേര്, നമ്പർ |
|---|---|
| 1 | ഭവന നിർമ്മാണം (ജനറൽ), 18/15-16 |
| 2 | വികലാംഗർക്ക് ഭവന നിർമ്മാണം, 20/15-16 |
| 3 | ഭവന നിർമ്മാണം (പട്ടിക ജാതി വിഭാഗം), 21/15-16 |
| 4 | ഭവന നിർമ്മാണം (വനിത), 22/15-16 |
| 5 | ഭവന പുനരുദ്ധാരണം (ജനറൽ), 24/15-16 |
| 6 | ഭവന പുനരുദ്ധാരണം, 24/15-16 |

പഞ്ചായത്തിൽ നിന്നും സബ്സിഡികൾ അനുവദിച്ച് നിർമ്മിക്കുന്ന കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമായിരുന്നിട്ടും ആയതിന് പെർമ്മിറ്റ് നൽകാതെ കെട്ടിട നിർമ്മാണനുമതി നൽകിയത് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനമാണ്. പഞ്ചായത്ത് പരിധിയിൽ സെക്രട്ടറിയുടെ നിർമ്മാണ അനുമതിയില്ലാതെ കെട്ടിടങ്ങൾ നിർമ്മിക്കുന്നത് വിശദമായ പരിശോധന നടത്തി അധികൃതമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 പഞ്ചായത്ത് പരിധിയിൽ സെക്രട്ടറിയുടെ അനുമതിയില്ലാതെ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നു.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209(ബി,സി) എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പരിധി പ്രദേശത്ത് ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയോ, ഉറപ്പിച്ചുവയ്ക്കുകയോ ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദം ആവശ്യമാണ്. സെക്രട്ടറിയുടെ അനുവാദമില്ലാതെ യാതൊരു തരത്തിലുള്ള പരസ്യങ്ങളും പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല. വകുപ്പ് 209(ഡി) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ പരസ്യങ്ങൾക്ക് ചുമത്താവുന്ന ഏതൊരു നികുതിയും പിരിക്കാനുള്ള അവകാശം സെക്രട്ടറിക്ക് വകുപ്പ് 256 പ്രകാരം ഉണ്ടാക്കിയ ബൈലാകളിൽ വ്യവസ്ഥ ചെയ്യാപ്പെടാവുന്ന ഉപാധികളിൻമേലും നിബന്ധനകളിൻമേലും ഒരു പ്രാവശ്യം ഒരു വർഷത്തിൽ കവിയാത്ത ഏതൊരു കാലത്തേക്കും കുത്തകയ്ക്ക് കൊടുക്കാവുന്നതാണ്. പഞ്ചായത്ത് ഡയറക്ടറുടെ 10.08.2005 ലെ സി/5/15853/04 നമ്പർ സർക്കുലറിലൂടെ ഗ്രാമപഞ്ചായത്തുകളിൽ പരസ്യ നികുതി ഈടാക്കുന്നതിനു വേണ്ടിയുള്ള മാതൃകബൈലാ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്.

പഞ്ചായത്ത് പരിധിയിലെ വിവിധ പ്രദേശങ്ങളിൽ പ്രദർശിപ്പിച്ച പരസ്യങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് ആയവ സ്ഥാപിച്ചതിനെ തുടർന്ന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആരാഞ്ഞു നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിനു (5/14.11.2016) 01.10.2016 ലെ 151/16 നമ്പർ തീരുമാന പ്രകാരം ഭരണസമിതി ബൈലോ അംഗീകരിച്ചിട്ടുണ്ടെന്നും 27.10.2016 തീയതി മുതൽ 30 ദിവസ സമയം നൽകി ആക്ഷേപങ്ങൾ സ്വീകരിക്കാൻ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും അറിയിക്കുകയും കരട് ബൈലോ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്.

2005 ൽ മാതൃകാ ബൈലോ സർക്കാർ പ്രസിദ്ധീകരിച്ചിട്ടും , സംസ്ഥാന പാത കടന്നു പോവുന്ന പഞ്ചായത്തായിട്ടും ഇത്രയും കാലം പരസ്യനികുതി ഈടാക്കാതിരുന്നത് അപാകതയായി ഓഡിറ്റ് കാണുന്നു. പ്രസിദ്ധീകരിച്ച കരട് ബൈലോ പരമാവധി വേഗത്തിൽ സർക്കാർ അംഗീകാരം വാങ്ങി നടപ്പിൽ വരുത്താനും അനധികൃത പരസ്യങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 2-8 സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള നികുതി ഈടാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസ്റ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം.27 പ്രകാരം പഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവനഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം.29 പ്രകാരം പ്രത്യേക സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവനഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടിക്രമങ്ങൾ പൂർത്തീകരിച്ചില്ല. 2015-16 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും ഏർപ്പെടുത്തിയ സേവനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഏർപ്പെടുത്തിയ സേവനങ്ങൾ | ചെലവഴിച്ച തുക |
|---|---|
| മാലിന്യ നിർമ്മാർജ്ജനം | (തനത് ഫണ്ട്)38,150<br>1,65,000 |
| തെരുവ് വിളക്ക് കത്തിക്കൽ | 1,42,200 |
| ആകെ | 3,45,350 |

നിയമപരമായി പഞ്ചായത്ത് ഫണ്ടിന് ലഭിക്കേണ്ട സേവന ഉപനികുതി ഈടാക്കുവാൻ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതും, അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ആശ്രയ ഗുണഭോക്താക്കളെ പരിഗണിക്കാതെ ഭവന പദ്ധതികൾ നടപ്പാക്കുന്നു.

ഗ്രാമപ്രദേശങ്ങളിൽ വസിക്കുന്ന നിരാശ്രയരും, നിരാലംബരുമായ കുടുംബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് കര കയറ്റുന്നതിനും, അവരുടെ പുനരധിവാസം നടത്തുന്നതിനുമായിട്ടാണ് പത്താം പഞ്ചവൽസര പദ്ധതിയിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയ ആശ്രയ പരിപാടിയുടെ നടത്തിപ്പിനുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ചത്. [സ.ഉ.(എം.എസ്)71/2003/പ്ലാനിംഗ്, തീയ്യതി.12.11.2003, സ.ഉ(എം.എസ്)12/2010/ത.സ്വ.ഭ.വ]. 28.01.2004 ലെ 1344/എ.1/2004/പ്ലാനിംഗ് നമ്പർ സർക്കുലറിലൂടെ ആശ്രയ പദ്ധതികളിൽ ഉൾപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും ധനസഹായം നൽകുന്നതിന് മറ്റ് വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള പ്രക്രിയ ബാധകമല്ലെന്ന് സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.

16.11.2013 ലെ (എം എസ്) 362/2013 ത.സ്വ.ഭ.വ നമ്പർ ഉത്തരവ് അനുബന്ധം 14 ഖ. 6.7(i) പ്രകാരം ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നൽകാൻ പാടുള്ളൂ. ഇതേ ഉത്തരവ് അനുബന്ധം 14 ഖ. 6.8 (i); അനുസരിച്ച് ഭവന രഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ ധനസഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നൽകണം. അതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ. (ii) അനുസരിച്ച് അഗതി കുടുംബങ്ങളുടെ ഭവന നിർമ്മാണം അയൽക്കൂട്ടങ്ങളെ

ഏൽപ്പിക്കണം. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലും ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ഭവനനിർമ്മാണത്തിനായി സ്ഥലം, ഭവനം എന്നിവ ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് വർഷത്തിലും മുൻവർഷങ്ങളിലും പഞ്ചായത്ത് നടപ്പാക്കിയ ഭവന പദ്ധതികളിൽ വിവധ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി ധനസഹായങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. മുൻവർഷങ്ങളിൽ നടപ്പാക്കിയ ഇ.എം.എസ്.ഭവന പദ്ധതിയിലും മേൽ ഗുണഭോക്താക്കളെ പരിഗണിച്ചിട്ടില്ല. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് സ്ഥലം, ഭവനം എന്നിവ ലഭ്യമാക്കാത്തതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| | 1st പ്രൊജക്ട്, 2005 | 2nd പ്രൊജക്ട്, 2013 |
|---|---|---|
| വീടുവയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 2 | --- |
| നാളിതുവരെ ലഭിച്ചവർ | --- | --- |
| വീട് ആവശ്യമുള്ളവർ | 23 | 12 |
| നാളിതുവരെ ലഭിച്ചവർ | 13 | --- |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 8 | 13 |
| നാളിതുവരെ ലഭിച്ചവർ | 6 | --- |
| കക്കൂസ് ആവശ്യമുള്ളവർ | 12 | 11 |
| നാളിതുവരെ ലഭിച്ചവർ | 3 | ---- |

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരെന്നും, ദുർബലരെന്നും പഞ്ചായത്ത് അധികാരികൾ തന്നെ പരിശോധിച്ച് ഉറപ്പ് വരുത്തിയ പ്രസ്തുത വിഭാഗക്കാരുടെ ഇല്ലായ്മകൾ പൂർണ്ണമായി പരിഹരിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കാതിരിക്കുന്നത് ശരിയായ നടപടിയല്ല. സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രത്യേക പരിഗണന നൽകി സംരക്ഷിക്കേണ്ട ഗുണഭോക്താക്കളെ ഒഴിവാക്കി ഭവന പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ആശ്രയ ഗുണഭോക്താക്കൾക്ക് അർഹമായ പരിഗണന നൽകിയതിനു ശേഷം ജനറൽ പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കേണ്ടതാണ്.

## 3-2 പി.എച്ച്.സി. സബ് സെന്ററുകളിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ
പ്രോജക്ട് പേര്, നമ്പർ - പി.എച്ച് .സി. സബ് സെന്ററുകളിലേക്ക് ഉപകരണങ്ങൾ വാങ്ങൽ, 90/15-16
അടങ്കൽ തുക, ഫണ്ട് തരം - 1,20,000/- (സംരക്ഷണ ഗ്രാന്റ് റോഡിതരം)
ചെലവ് തുക – 1,20,000/- [ബിൽ നം. 10/15-16, തീയ്യതി - 30.03.2016]

ആരോഗ്യ വകുപ്പിൽ നിന്നും ഗ്രാമപഞ്ചായത്തിന് കൈമാറികിട്ടിയ സബ്സെന്ററുകളിലേക്ക് കംമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകി മേൽ സ്ഥാപനങ്ങളുടെ പ്രവർത്തന നിലവാരം ഉയർത്തുന്നതിനായിട്ടാണ് പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. ഇതിനായി മേൽ വിവരിച്ച ബിൽ പ്രകാരം തുക പിൻവലിച്ച് 'കംമ്പ്യൂട്ടർ സൊല്യൂഷ്യൻസ്, വന്ദന ബിൽഡിംഗ്, മാവൂർ റോഡ് കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്.

| | |
|---|---|
| Accer – Intel core i3 processor, 4th generation 4130 processor/3.4ghz, 3mb catche, 500gb hard disk, 720 rpm satum, optical mouse 18.5 LED Monitor, linux etc (30166x4) | 1,20,664 |
| Vat 5% | 6,033 |
| Total | 1,26,697 |

| | |
|---|---|
| deduction | 6,697 |
| Balance amount | 1,20,000 |

പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. 2013 ലെ കേരള സ്റ്റോർ പർച്ചേഴ്സ് മാന്വൽ ഖണ്ഡിക.9.46 പ്രകാരം സാധനങ്ങൾ വാങ്ങുന്നതിനായി കരാറിൽ ഏർപ്പെടുന്നതിന് മുമ്പ്, കമ്പോളത്തിലെ തത്തുല്യമായ ഉൽപ്പന്നം അവസാനം വാങ്ങിയ വില, വാങ്ങേണ്ട ഉൽപ്പന്നത്തിന്റെ/തത്തുല്യ ഉൽപ്പന്നത്തിന്റെ കമ്പോള വില എന്നിവ പരിഗണിച്ച് വേണം വാങ്ങേണ്ടത്. ഖണ്ഡിക 13.7, 13.8 എന്നിവ പ്രകാരം ഡയറക്ടറേറ്റ് ജനറൽ ഓഫ് സപ്ലൈസ് ആന്റ് ഡിസ്പോസൽസ്, ന്യൂഡൽഹി എല്ലാ വർഷവും വിവിധ സാധനങ്ങൾക്ക് റേറ്റ് കോൺട്രാക്ട് നൽകുന്നുണ്ട്. പർച്ചേസിംഗ് ഓഫീസർമാർക്ക് മേൽ നിരക്ക് ലാഭകരമാണെങ്കിൽ മാത്രമേ ഉൽപ്പന്നങ്ങൾ വാങ്ങാവൂ. ഇതിന് സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമില്ല. എന്നാൽ നിയമ വ്യവസ്ഥകൾ പാലിക്കാതെയും കമ്പ്യൂട്ടറുകളുടെ കമ്പോള വില നിലവാരം പരിശോധിക്കാതെയുമാണ് നിർവ്വഹണ ഉദ്യോഗസ്ഥന് പർച്ചേയ്സ് നടത്തിയത്.
2. ഖണ്ഡിക8.17 - 8.20 പ്രകാരം ടെണ്ടർ നൽകിയ സ്ഥാപനത്തിൽ നിന്നും കരാർ തുകയുടെ 5% പെർഫോർമെൻസ് സെക്യൂരിറ്റിയായി വാങ്ങണം. എന്നാൽ അപ്രകാരം പെർഫോർമെൻസ് സെക്യൂരിറ്റി വാങ്ങിയിട്ടില്ല.
3. ഖണ്ഡിക 11(1) പ്രകാരം സാങ്കേതിക സ്വഭാവമുള്ള ഉപകരണങ്ങൾ വാങ്ങുമ്പോൾ, ആയതിന്റെ ഗുണമേന്മ സാങ്കേതിക യോഗ്യതയുള്ള ആൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തണം. എന്നാൽ അപ്രകാരമുള്ള സാക്ഷ്യപത്രമില്ലാതെയാണ് പണം നൽകിയിട്ടുള്ളത്.
4. സബ് സെന്ററുകളിൽ യു.പി.എസ്. ഇല്ലാതെയാണ് കമ്പ്യൂട്ടറുകൾ വാങ്ങി നൽകിയിട്ടുള്ളത്. കമ്പ്യൂട്ടറുകളിലൂടെ ഓൺലൈൻ മുഖാന്തിരം വിവരങ്ങൾ ലഭ്യമാക്കുന്നതിനാണ് നൽകിയതെങ്കിലും മേൽ തരത്തിലുള്ള സൌകര്യങ്ങൾ ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരിശോധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണ കുറിപ്പ് മുഖേന നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയെങ്കിലും (നം.12/2015-16, തീയ്യതി. 16.11.2016) ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-3 മുൻകൂർ പണം നൽകി 8 മാസം കഴിഞ്ഞിട്ടും ഹോമിയോ ഡിസ്പെൻസറിയിൽ മരുന്ന് ലഭ്യമായില്ല.

പ്രൊജക്ട് പേര്, നം - ഹോമിയോ മരുന്ന് വാങ്ങൽ, 89/15-16

അടങ്കൽ തുക – 25,000/- (സംരക്ഷണ ഗ്രാന്റ് റോഡിതരം)

ചെലവ് തുക – 25,000/- (ബിൽ നം.8/15-16, 30.03.2016)

ഡി.ഡി നം, തീയ്യതി - 254070, 02.04.2016

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (ആരോഗ്യം)

പ്രോജക്ട് പ്രകാരം പഞ്ചായത്തിനു കൈമാറികിട്ടിയ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങാൻ വേണ്ടി മേൽ വിവരിച്ച ഡി.ഡി. മുഖേന 25,000/- രൂപ ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട് എന്നാൽ ഓഡിറ്റ് കാലയളവ് വരേയും മരുന്ന് ലഭിച്ചിട്ടില്ല. കൈമാറികിട്ടിയ ആശുപത്രികളിലേക്ക് ആവശ്യമായ മരുന്നുകൾ കാലതാമസമില്ലാതെ ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ് എന്ന വസ്തുത നിലനിൽക്കെയാണ് പദ്ധതി തുക കൈമാറി 8 മാസകാലയളവായിട്ടും മരുന്നുകൾ ലഭ്യക്കാത്ത സാഹചര്യം വന്നത്. മരുന്നുകൾ ലഭ്യമാകാതിരുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതിലും നിർവ്വഹണ ഉദ്യോഗസ്ഥ വീഴ്ച വരുത്തി.

03.06.2015ന് അംഗീകാരം ലഭിച്ച പദ്ധതി നടപ്പാക്കുന്നതിനായി (ഡി.പി.സി.അംഗീകാരം നം.715/15/adpo/dpc/kkd, 03.06.2015) ഇന്റന്റ് നൽകുന്നതിനായി ആവശ്യപ്പെട്ടത് 11.01.2016 നാണ്. അതായത് അംഗീകാരം ലഭിച്ച പദ്ധതി നടപ്പാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ 7 മാസം ചെലവഴിച്ചു. സ്ഥിതി വിവരകണക്കുകളുടെ അടിസ്ഥാനത്തിൽ സ്റ്റാറ്റസ് റിപ്പോർട്ടും, കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറാക്കി അംഗീകാരം ലഭിച്ച് നടപ്പിലാക്കിയ പ്രോജക്ടുകൾ മോണിറ്റർ ചെയ്യേണ്ട ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും മേൽ വിഷയത്തിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

1996 ലെ കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ ചട്ടം.6 പഞ്ചായത്തിലേക്ക് ഏതെങ്കിലും സാധനങ്ങൾ സംഭരിച്ച് കൊടുക്കുന്നതിനും, സേവനം ലഭ്യമാക്കുന്നതിനും ഉള്ള സംഗതിയിൽ ആയിരം രൂപയിൽ കവിയുന്ന ചെലവ് വരുകയാണെങ്കിൽ അതിനു വേണ്ടിയുള്ള കരാറുകൾ രേഖാമൂലമായിരിക്കേണ്ടതും ആ കരാറിൽ ലഭ്യമാക്കേണ്ട അവസാന തീയ്യതി അതത് സംഗതി പോലെ വ്യക്തമായി പറഞ്ഞിരിക്കേണ്ടതാണ്. എന്നാൽ അപ്രകാരം ഹോംകോയുമായി കരാർ ചമയ്ക്കാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥ മരുന്നിനായി തുക അനുവദിച്ചത്.

മേൽ വിവരിച്ച വീഴ്ചകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മരുന്നുകൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവഴിച്ച തുക 25,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-4 സമഗ്ര വിദ്യാഭ്യാസ പരിപാടി നടപ്പാക്കിയതിലെ അപാകതകൾ

പദ്ധതി നം : (4/2016)

അടങ്കൽ : 100000/-(പൊതു വിഭാഗം വികസന ഫണ്ട്)

ചെലവഴിച്ചത് : 100000/-

ബിൽ നം. 1/23.02.2016 /26109/-

ബിൽ നം. 2/17.03.2016 /11030/-

ബിൽ നം. 3/17.03.2016 /62861/-

ഹെഡ് മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതിയിൽ താഴെ പറയുന്ന ഇനങ്ങൾ ഉൾപ്പെടുത്തിയത്.

1. കലാമേള
2. കായിക മേള
3. സ്പോർട്സ് കിറ്റ് വിതരണം
4. സി ആർ സി ക്ക് എൽ സി ഡി പ്രോജക്റ്റർ വാങ്ങി നൽകൽ

കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുക, സർഗാത്മക കഴിവുകൾ വികസിപ്പിക്കുക എന്നിവ ഉദ്ദേശിച്ചാണ് മേൽ പദ്ധതിയിൽ ക്രമ നം 1,2 പ്രകാരമുള്ള ഇനങ്ങൾ നടപ്പിലാക്കിയിരിക്കുന്നത്. 16.11.2013ലെ സ.ഉ(കൈ) നം.362/2013 /ത.സ്വ.ഭ.വ പ്രകാരം മേൽ ആവശ്യാർഥമുള്ള പദ്ധതികൾ എസ് എസ് എ പ്രോജക്റ്റിൽ ഉൾപ്പെടുത്തി നടപ്പാക്കാനാണ നിർദേശിച്ചിരിക്കുന്നത്. മേൽ നിർദേശത്തിനു വിരുദ്ധമായിട്ടാണ് വികസന ഫണ്ടിൽ നിന്നും തുക ചിലവഴിച്ച് ഇവ നടപ്പിലാക്കിയിരിക്കുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനു (നം. 2/14.11.2016) കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുക, സർഗാത്മക കഴിവുകൾ വികസിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽ വെച്ച് കഴിഞ്ഞ 5 വർഷമായി എസ് എസ് എ പദ്ധതികളൊന്നും നടത്തിയിട്ടില്ലാത്തിനാലാണ് ഇത്തരം ഇനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയതെന്നും മേലിൽ അപാകത ആവർത്തിക്കില്ല എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

16.11.2013ലെ സ.ഉ(കൈ) നം.362/2013/ത.സ്വ.ഭ.വ ലെ ഉത്തരവിലെ ഖണ്ഡിക 6.ii പ്രകാരം എസ് എസ് എ ക്കു കൈമാറുന്ന തുകയ്ക്കുള്ള പ്രോജക്റ്റുകൾ എസ് എസ് എ യും വിദ്യാഭ്യാസ കമ്മറ്റിയുടെ സഹായത്തോടെ ത.സ്വ.ഭ. സ്ഥാപനവും ചേർന്നാണ് തയ്യാറാക്കേണ്ടത്. തയ്യാറാക്കിയ പ്രോജക്റ്റ് ഭരണ സമിതി അംഗീകരിക്കുകയും ശേഷം പദ്ധതിയിൽ ഉൾപ്പെടുത്തുകയും വേണം. കലാ - കായിക മേളകൾ ഗ്രാമപഞ്ചായത്തിന്റെ പരിഗണനയിലിരിക്കുന്ന വിഷയമായിട്ടും എസ് . എസ്. എ യുടെ പദ്ധതിയിൽ ഉൾപ്പെടാത്തത് പരിശോധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിനു എസ് എസ് എ ഇനത്തിൽ തുക കൈമാറുമ്പോൾ വിദ്യാഭ്യാസ കമ്മറ്റിയുടെ സഹായത്തോടെ ഭരണസമിതിയുമായി ചേർന്ന് പദ്ധതികളുണ്ടാക്കേണ്ടതും വിദ്യാഭ്യാസ മേഖലയിലെ മുൻഗണനകൾക്ക് പദ്ധതിയിൽ ഇടമുണ്ടോ എന്നു ഉറപ്പു വരുത്തേണ്ടതാണ്.

മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി ക്രമ നം 1,2 ഇനങ്ങൾക്ക് ചിലവഴിച്ച തുകകൾ (37139 രൂപ) തടസ്സം ചെയ്യുന്നു.

## 3-5 സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശ്ശങ്ങൾ പാലിക്കാതെ ആരോഗ്യ മേഖലയിൽ പദ്ധതി നടപ്പാക്കി.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (ആരോഗ്യം)

പ്രോജക്ട് പേര്, നം - ആരോഗ്യ സാക്ഷര ഗ്രാമം പദ്ധതി, 175/15-16

അടങ്കൽ തുക – 2,00,000/- ( 1,25,000/- വികസന ഫണ്ട്, 75,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് തുക – 1,22,698/- (വികസന ഫണ്ട്)

[ബിൽ നം, തീയ്യതി. 7/15-16, 19.03.2016 (12,548/-), 11/15-16, 30.03.2016 (1,10,150)]

ഗ്രാമപഞ്ചായത്ത് രോഗവിമുക്തഗ്രാമം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. പദ്ധതി നടപ്പാക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ പ്രചരണം, ആരോഗ്യ സന്ദേശ യാത്ര തുടങ്ങിയവ നടത്തുന്നതിന് വികസന ഫണ്ടിൽ നിന്നും താഴെ വിവരിച്ച തരത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ചെലവിനം | തുക |
|---|---|---|
| 1 | ഭക്ഷണം | 21670 |
| 2 | റിഫ്രഷ്മെന്റ് ചാർജ്ജ് | 16710 |
| 3 | ശിങ്കാരി മേളം | 9000 |
| 4 | നോട്ടീസ് | 14250 |
| 5 | പോസ്റ്റർ, ബാനർ, ഫോട്ടോ | 8770 |
| 6 | വണ്ടി വാടക | 7900 |
| 7 | ജനറേറ്റർ വാടക | 4750 |
| 8 | മെക്ക് സെറ്റ് വാടക | 9000 |
| 9 | അലൂമിനിയം ബോർഡ് (3 no.s) | 12300 |
| 10 | രജിസ്റ്റർ, റൈറ്റിംഗ് പാഡ്, ചാർട്ട് | 1910 |
| 11 | ലാബ് ഉപകരണങ്ങൾ | 2030 |
| 12 | കൂലി, മറ്റ് ചെലവുകൾ | 1860 |
| 13 | മരുന്ന് | 12548 |
| | ആകെ | 1,22,698 |

പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട് താഴെ വിവരിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥന് ഓഡിറ്റ് അന്വേഷണ കുറിപ്പ് (15/2015-16, തീയ്യതി.14.11.2016) നൽകിയെങ്കിലും മറുപടി ലഭ്യമാക്കയിട്ടില്ല.

1. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166, ഉപവകുപ്പ്(1), പട്ടിക 3 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ചുമതലകളിൽപെട്ടതാണ് രോഗവിമുക്തിയും, മറ്റ് പ്രതിരോധ നടപടികളും നടത്തുക എന്നത്. 09.12.2003ലെ (പി) നമ്പർ.254/2003/എച്ച്.&.എഫ്.ഡബ്ല്യ.ഡി. നമ്പർ ഉത്തരവിലൂടെ ഗ്രാമപഞ്ചായത്തിന് കൈമാറികിട്ടിയ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാരുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് സർക്കാർ നിർദ്ദേശിച്ച് മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ പടർന്ന് പിടിക്കാൻ സാധ്യതയുള്ള ജലജന്യരോഗങ്ങൾ, മറ്റ് മാരക രോഗങ്ങൾ തുടങ്ങിയവക്ക് വേണ്ട മുന്നൊരുക്കങ്ങൾ ഏതെല്ലാം വിധത്തിൽ നടപ്പാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് നടപ്പാക്കേണ്ടത് സംസ്ഥാന ആരോഗ്യ വകുപ്പിന്റെ ചുമതലയിൽ പെടുന്ന പ്രവർത്തനങ്ങളുമാണ്. 16.11.2013ലെ (എം.എസ്) 362/13/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് [അനുബന്ധം-1, ഖണ്ഡിക.7 (v)] പ്രകാരം ആരോഗ്യ മേഖലയിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ, സർവ്വെകൾ, മറ്റ് വിവര ശേഖരണങ്ങൾ തുടങ്ങിയവ നടത്തേണ്ടത് ആരോഗ്യ വകുപ്പിലെ ഫീൽഡ് ജീവനക്കാർ, ആശാ വർക്കർമാർ എന്നിവരിലൂടെയും എൻ.ആർ.എച്ച്.എം പരിപാടികൾ ഉപയോഗപ്പെടുത്തിയുമാണ്. എന്നാൽ മേൽ നിർദ്ദേശിച്ച തരത്തിൽ നിന്നും വ്യത്യസ്തമായിട്ടാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്.
2. മേൽ ഉത്തരവ് അനുബന്ധം-1, ഖണ്ഡിക.12 (v)] പ്രകാരം മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട ബോധവൽക്കരണ പ്രവർത്തനങ്ങൾ വാർഡ് തല ആരോഗ്യ-ശുചിത്വ പോഷണ സമിതിയുടെ പ്രവർത്തനത്തിന്റെ ഭാഗമായും സമിതിക്ക് ലഭിക്കുന്ന വിവിധ ഫണ്ടുകൾ വിനിയോഗിച്ചുമാണ് നടപ്പിലാക്കേണ്ടത്. കൂടാതെ സമ്പൂർണ്ണ ശുചിത്വ കാമ്പയിൻ സഹായവും തേടണം. എന്നാൽ മേൽ നിർദ്ദേശം പാലിക്കാതെയാണ് വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിരിക്കുന്നത്.
3. പദ്ധതി കൺവീനർ ശ്രീ.എടവന സുരേന്ദ്രൻ സമർപ്പിച്ച ബില്ലുകളും, വൌച്ചറുകളും പ്രകാരം 78,628/- രൂപ മാത്രമാണ് ചെലവായിട്ടുള്ളത്. 44,070/- രൂപ ചെലവഴിച്ചതിന് ആധികാരികമായ രേഖകൾ ഫയലിൽ ചേർത്തിട്ടില്ല.

4. ജില്ല മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവൈലബിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെയാണ് 12,548/- രൂപയുടെ മരുന്ന് സ്വകാര്യ ഏജൻസിയിൽ നിന്നും വാങ്ങിയത്. ഒക്ടോബർ 1, 2 തീയ്യതികളിൽ നടപ്പാക്കിയ പദ്ധതിക്ക് മാർച്ച് മാസത്തിലാണ് മരുന്നുകൾ വാങ്ങിയത്.
5. ഒക്ടോബർ 1, 2 തീയ്യതികളിൽ പ്രചരണ പരിപാടികൾ നടത്തി പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യത്തിൽ നിന്നും നിർവ്വഹണം വഴിമാറി. ആരോഗ്യ പരിശോധന, രക്തദാനം അവയവദാനം സേന രൂപീകരിക്കൽ, കൊതുക്ജന്യ രോഗ നിർമ്മാർജ്ജനം, ജലജന്യ രോഗ നിർമ്മാർജ്ജനം, കൌമാര ആരോഗ്യം, അന്യ സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പരിരക്ഷ തുടങ്ങിയവ നടത്തിയതിന്റെ വിശദാംശങ്ങൾ ഫയലിൽ പരിശോധനക്കായി ചേർത്തിട്ടില്ല.

മറുപടിയുടെ അഭാവത്തിലും, സർക്കാർ നിർദ്ദേശിച്ച തരത്തിൽ മാലിന്യ നിർമാർജ്ജനവുമായി ബന്ധപ്പെട്ട പ്രവർത്തികൾ നടത്താതെ വികസന ഫണ്ട് വിനിയോഗിച്ച് ഭക്ഷണം, ശിങ്കാരിമേളം തുടങ്ങിയ ചെലവുകൾ നടത്തിയത് ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല. ചെലവ് തുക 1,22,698/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-6 മെറ്റലിംഗ് പ്രവൃത്തിയിൽ ഉൾപ്പെട്ട പ്രവൃത്തിക്ക് പ്രത്യേകമായി തുക നൽകിയത് കാരണം ഇരട്ടച്ചെലവ്

ഓഡിറ്റ് വർഷം റോഡ് പ്രവൃത്തികളിൽ മെറ്റലിംഗ് പ്രവൃത്തിക്ക് തുക നൽകിയതിന് പുറമെ റോഡിന്റെ പാർശ്വങ്ങൾ തട്ടിനിരപ്പാക്കുന്നതിനും കൺസോളിഡേഷനും(forming and consolidation)തുക നൽകിയതായി കാണുന്നു.കേരള സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാരം മെറ്റലിംഗ് ചെയ്യുന്ന റോഡുകളുടെ ഇരുവശവും ഒരു മീറ്റർ വീതിയിൽ അല്ലെങ്കിൽ ഓട വരെ ഏതാണോ കുറവ് അത്രയും ഭാഗം റോഡിന്റെ ഷോൾഡർ സെക്ഷനിംഗ്(shoulder sectioning)നടത്തി തയ്യാറാക്കുന്നതിനുള്ള നിരക്ക് മെറ്റലിംഗിന്റെ യൂണിറ്റ് നിരക്കിൽ ഉൾപ്പെടുന്നതാണ്.ഇങ്ങനെ തുക നൽകിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിവരം | റോഡിന്റെ പാർശ്വങ്ങൾ സെക്ഷനിംഗ് ചെയ്തതിന് നൽകിയ തുക | അധികം നൽകിയത് |
|---|---|---|---|
| 1. | കൃഷിഭവൻ ഹെൽത്ത് സെന്റർ റോഡ്. S0121/16..എം.ബുക്ക്നം.7/2014-15. ഡി.ഡി.നം.580275/28.9.2015(9838രൂപ)<br>എഗ്രിമെന്റ് നം 1/2014-15/20.11.14<br>അസിസ്റ്റന്റ് എഞ്ചിനീയർ :അജിത്കുമാർ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ : എ.എം.മാധവൻ | 241മീറ്റർ.10 മീറ്ററിന് 375രൂപ നിരക്കിൽ 9037.5 രൂപ.<br>241x3.10=747.10ചതുരശ്രമീറ്റർ മെറ്റലിംഗ് പ്രവൃത്തി ചെയ്തു. | 9037.5 |
| 2. | കായൽമുക്ക് പി.എച്ച്.സി. റോഡ്. S0042/14-15. എം.ബുക്ക്നം.42/2014-15. ഡി.ഡി.നം.579713/28.8.2015.(99,571രൂപ)<br>എഗ്രിമെന്റ് നം.31/2014-15/12.01.15<br>അസിസ്റ്റന്റ് എഞ്ചിനീയർ:അജിത്കുമാർ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ :എ.എം.മാധവൻ | 260മീറ്റർ.10 മീറ്ററിന് 375രൂപ നിരക്കിൽ 9750രൂപ.<br>315x3.10=976.50ചതുരശ്രമീറ്റർ മെറ്റലിംഗ് പ്രവൃത്തി ചെയ്തു. | 9750രൂപ |
| 3. | നടക്കണ്ടിപാറ കായണ്ണ റോഡ്. S0114/16. എം.ബുക്ക് നം.49/2014-15. ഡി.ഡി.നം.578923/21.07.2015(1,42,000രൂപ)<br>ഡി.ഡി.നം.580279/28.09.2015(25,609രൂപ) എഗ്രിമെന്റ് നം.49/2014-15/16.01.15<br>അസിസ്റ്റന്റ് എഞ്ചിനീയർ:അജിത്കുമാർ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ : എ.എം.മാധവൻ | 180മീറ്റർ.10 മീറ്ററിന് 375രൂപ നിരക്കിൽ 6750രൂപ.<br>240x3.10=744ചതുരശ്രമീറ്റർ മെറ്റലിംഗ് പ്രവൃത്തി ചെയ്തു. | 6750രൂപ |
| 4 | ഹെൽത്ത് സെന്റർ രയരോത്ത് മുക്ക് റോഡ്. S0124/16. എം.ബുക്ക് നം.11/2014-15. ഡി.ഡി.നം.580280/28.09.2015(6747രൂപ)<br>ഡി.ഡി.നം.580279/28.09.2015(25,609രൂപ) | 201മീറ്റർ.10 മീറ്ററിന് 375രൂപ നിരക്കിൽ 7537.50രൂപ.<br>258x3.10=799.80ചതുരശ്രമീറ്റർ മെറ്റലിംഗ് പ്രവൃത്തി ചെയ്തു. | 7537.50രൂപ |

| | | | |
|---|---|---|---|
| | എഗ്രിമെന്റ് നം.49/2014-15/16.01.15<br>അസിസ്റ്റന്റ് എഞ്ചിനീയർ : അജിത്കുമാർ<br>അസിസ്റ്റന്റ്എക്സിക്യൂട്ടീവ്എഞ്ചിനീയർ:എ.എം.മാധവൻ | | |
| | | ആകെ | 33075 |

കേരള ഡീറ്റെയിൽഡ് സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷനിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ചെയ്ത പ്രവൃത്തിക്ക് ചെലവ് ചെയ്ത 33075/-രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥൻ, സാങ്കേതികാനുമതി നൽകിയ ഉദ്യോഗസ്ഥൻ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-7 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ ആധികാരികതയില്ലാതെ അധികകനത്തിൽ ചെയ്തു-പഞ്ചായത്തിന് വൻനഷ്ടം

ഓഡിറ്റ് വർഷങ്ങളിൽ റോഡ് പ്രവൃത്തികളുടെ രേഖകൾ പരിശോധിച്ചതിൽ റോഡുകളിൽ കോൺക്രീറ്റ് പ്രവൃത്തികൾ ചെയ്തതായി കാണുന്നു. റോഡുകളെ നാഷണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ, മേജർ ജില്ലാറോഡുകൾ, മറ്റ് ജില്ലാറോഡുകൾ, ഗ്രാമീണറോഡുകൾ എന്നിങ്ങനെയാണ് തരംതിരിച്ചിരിക്കുന്നത്. അധികച്ചെലവ് കാരണം സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് സ്റ്റേറ്റ് ഹൈവേകളിൽ ഒഴിവാക്കിയതായി ഐ.ആർ.സി.സ്പെസിഫിക്കേഷന്റെ ആമുഖത്തിൽ പറയുന്നുണ്ട്. സ്റ്റേറ്റ് ഹൈവേകളിൽ വളവുകളിൽ ഡിപ്(dip)വരുന്ന ഇടങ്ങളിലും ബസ്സ്റ്റേഷനുകൾക്കടുത്തും മാർക്കറ്റിന്റെ ഭാഗങ്ങളിലും വേണമെങ്കിൽ കോൺക്രീറ്റ് ചെയ്യാമെന്നാണ് വിശദീകരിച്ചിട്ടുള്ളത്.കോൺക്രീറ്റ് ചെയ്യുമ്പോൾ സബ് ഗ്രേഡ് നല്ല പോലെ കൺസോളിഡേറ്റ് ചെയ്യാനും എക്സ്പാൻഷന് (expansion) ആവശ്യമായ പ്രൊവിഷൻ ഉൾപ്പെടുത്താനും നിഷ്കർഷിക്കുന്നുണ്ട്. മേൽപറഞ്ഞവയല്ലാതെ സ്റ്റേറ്റ് റോഡുകളിൽ ബിറ്റുമിൻ ഉപയോഗിച്ചുള്ള പ്രവൃത്തിയാണ് ചെയ്യേണ്ടതെന്ന് ഐ.ആർ.സി.യിൽ പ്രതിപാദിച്ചിട്ടുണ്ട്. സ്റ്റേറ്റ് റോഡുകളിൽ പരിമിതമായി ഉപയോഗിക്കാൻ നിർദ്ദേശിച്ചിട്ടുള്ള കോൺക്രീറ്റ് പ്രവൃത്തിയാണ് പഞ്ചായത്തിലെ ഗ്രാമീണറോഡുകളിൽ ഭൂരിഭാഗവും ചെയ്തിട്ടുള്ളത്. ഐ.ആർ.സി.58,ഐ.ഐർ.സി.15-2011 എന്നിവയാണ് കോൺക്രീറ്റ് പേവ്മെന്റിനുള്ള സ്പെസിഫിക്കേഷനുകൾ. ഇവയൊന്നും ഗ്രാമീണറോഡുകൾക്ക് ബാധകമല്ല. മാത്രമല്ല ഐ.ആർ.സി.സ്പെസിഫിക്കേഷൻ പ്രകാരം ട്രാഫിക്കിന്റെ ആധിക്യം മൂലമുള്ള ലംബദിശയിലുള്ള ലോഡാണ് റോഡിന്റെ ഉപരിതലത്തിന്റെ തരം തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം. അത് കൊണ്ടാണ് സ്റ്റേറ്റ് റോഡുകളിൽ വരെ കോൺക്രീറ്റ് ചെയ്യുന്നത് പരിമിതപ്പെടുത്തിയത്. പഞ്ചായത്തിലെ റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിന് പ്രധാനകാരണമായി പറയുന്നത് മണ്ണിനടിയിൽ നിന്നുള്ള ഉറവയാണ്. ഉറവയെടുക്കുന്നതിന് പരിഹാരമായി കോൺക്രീറ്റ് ചെയ്യാമെന്ന് ഐ.ആർ.സി.സ്പെസിഫിക്കേഷനിൽ പറഞ്ഞിട്ടില്ല. സബ് ഗ്രേഡ് ബലപ്പെടുത്തിയുള്ള എംബാങ്ക്മെന്റ് നിർമ്മാണവും (embankment)ഡ്രെയിനേജുമാണ് പ്രതിവിധിയെന്ന് ഐ.ആർ.സി.സ്പെസിഫിക്കേഷനിൽ 305 നം.ഇനത്തിൽ വിശദീകരിക്കുന്നുണ്ട്.വെള്ളക്കെട്ടുള്ള ഭാഗങ്ങളിലും വെള്ളപൊക്കമുള്ള പ്രദേശങ്ങളിലും സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് IRC34ൽ വ്യക്തമാക്കിയിട്ടുണ്ട്.

വാഹനബാഹുല്യം കുറഞ്ഞ റോഡുകളിൽ കോൺക്രീറ്റ് പ്രവൃത്തി ചെയ്യുന്നത് സംബന്ധിച്ച് IRC:SP:62-2014ലാണ് വിവരിക്കുന്നത്.വാഹനങ്ങളുടെ എണ്ണമനുസരിച്ചാണ് ഏത് തരത്തിലുള്ള കോൺക്രീറ്റ് പ്രവൃത്തിയാണ് വേണ്ടതെന്ന് നിശ്ചയിക്കുന്നത്.കോൺക്രീറ്റ് ചെയ്യുന്നതിന് മുമ്പ് സബ് ഗ്രേഡ് ബലപ്പെടുത്തുന്നതിനാണ് കൂടുതൽ പ്രാധാന്യം നല്കിയിട്ടുള്ളത്. ക്വാറിമക്കിട്ടതിന് ശേഷം 1:2:4അനുപാതത്തിൽ കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തിയാണ് പഞ്ചായത്തിലെ റോഡുകളിൽ നടത്തിയത്. ഇത് ഐ.ആർ.സി.സ്പെസിഫിക്കേഷന് വിരുദ്ധമാണെന്ന് പൊതുമരാമത്ത് ചീഫ് എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്. (ചീഫ് എഞ്ചിനിയറുടെ 16.10.2012ലെ ഡിബി4-7462/2012തസ്വഭവ നം.കത്ത്). കൂടാതെ നിർമ്മാണച്ചെലവും റോഡിന്റെ പ്രാധാന്യവും വാഹനങ്ങളുടെ ബാഹുല്യവും പരിഗണിച്ചാവണം കോൺക്രീറ്റ് പ്രവൃത്തി ചെയ്യേണ്ടതെന്നും സബ് ഗ്രേഡിന് ആവശ്യമായ ഉറപ്പ് വരുത്തിയതിന് ശേഷമേ പ്രവത്തി ചെയ്യാവൂ എന്നും പ്രസ്തുത കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. മറ്റ് വ്യവസ്ഥകൾ പാലിച്ച്1:4:8 അനുപാതത്തിലുള്ള കോൺക്രീറ്റ് 10cm കനത്തിലും 1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റ് 5cm കനത്തിലുമാണ് ചെയ്യേണ്ടതെന്ന് ചീഫ് എഞ്ചിനിയർ വ്യക്തമാക്കിയിട്ടുണ്ട് (ഡിബി4-9099/2015/സിഇ/തസ്വഭവ.തീ.28.09.15കത്ത്കാണുക) വാഹനങ്ങളുടെ ബാഹുല്യമുണ്ടെന്ന് കാണിക്കുന്ന സർവ്വെ റിപ്പോർട്ടോ മറ്റെന്തെങ്കിലും രേഖകളോ ഇല്ലാതെയാണ് റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ ചെയ്തിട്ടുള്ളത്. കോൺക്രീറ്റ് പ്രവൃത്തികൾ അധികകനത്തിൽ ചെയ്തത് കാരണം പഞ്ചായത്തിന് അധികച്ചെലവ് വന്നിട്ടുണ്ട്. പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ചെയ്ത കോൺക്രീറ്റ് പ്രവൃത്തിയുടെ കനവും നൽകിയ തുകയും | നൽകാവുന്ന കനവും തുകയും | അധികം നൽകിയത് |
|---|---|---|---|---|
| 1 | കരിമ്പിച്ചികണ്ടി പൊയിൽതാഴ റോഡ്. S046/16. എംബുക്ക്50/15-16<br>ഡിഡിനം252864/21.03.16 | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃ ത്തി-<br>$5x(2.8+3.1)/2x.10=1.475m^3$ | $5x(2.8+3.1)/2x0.05=0.7375m^3$<br>$5x(3.1+3)/2x0.05=0.7625m^3$<br>$45x3x0.05=6.75m^3$ | 1,16,106.83-58,119.24= 57,986.76 |

| | | | | |
|---|---|---|---|---|
| | 1,86,715രൂപ<br>കൺവീനർ:ടി.ടി.വിജ യൻ സാങ്കേതികാനുമതി: 200000രൂപ | 5x(3.1+3)/2x0.10=1.525$m^3$<br>45x3x0.10=13.5$m^3$<br>4x(3+2.8)/2x0.10=1.16$m^3$<br>ആകെ =17.66$m^3$<br>17.64$m^3$ ആയി പരിമിതപ്പെട്ട ത്തി<br>17.64$m^3$@6582.02= 1,16,106.83രൂപ | 4x(3+2.8)/2x0.05=0.58$m^3$<br>ആകെ=8.83$m^3$<br>8.83$m^3$@6582.02=58119.24രൂപ | |
| 2 | കോമത്ത് താഴപയ്യാനക്കോട്ടുമ്മൽ റോഡ്S0031/16. എംബുക്ക്8/15-16<br>ഡിഡിനം.252206/ 1.3.16<br>3,75,881രൂപ<br>കരാറുകാരൻ:കെ.അബ്ദുറഹ്മാൻ സാങ്കേതികാനുമതി: 400000രൂപ<br>എഗ്രിമെന്റ്നം.544/ 2015-16/12.11.15 | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി-<br>1.90x(4.8+3.50)/2x0.10=0.79m3 5x(3.5+3.1)/2x0.10=1.65$m^3$10x(3.1+2.95) /2x0.10= 3.025$m^3$<br>10x(2.95+2.95)/2x0.10= 2.95$m^3$<br>10x(2.95+2.95)/2x0.10= 2.95$m^3$<br>10x(2.95+2.95)/2x0.10= 2.95$m^3$<br>5x(2.95+3.5)/2x0.10= 1.613$m^3$<br>7.30x(3.5+3.5)/2x0.10= 2.555$m^3$<br>10x(3.05+3)/2x0.10= 3.025 $m^3$<br>9x(3+3.3)/2x0.10=2.835$m^3$<br>7x(3.3+3.5)/2x0.10=2.38$m^3$<br>9x(3.5+2.95)/2x0.10=2.903$m^3$<br>ആകെ =29.626$m^3$<br>27.60 $m^3$ൽ പരിമിതപ്പെടുത്തി<br>27.60$m^3$@7569.32/$m^3$ = 2,08,913.23രൂപ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃ ത്തി-<br>1.90x(4.8+3.50)/2x0.05= 0.394$m^3$5x(3.5+3.1)/2x0.05= 0.825$m^3$<br>10x(3.1+2.95)/2x0.05= 1.5125$m^3$<br>10x(2.95+2.95)/2x0.05=1.475$m^3$<br>10x(2.95+2.95)/2x0.05=1.475$m^3$<br>10x(2.95+2.95)/2x0.05=1.475$m^3$<br>5x(2.95+3.5)/2x0.05=0.80625$m^3$<br>7.30x(3.5+3.5)/2x0.05=1.2775$m^3$<br>10x(3.05+3)/2x0.05= 1.5125 $m^3$<br>9x(3+3.3)/2x0.05= 1.4175$m^3$<br>7x(3.3+3.5)/2x0.05=1.19$m^3$<br>9x(3.5+2.95)/2x0.05= 1.451$m^3$<br>ആകെ =14.81$m^3$<br>14.81$m^3$@7569.32/$m^3$= 1,12,101.63 രൂപ | 2,08,913.23- 1,12,101.63= 96811.60 |
| 3 | ആലോട്ടിപൊയിൽ അംഗൻവാടിറോഡ് S0035/16. എംബുക്ക്69/15-16<br>ഡിഡിനം.254816/ 11.4.16<br>90,586രൂപ<br>കൺവീനർ:ഗോപകുമാർ ബി.കെ. സാങ്കേതികാനുമതി: 4,00,000രൂപ<br>എഗ്രിമെന്റ്നം.48A/ 2015-16/22.09.15 | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവത്തി-<br>10.2x3x0.10=3.06$m^3$<br>3.50x0.60x0.10=0.21$m^3$<br>ആകെ=3.27$m^3$<br>3.15$m^3$ൽ പരിമിതപ്പെടുത്തി<br>3.15$m^3$@6582.02/$m^3$= 20733.36 | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവത്തി-<br>10.2x3x0.05=1.53$m^3$<br>3.50x0.60x0.05=0.105$m^3$<br>ആകെ=1.635$m^3$<br>1.635$m^3$@6582.02/$m^3$= 10761.60 | 20733.36-10761.60 =9971.76 |
| 4 | പുറ്റാട്ട് സ്കൂൾ റോഡ് S0039/16. എംബുക്ക്40/15-16<br>ഡിഡിനം.255415/ 16.4.16<br>1,00,000രൂപ<br>ഡിഡിനം.255404/ 16.4.16<br>81,697രൂപ<br>കൺവീനർ: രാജീവൻഎൻ.കെ. സാങ്കേതികാനുമതി: 2,00,000രൂപ<br>എഗ്രിമെന്റ് നം.24/ 2015-16/ 22.9.15 | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവത്തി-<br>2.60x(4.6+2.60)/2x0.10=0.936$m^3$ 10x(2.6+2.6)/2x0.10=2.60$m^3$ 4.60x(2.6+2.55)/2x0.10= 1.185$m^3$<br>0.70x(2.55+3.10)/2x0.10= 0.198$m^3$<br>4.30x(3.10+3.3+3.20)/2x0.10=1.376$m^3$<br>10x(3.2+3.15)/2x0.10= 3.10$m^3$<br>3.60x(3.15+3.40)/2x0.10= 1.179$m^3$<br>4.70x(3.40+5.3+5.15)/2x0.10= 2.17$m^3$<br>ആകെ =12.744$m^3$ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവത്തി-<br>2.60x(4.6+2.60)/2x0.05= 0.468$m^3$<br>10x(2.6+2.6)/2x0.05=1.30$m^3$<br>4.60x(2.6+2.55)/2x0.05=0.592$m^3$<br>0.70x(2.55+3.10)/2x0.05= 0.0989$m^3$<br>4.30x(3.10+3.3+3.20)/ 3x 0.05= 0.688$m^3$<br>10x(3.2+3.15)/2x0.05 = 1.588$m^3$<br>3.60x(3.15+3.40)/2x0.05=0.59$m^3$<br>4.70x(3.40+5.3+5.15)/ | 83,881.26-42190.09= 41691.17 |

| | | | | |
|---|---|---|---|---|
| | | 12.744$m^3$@6582.02/$m^3$= 83,881.26രൂപ | 3x 0.05= 1.085$m^3$<br>ആകെ =6.4099$m^3$<br>6.4099$m^3$@6582.02/$m^3$= 42190.09രൂപ | |
| 5 | ചാലിക്കര വെള്ളിമീത്തൽറോഡ് S0085/16. എംബുക്ക്12/15-16<br>ഡിഡിനം.581043/ 18.12.15<br>94,000രൂപ<br>കരാറുകാരൻ: എൻ.രാജൻ സാങ്കേതികാനുമതി: 1,00,000രൂപ<br>എഗ്രിമെന്റ്നം 11/ 2014-15/31.8.15 | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവത്തി-<br>1.40x(4.10+3.40)/2x0.10=0.53$m^3$<br>3.30x(3.70+3.10)/2x0.10=1.12$m^3$<br>1.90x(3.10+2.80)/2x0.10= 0.56$m^3$<br>3.30x(3.5+2.70)/2x0.10= 1.02$m^3$<br>9.15x(2.70+2.45)/2x0.10= 2.36$m^3$<br>10.55x(2.45+2.75)/2x0.10= 2.74$m^3$<br>ആകെ =8.33$m^3$<br>8.33$m^3$@7569.32/$m^3$= 63,052.44രൂപ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ്ചെയ്യുന്ന പ്രവത്തി-<br>1.40x(4.10+3.40)/2x0.05= 0.2625$m^3$<br>3.30x(3.70+3.10)/2x0.05= 0.561$m^3$<br>1.90x(3.10+2.80)/2x0.05= 0.28$m^3$<br>3.30x(3.5+2.70)/2x0.05= 0.512$m^3$<br>9.15x(2.70+2.45)/2x0.05= 1.178$m^3$<br>10.55x(2.45+2.75)/2x0.05= 1.372$m^3$<br>ആകെ =4.166$m^3$<br>4.166$m^3$@7569.32/$m^3$= 31,533.79രൂപ | 63,052.44-31,533.79= 31518.65 |
| 6 | എടത്തും ഭാഗം വാളിക്കണ്ടി റോഡ്S0082/16. എംബുക്ക്8/15-16<br>ഡിഡിനം.254192/ 11.04.16<br>41,739രൂപ ഡിഡിനം.581114/ 19.12.15<br>52,261രൂപ<br>കരാറുകാരൻ: എൻ.പി.കണാരൻ സാങ്കേതികാനുമതി: 1,00,000രൂപ<br>എഗ്രിമെന്റ് നം. 42/ 2014-15/ 31.8.15 | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവത്തി-<br>5x(3.04+2.98)/2x0.10=1.57$m^3$<br>5x(2.98+2.90)/2x0.10=1.47$m^3$<br>5x(2.9+3.05)/2x0.10= 1.49$m^3$<br>5x(3.05+3)/2x0.10= 1.51$m^3$<br>7.4x(3+3)/2x0.10= 2.22$m^3$<br>ആകെ =8.20$m^3$<br>8.20$m^3$@7569.32/$m^3$= 62068.42രൂപ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ്ചെയ്യുന്ന പ്രവത്തി-<br>5x(3.04+2.98)/2x0.05= 0.7525$m^3$<br>5x(2.98+2.90)/2x0.05= 0.735$m^3$<br>5x(2.9+3.05)/2x0.05= 0.744$m^3$<br>5x(3.05+3)/2x0.05=0.756$m^3$<br>7.4x(3+3)/2x0.05= 1.11$m^3$3<br>ആകെ =4.098$m^3$<br>4.098$m^3$@7569.32/$m^3$= 31,019.07രൂപ | 62068.42-31,019.07= 31049.35 |
| 7 | പനമ്പ്ര കോളനിറോഡ് S0172/16. എംബുക്ക്29/15-16<br>ഡിഡിനം.252208/ 1.03.16<br>327924രൂപ<br>കരാറുകാരൻ: അബ്ദുറഹ്മാൻ.കെ സാങ്കേതികാനുമതി: 3,70,000രൂപ<br>എഗ്രിമെന്റ്നം 55/201516 /12.11.15 | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവത്തി-<br>3.80x2.35x0.10=0.893$m^3$<br>4x0.80x(0.10+0.05)/2=0.24$m^3$<br>8x(4.10+3.80+3.58)/3x0.10= 3.06$m^3$<br>8.50x(3.58+3.20)/2x0.10= 2.88$m^3$<br>6x(3.2+2.85)/2x0.10= 1.815$m^3$<br>10x(2.85+2.55)/2x0.10= 2.7$m^3$<br>7.3x(2.55+2.8+2.8)/3x0.10=1.983$m^3$<br>5.5x(0.3+0.2)/2x0.38=0.523$m^3$<br>3x(.3+0.2)/2x0.32= 0.24$m^3$<br>10.50x(2.8+2.90)/2x0.10= 2.99$m^3$<br>6x(2.9+2.82)/2x0.10= 1.716$m^3$<br>11x(2.82+2.52)/2x0.10= 2.937$m^3$<br>1.90x(2.52+3)/2x0.10= 0.524$m^3$<br>9x(3+2.92)/2x0.10= 2.664$m^3$<br>8x(2.92+3.25+3.20)/3x0.10= 2.499$m^3$ | 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ്ചെയ്യുന്ന പ്രവത്തി-<br>3.80x2.35x0.05=0.447$m^3$<br>4x0.80x0.05=0.16$m^3$<br>8x(4.10+3.80+3.58)/ 3x0.05= 1.531$m^3$<br>8.50x(3.58+3.20)/2x0.05= 1.441$m^3$<br>6x(3.2+2.85)/2x0.05= 0.908$m^3$<br>10x(2.85+2.55)/2x0.05= 1.35$m^3$<br>7.3x(2.55+2.8+2.8)/3x0.05= 0.992$m^3$<br>5.5x(0.3+0.2)/2x0.05= 0.069$m^3$<br>3x(.3+0.2)/2x0.05= 0.0375$m^3$<br>10.50x(2.8+2.90)/2x0.05= 1.495$m^3$<br>6x(2.9+2.82)/2x0.10= 0.858$m^3$<br>11x(2.82+2.52)/2x0.10= 1.4685$m^3$<br>1.90x(2.52+3)/2x0.10= 0.262$m^3$ | 2,09,397.67-1,03,941.90= 1,05,455.77 |

| | | | | |
|---|---|---|---|---|
| | | ആകെ =27.664$m^3$<br>27.664$m^3$@7569.32/$m^3$ = 2,09,397.67രൂപ | 9x(3+2.92)/2x0.10= 1.463$m^3$<br>8x(2.92+3.25+3.20)/3x0.10= 1.2495$m^3$<br>ആകെ =13.732$m^3$<br>13.732$m^3$@7569.32/$m^3$= 1,03,941.90രൂപ | |
| | ആകെ | 7,64,153.21രൂപ | 3,89,667.32രൂപ | 3,74,485.06 റൗണ്ട് ചെയ്ത് 3,74,485രൂപ |

ചീഫ് എഞ്ചിനിയറുടെ നിർദ്ദേശങ്ങൾക്കും IRCസ്പെസിഫിക്കേഷനും വിരുദ്ധമായി ചെയ്ത പ്രവൃത്തിക്ക് ചെലവ് ചെയ്ത 3,74,485 രൂപ നിരാകരിക്കുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥൻ, സാങ്കേതികാനുമതി നൽകിയ ഉദ്യോഗസ്ഥൻ, പ്രവൃത്തിയുടെ അളവ്പരിശോധിച്ച (checkmeasure) ഉദ്യോഗസ്ഥൻ എന്നിവരിൽ നിന്നും നഷ്ടതുക തുല്യമായി ഈടാക്കേണ്ടതാണ്.

## 3-8 <u>ബിറ്റുമിൻപ്രവൃത്തിക്ക് ബിറ്റുമിന്റെ മാർക്കറ്റ് വിലയേക്കാൾ കൂടുതൽ നിരക്ക് ഉൾപ്പെടുത്തി-പഞ്ചായത്തിന് നഷ്ടം</u>

ഓഡിറ്റ് വർഷം റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ഡൽഹി ഷെഡ്യൂൾ നിരക്കാണ് ബാധകമാക്കിയത്.ഫയൽ പരിശോധിച്ചതിൽ ബിറ്റുമിന്റെ മാർക്കറ്റ് നിരക്കിലുള്ള വില ഷെഡ്യൂൾ നിരക്കിനേക്കാൾ കുറവായതിനാൽ പ്രവൃത്തികൾക്ക് അധികനിരക്ക് അനുവദിച്ചതായി കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

DSRകോഡ് 16.30.1പ്രകാരം റോഡിന്റെ ഉപരിതലത്തിൽ VG-10ബിറ്റുമിൻ ടാക്ക് കോട്ട് ചെയ്യുന്ന പ്രവൃത്തിക്ക് ബിറ്റുമിന്റെ മാർക്കറ്റ് വിലയേക്കാൾ കൂടുതൽ നിരക്ക് നൽകിയിട്ടുണ്ട്. നൽകിയ നിരക്കും നൽകേണ്ട നിരക്കും താഴെ ചേർക്കുന്നു.11/2015ലെ VG-30,VG-10 ബിറ്റുമിന്റെ നികുതി ഉൾപ്പെടെയുള്ള മാർക്കറ്റ് വില യഥാക്രമം 33196 രൂപയും 30820 രൂപയുമാണെടുത്തിട്ടുള്ളത്.

കോസ്റ്റ് ഇൻഡക്സ് (cost index)ആയി 1.343, 1.381 എന്നീ രണ്ട് മൂല്യങ്ങൾ എടുത്തതിനാൽ രണ്ട് ഇൻഡക്സ് പ്രകാരവുമുള്ള നിരക്ക് കണക്കാക്കിയിട്ടുണ്ട്

| വിശദാംശം | യൂണിറ്റ് | അളവ് | നിരക്ക് | നൽകിയ തുക | നൽകേണ്ട തുക |
|---|---|---|---|---|---|
| VG-30ബിറ്റുമിൻ വിനിയോഗിച്ചുള്ള പേവിംഗ് | ടൺ | .075 | 41000 | 3075 | 2090(33196) |
| ബിറ്റുമിൻ കടത്ത്കൂലി | -ടി- | -ടി- | 106.49 | 7.99 | 7.99 |
| സ്റ്റീംകോൾ(steamcoal) | ക്വിന്റൽ | 0.150 | 400 | 60 | 60 |
| സ്റ്റീംകോൾകടത്ത്കൂലി | ടൺ | .015 | 121.70 | 1.83 | 1.83 |
| വൈർ ബ്രഷ് | ഒന്ന് | .050 | 20 | 1 | 1 |
| സോഫ്റ്റ് ബ്രഷ് | -ടി- | .120 | 18 | 2.16 | 2.16 |
| ചാക്കുകൾ | | 7.800 | 1.78 | 13.88 | 13.88 |
| കോൾടാർ സ്പ്രേയർ വാടക | പ്രതിദിനം | .030 | 300 | 9 | 9 |
| പലവക | LS | 9.1 | 1.78 | 16.2 | 16.2 |
| മേറ്റ് | തൊഴിൽദിനം | .060 | 363 | 21.78 | 21.78 |

| | | | | | |
|---|---|---|---|---|---|
| ബെൽഡാർ(beldar)ബിറ്റുമിൻ ചൂടാക്കുന്നതിന് | -ടി- | 1.460 | 329 | 480.34 | 480.34 |
| ബെൽഡാർ(beldar)ടാക്ക് കോട്ട് ചെയ്യുന്നതിന് | -ടി- | .190 | 329 | 62.51 | 62.51 |
| ബെൽഡാർ(beldar) | -ടി- | .470 | 329 | 154.63 | 154.63 |
| | | | ആകെ | 3906.32 | 3321.32 |
| വാട്ടർ ചാർജ്ജ്(1%), കരാറ്കാരന്റെ ലാഭം(10%), ഓവർഹെഡ് ചാർജ്ജ്(5%) | | | | 39.06<br>631.26 | 33.21<br>503.18 |
| 100ചതുരശ്രമീറ്റർ ചെയ്യുന്നതിന് | | | | 4537.19 | 3857.71 |
| 1ചതുരശ്രമീറ്റർ ചെയ്യുന്നതിന് | | | | 45.37 | 38.58 |
| കോസ്റ്റ് ഇൻഡക്സ്(1.381) | | | | 62.66 | 53.28 |
| കോസ്റ്റ് ഇൻഡക്സ്(1.3143) | | | | 59.63 | 50.71 |

ഗുണഭോക്തൃകമ്മറ്റിയാണ് പ്രവൃത്തി ചെയ്യുന്നതെങ്കിൽ വാട്ടർ ചാർജ്ജും കരാറ്കാരന്റെ ലാഭവും ഓവർഹെഡ് ചാർജ്ജും ഒഴിവാക്കിയുള്ള നിരക്കാണ് സ്വീകരിക്കുന്നത്. 33.21x1.381(കോസ്റ്റ് ഇൻഡക്സ്)=45.86ഒരു ചതുരശ്രമീറ്റർ ടാക്ക് കോട്ട് ചെയ്യുന്നതിന്.കോസ്റ്റ് ഇൻഡക്സ് 1.3143 ആണെടുത്തതെങ്കിൽ 33.21x1.3143=43.65

DSRകോഡ് 16.32.2പ്രകാരം റോഡിന്റെ ഉപരിതലത്തിൽ ബിറ്റുമിൻ ചിപ്പിംഗ് കാർപ്പറ്റ് ചെയ്യുന്ന പ്രവൃത്തിക്ക് ബിറ്റുമിന്റെ മാർക്കറ്റ് വിലയേക്കാൾ കൂടുതൽ നിരക്ക് നൽകിയിട്ടുണ്ട്. നൽകിയ നിരക്കും നൽകേണ്ട നിരക്കും താഴെ ചേർക്കുന്നു.11/2015ലെ VG-30 ബിറ്റുമിന്റെ നികുതി ഉൾപ്പെടെയുള്ള മാർക്കറ്റ് വിലയാണ് എടുത്തിട്ടുള്ളത്.(33196)

| വിശദാംശം | യൂണിറ്റ് | അളവ് | നിരക്ക് | നൽകിയ തുക | നൽകേണ്ട തുക |
|---|---|---|---|---|---|
| VG-30ബിറ്റുമിൻ വിനിയോഗിച്ചുള്ള പേവിംഗ് | ടൺ | .144 | 41000 | 5904 | 4780.22(33196) |
| ബിറ്റുമിൻ കടത്ത്കൂലി | -ടി- | -ടി- | 106.49 | 15.23 | 15.23 |
| സ്റ്റോൺ സ്ക്രീനിംഗ്സ്12.5/13.2mm | ഘനമീറ്റർ | 1.800 | 1250 | 2250 | 2250 |
| സ്റ്റോൺ സ്ക്രീനിംഗ്സ്10/11.2mm | -ടി- | .900 | 1250 | 1125 | 1125 |
| -ടി- കടത്ത്കൂലി | -ടി- | 2.700 | 106.49 | 287.52 | 287.5 |
| സ്റ്റീംകോൾ(steamcoal) | ക്വിന്റൽ | 0.288 | 400 | 115.2 | 115.2 |
| സ്റ്റീംകോൾകടത്ത്കൂലി | ടൺ | .029 | 121.70 | 3.50 | 3.50 |

| | | | | | |
|---|---|---|---|---|---|
| വൈർ ബ്രഷ് | ഒന്ന് | .110 | 20 | 2.2 | 2.2 |
| സോഫ്റ്റ് ബ്രഷ് | -ടി- | .320 | 18 | 5.76 | 5.76 |
| ചാക്കുകൾ,ചൂലുകൾ | LS | 6.760 | 1.78 | 12.03 | 12.03 |
| കോൾടാർ ബോയ്ലർ വാടക | പ്രതിദിനം | .130 | 830 | 107.9 | 107.9 |
| പലവക | LS | 9.490 | 1.78 | 16.89 | 16.89 |
| മേറ്റ് | തൊഴിൽദിനം | .080 | 363 | 29.04 | 29.04 |
| കൂലിബിറ്റുമിൻ ചൂടാക്കുന്നതിന് | -ടി- | 1.400 | 329 | 460.60 | 460.60 |
| ബെൽഡാർ(beldar) | -ടി- | .570 | 329 | 187.53 | 187.53 |
| ബെൽഡാർ(beldar) | -ടി- | 1.400 | 329 | 460.60 | 460.60 |
| ബെൽഡാർ(beldar) | -ടി- | 5 | 329 | 1645 | 1645 |
| മിസ്ത്രി | -ടി- | .190 | 435 | 82.65 | 82.65 |
| ചൗക്കിദാർ | | .270 | 329 | 88.83 | 88.83 |
| ഭിഷ്തി | | .110 | 363 | 39.93 | 39.93 |
| ഡീസൽ റോഡ് റോളർ വാടക | പ്രതിദിനം | .110 | 1500 | 165 | 165 |
| ഡീസൽ ഓയിൽ | ലിറ്റർ | 2 | 55.49 | 110.98 | 110.98 |
| കടത്ത് കൂലി | LS | 2.730 | 1.78 | 4.86 | 4.86 |
| ബിറ്റ്മിൻ മിക്സർ | പ്രതിദിനം | .040 | 4000 | 160 | 160 |
| | | | ആകെ | 13280.35 | 12156.45 |
| വാട്ടർ ചാർജ്ജ്(1%), കരാറ്കാരന്റെ ലാഭം(10%), ഓവർഹെഡ് ചാർജ്ജ്(5%) | | | | 132.80<br>2011.97 | 121.56<br>1841.7 |
| 100ചതുരശ്രമീറ്റർ ചെയ്യുന്നതിന് | | | | 15425.12 | 14119.71 |
| 1ചതുരശ്രമീറ്റർ ചെയ്യുന്നതിന് | | | | 154.25 | 141.20 |
| കോസ്റ്റ് ഇൻഡക്സ്(1.381) | | | | 213.02 | 195 |

| | | | | | |
|---|---|---|---|---|---|
| കോസ്റ്റ് ഇൻഡക്സ്(1.3143) | | | | 202.73 | 185.58 |

ഗുണഭോക്തൃകമ്മറ്റിയാണ് പ്രവൃത്തി ചെയ്യുന്നതെങ്കിൽ വാട്ടർ ചാർജ്ജും കരാറ്കാരന്റെ ലാഭവും ഓവർഹെഡ് ചാർജ്ജും ഒഴിവാക്കിയുള്ള നിരക്കാണ് സ്വീകരിക്കുന്നത്.121.56x1.381(കോസ്റ്റ് ഇൻഡക്സ്)=167.88ഒരു ചതുരശ്രമീറ്റർ ചിപ്പിംഗ് കാർപ്പറ്റ് ചെയ്യുന്നതിന്.കോസ്റ്റ് ഇൻഡക്സ് 1.3143 ആണെടുത്തതെങ്കിൽ121.56x1.3143=159.77

DSRകോഡ് 16.41പ്രകാരം ബിറ്റുമിൻ ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട് ചെയ്യുന്ന പ്രവൃത്തിക്ക് ബിറ്റുമിന്റെ മാർക്കറ്റ് വിലയേക്കാൾ കൂടുതൽ നിരക്ക് നൽകിയത് കാരണം നൽകിയ നിരക്കും നൽകേണ്ട നിരക്കും.11/2015ലെ VG-30 ബിറ്റുമിന്റെ നികുതി ഉൾപ്പെടെയുള്ള മാർക്കറ്റ് വിലയാണ് എടുത്തിട്ടുള്ളത്.(33196)

| വിശദാംശം | യൂണിറ്റ് | അളവ് | നിരക്ക് | നൽകിയ തുക | നൽകേണ്ട തുക |
|---|---|---|---|---|---|
| VG-30ബിറ്റുമിൻ വിനിയോഗിച്ചുള്ള പേവിംഗ് | ടൺ | .098 | 41000 | 4018 | 3253.21(33196) |
| ബിറ്റുമിൻ കടത്ത്കൂലി | -ടി- | -ടി- | 106.49 | 10.44 | 10.44 |
| സ്റ്റോൺ എഗ്രഗേറ്റ് .06mm | ഘനമീറ്റർ | .900 | 1140 | 1026 | 1026 |
| -ടി- കടത്ത്കൂലി | -ടി- | .900 | 106.49 | 95.84 | 95.84 |
| സ്റ്റീംകോൾ(steamcoal) | ക്വിന്റൽ | 1.960 | 400 | 784 | 784 |
| സ്റ്റീംകോൾകടത്ത്കൂലി | ടൺ | .196 | 121.70 | 23.85 | 23.85 |
| വൈർ ബ്രഷ് | ഒന്ന് | .050 | 20 | 1 | 1 |
| സോഫ്റ്റ് ബ്രഷ് | -ടി- | .120 | 18 | 2.16 | 2.16 |
| കോൾടാർ ബോയ്ലർ വാടക | പ്രതിദിനം | .060 | 830 | 49.8 | 49.8 |
| പലവക | LS | 18.20 | 1.78 | 32.40 | 32.40 |
| മേറ്റ് | തൊഴിൽദിനം | .110 | 363 | 39.93 | 39.93 |
| കൂലിബിറ്റുമിൻ ചൂടാക്കുന്നതിന് | -ടി- | 1.400 | 329 | 460.60 | 460.60 |
| ബെൽഡാർ(beldar) | -ടി- | .690 | 329 | 227.01 | 227.01 |
| ബെൽഡാർ(beldar) | -ടി- | 1.400 | 329 | 460.60 | 460.60 |
| ബെൽഡാർ(beldar) | -ടി- | .510 | 329 | 167.79 | 167.79 |
| മേറ്റ് | തൊഴിൽദിനം | .050 | 363 | 18.15 | 18.15 |
| മിസ്ത്രി | -ടി- | .040 | 435 | 17.40 | 17.40 |
| കോൾടാർസ്പ്രേയർവാടക | | .060 | 300 | 18 | 18 |

| | | | | | |
|---|---|---|---|---|---|
| ചൗക്കിദാർ | | .150 | 329 | 49.35 | 49.35 |
| ഭിഷ്ടി | | .060 | 363 | 21.78 | 21.78 |
| ഡീസൽ റോഡ് റോളർ വാടക | പ്രതിദിനം | .060 | 1500 | 90 | 90 |
| ഡീസൽ ഓയിൽ | ലിറ്റർ | 1.080 | 55.49 | 59.93 | 59.93 |
| ചാക്കുകൾ,ചൂലുകൾ | LS | 2.730 | 1.78 | 4.86 | 4.86 |
| ബിറ്റ്മിൻ സ്പ്രേയർ | പ്രതിദിനം | .060 | 363 | 21.78 | 21.78 |
| | | | ആകെ | 7700.67 | 6935.88 |
| വാട്ടർ ചാർജ്ജ്(1%), കരാറ്കാരന്റെ ലാഭം+ ഓവർഹെഡ് ചാർജ്ജ്(15%) | | | | 77<br>1166.65 | 69.36<br>1050.79 |
| 100ചതുരശ്രമീറ്റർ ചെയ്യുന്നതിന് | | | | 8944.32 | 8056.03 |
| 1ചതുരശ്രമീറ്റർ ചെയ്യുന്നതിന് | | | | 89.44 | 80.56 |
| കോസ്റ്റ് ഇൻഡക്സ്(1.381) | | | | 123.52 | 111.25 |
| കോസ്റ്റ് ഇൻഡക്സ്(1.3143) | | | | 117.55 | 105.88 |

ഗുണഭോക്തൃകമ്മറ്റിയാണ് പ്രവൃത്തി ചെയ്യുന്നതെങ്കിൽ വാട്ടർ ചാർജ്ജും കരാറ്കാരന്റെ ലാഭവും ഓവർഹെഡ് ചാർജ്ജും ഒഴിവാക്കിയുള്ള നിരക്കാണ് സ്വീകരിക്കുന്നത്. 69.36x1.381(കോസ്റ്റ് ഇൻഡക്സ്)=95.79 ഒരു ചതുരശ്രമീറ്റർ ചിപ്പിംഗ് കാർപ്പറ്റ് ചെയ്യുന്നതിന് കോസ്റ്റ്ഇൻഡക്സ് 1.3143ആണെടുത്തതെങ്കിൽ 69.36x1.3143=91.16

| ക്രമ നം | പ്രവൃത്തിയുടെ വിവരം | ബിറ്റുമിൻ വിനിയോഗിച്ച് ചെയ്ത ഇനവും ഡിഎസ്ആർ പ്രകാരം നൽകിയ തുകയും | നൽകേണ്ട നിരക്ക് | അധികം നൽകിയത് |
|---|---|---|---|---|
| 1 | നടുക്കണ്ടിപാറ കായണ്ണ റോഡ് ടാറിംഗ് S0067/16<br>എംബുക്ക് 70/15-16<br>ഡി.ഡി.നം 254801/ 11.4.16<br>(3,25,261 രൂപ)<br>ഡി.ഡി.നം 254802/ 11.4.16<br>(45,739രൂപ)<br>എഗ്രീമെന്റ് നം. AE/37/15-16/ 3.10.15<br>കരാറ്കാരൻ:പി.കെ.ശങ്ക രൻ.<br>അസിസ്റ്റന്റ്എഞ്ചിനിയർ:സൗധ.കെ അസിസ്റ്റന്റ്എക്സിക്യൂട്ടിവ് എഞ്ചിനിയർ:എ.എം.മാധവൻ<br>സാങ്കേതികാനുമതി തുക: 4,00,000<br>(349261-TFC,5000-തനത്,45739-MG(R)) | 1)VG-30 വിനിയോഗിച്ചുള്ള ടാക്ക് കോട്ട്-441 ചതുരശ്രമീറ്റർ. ചതുര ശ്രുമീറ്ററിന് 59.63 രൂപനിരക്കിൽ 26296.83രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്-441ചതുരശ്രമീറ്റർ. ചതുരശ്ര മീറ്ററിന് 202.73രൂപ നിരക്കിൽ 89,403.93രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-441ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 117.6 | 1)VG-30 വിനിയോഗിച്ചുള്ള ടാക്ക് കോട്ട്-441 ചതുരശ്രമീറ്റർ. ചതുരശ്രമീറ്ററിന് 50.71 രൂപ നിരക്കിൽ22,363.11രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്-441ചതുരശ്രമീറ്റർ. ചതുരശ്രമീറ്ററിന് 185.58രൂപ നിരക്കിൽ 81,840.78രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-441ചതുരശ്ര മീറ്റർ | 1,67,562.36-1,50,896.97= 16,665.39 |

| | | | | |
|---|---|---|---|---|
| | | രൂപ നിരക്കിൽ 51,861.6 രൂപ<br>ആകെ=1,67,562.36രൂപ | ചതുരശ്രമീറ്ററിന് 105.88 രൂപ നിരക്കിൽ 46,693.08 രൂപ<br>ആകെ=1,50,896.97രൂപ | |
| 2 | മുളിയങ്ങൽ ചെമ്പ്രത്തറ കോളനി റോഡ് S0086/16<br>എം.ബുക്ക് 32/15-16<br>ഡി.ഡി.നം. 251814/20.02.16<br>(1,64,315രൂപ) എഗ്രീമെന്റ്നം. AE/44/15-16/ 3.10.15<br>കരാറ്കാരൻ:പി.ഗഫൂർ<br>അസിസ്റ്റന്റ് എഞ്ചിനിയർ:സൗധ. കെ<br>അസിസ്റ്റന്റ്എക്സിക്യൂട്ടിവ് എഞ്ചിനിയർ:എ.എം.മാധവൻ<br>സാങ്കേതികാനുമതി തുക: 175000രൂപ<br>(MG(R) | 1)VG-30 വിനിയോഗിച്ചുള്ള ടാക്ക് കോട്ട്-189 ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 59.63 രൂപ നിരക്കിൽ11270.07രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്-189 ചതുരശ്രമീറ്റർ. ചതുരശ്ര മീറ്ററിന് 202.73രൂപ നിരക്കി ൽ 38315.97രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-189 ചതുരശ്രമീറ്റർ ചതുരശ്രമീറ്ററിന് 117.6 രൂപ നിരക്കിൽ22218.84രൂപ (22226.40രൂപ പരിമിതപ്പെടു ത്തി)<br>ആകെ=71,804.88രൂപ | 1)VG-30 വിനിയോഗിച്ചുള്ള ടാക്ക് കോട്ട്-189ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 50.71 രൂപ നിരക്കിൽ 9584.19രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പ റ്റ്-189ചതുരശ്രമീറ്റർ. ചതുരശ്രമീറ്ററിന് 185.58രൂപ നിരക്കിൽ 35,074.62രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-189 ചതുരശ്രമീറ്റർ ചതുരശ്രമീറ്ററിന് 105.88 രൂപനിരക്കിൽ 20011.32രൂപ<br>ആകെ=64,670.13രൂപ | 71,804.88-64,670.13= 7134.75 |
| 3 | മണാത്ത് മീത്തൽ കേളോ ത്ത് മീത്തൽ റോഡ് S0207/16<br>എം.ബുക്ക് – 56/15-16<br>ഡി.ഡി.നം. – 256595/10.08.16 (23,465രൂപ)<br>ഡി.ഡി.നം. -255411/16.04.16 (1,33,948രൂപ)<br>എഗ്രീമെന്റ് നം. AE/58/15-16/ 19.02.16<br>കൺവീനർ:ഇ.കൃഷ്ണൻ<br>അസിസ്റ്റന്റ് എഞ്ചിനിയർ:സൗധ കെ<br>അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ:എ.എം.മാധവൻ<br>സാങ്കേതികാനുമതി തുക: 200000രൂപ (29385-വികസനഫണ്ട്,23465-തനത്, 147150-MG(R)) | 1)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പ റ്റ്-378 ചതുരശ്രമീറ്റർ. ചതുര ശ്രമീറ്ററിന് 185.23രൂപ നിരക്കിൽ 70016.94രൂപ<br>2)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-378ചതുരശ്ര മീറ്റർ.ചതുരശ്രമീറ്ററിന് 107.42 രൂപ നിരക്കിൽ40604.76രൂപ<br>ആകെ=1,10,621.7രൂപ | 1)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്-378ചതുരശ്രമീറ്റർ. ചതുരശ്രമീറ്ററിന് 167.88രൂപ നിരക്കിൽ 63458.64രൂപ<br>2)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-378 ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 95.79 രൂപ നിരക്കിൽ 36208.62രൂപ<br>ആകെ=99,667.26രൂപ | 1,10,621.7-99667.26= 10954.44 |

| | | | | |
|---|---|---|---|---|
| 4 | തറയത്ത്മുക്ക് മേപ്പയ്യൂർ റോഡ് -S0048/16<br>എംബുക്ക് – 19/15-16<br>ഡി.ഡി.നം.-251815/10.08.16 (2,82,000രൂപ)<br>എഗ്രീമെന്റ് നം. AE/10/15-16/ 31.08.15<br>കൺവീനർ:പി.ഗഫൂർ<br>അസിസ്റ്റന്റ് എഞ്ചിനിയർ:സൗധ.കെ<br>അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ:എ.എം.മാധവൻ<br>സാങ്കേതികാനുമതി തുക: 300000രൂപ(MG(R)) | 1)VG-30 വിനിയോഗിച്ചുള്ള ടാക്ക് കോട്ട്-312 ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 59.63 രൂപ നിരക്കിൽ18604.56രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്-312 ചതുരശ്രമീറ്റർ. ചതുരശ്രമീറ്ററിന് 202.73രൂപ നിരക്കിൽ 63251.76രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-312 ചതുരശ്രമീറ്റർ ചതുരശ്രമീറ്ററിന് 117.6 രൂപ നിരക്കിൽ 36691രൂപ<br>ആകെ=1,18,547.32രൂപ | 1)VG-30 വിനിയോഗിച്ചുള്ള ടാക്ക് കോട്ട്-312ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 50.71 രൂപ നിരക്കിൽ11270.07രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്-312ചതുരശ്രമീറ്റർ. ചതുരശ്ര മീറ്ററിന് 185.58രൂപ നിരക്കിൽ 57994.56രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-312 ചതുരശ്രമീറ്റർ ചതുരശ്രമീറ്ററിന് 105.88 രൂപ നിരക്കിൽ 33034.56രൂപ<br>ആകെ=1,02,299.19രൂപ | 1,18,547.32-1,02,299.19= 16248.13 |
| 5 | ഹെൽത്ത് സെന്റർ രയ രോത്ത് മുക്ക് റോഡ്<br>S00196/16<br>എംബുക്ക് -4/15-16<br>ബിൽനം. -29/17.02.16(1,88,655രൂപ)<br>എഗ്രീമെന്റ് നം. AE/54/15-16/12.11.15<br>കൺവീനർ:പി.കെ. അസൈനാർ<br>അസിസ്റ്റന്റ്എഞ്ചിനിയർ:ഇ.ടി.അജിത്കമാർ.<br>അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ:എ.എം.മാധവൻ<br>സാങ്കേതികാനുമതി തുക: 2,00,000രൂപ (ലോകബാങ്ക് ധനസഹാ യം) | 1)VG-30 വിനിയോഗിച്ചുള്ള ടാക്ക് കോട്ട്-300ചതുരശ്രമീറ്റർ. ചതുരശ്രമീറ്ററിന് 54.48 രൂപ നിരക്കിൽ16,344രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ് -300ചതുരശ്രമീറ്റർ. ചതുരശ്രമീറ്ററിന് 185.23രൂപ നിരക്കിൽ 55,569 രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട് – 300 ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 107.42 രൂപ നിരക്കിൽ 32,226രൂപ<br>ആകെ=1,04,139രൂപ | 1)VG-30 വിനിയോഗിച്ചുള്ള ടാക്ക് കോട്ട്-300ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 45.86 രൂപ നിരക്കിൽ 13,758രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്-300ചതുരശ്രമീറ്റർ. ചതുരശ്രമീറ്ററിന് 167.88രൂപ നിരക്കിൽ 50,364രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട് - 300 ചതുരശ്രമീറ്റർ. ചതുരശ്രമീറ്ററിന് 95.79 രൂപ നിരക്കിൽ 28,737രൂപ<br>ആകെ=92,859രൂപ | 1,04,139- 92,859= 11,280രൂപ |
| 6 | കൈതക്കൽ തട്ടാംകണ്ടി എടവനത്തറ റോഡ് രണ്ടാംഘട്ടം S00199/16<br>എംബുക്ക് – 79/15-16<br>ഡിഡിനം.-254848/13.04.16(77,595രൂപ)<br>കൺവീനർ:കരുണാകരൻ<br>അസിസ്റ്റന്റ് എഞ്ചിനിയർ:സൗധ കെ<br>അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ:എ.എം.മാധവൻ<br>സാങ്കേതികാനുമതി തുക: 82,500രൂപ | 1)VG-30 വിനിയോഗിച്ചുള്ള ടാക്ക് കോട്ട്-98ചതുരശ്രമീ റ്റർ. ചതുരശ്രമീറ്ററിന് 54.48 രൂപ നിരക്കിൽ53,39.04രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ് -98ചതുരശ്രമീറ്റർ. ചതുരശ്ര മീറ്ററിന് 185.23 രൂപ | 1)VG-30 വിനിയോഗിച്ചുള്ള ടാക്ക് കോട്ട്-98ചതുരശ്രമീ റ്റർ. ചതുരശ്രമീറ്ററിന് 45.86 രൂപ നിരക്കിൽ4494.28രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്-98ചതുരശ്രമീറ്റർ. ചതുരശ്ര മീറ്ററിന് | 34,018.74-30,333.94= 3684.80 |

| | | | | |
|---|---|---|---|---|
| | (ലോകബാങ്ക് ധനസഹാ യം)<br>എഗ്രിമെന്റ് നം. AE/57c/15-16/19.02.16 | നിരക്കിൽ 18152.54 രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട് – 98 ചതുരശ്രമീറ്റർ. ചതുരശ്രമീറ്ററിന് 107.42 രൂപ നിരക്കിൽ10527.16രൂപ<br>ആകെ=34,018.74രൂപ | 167.88നിരക്കിൽ 16452.24 രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-98ചതുരശ്രമീ റ്റർ. ചതുരശ്രമീറ്ററിന് 95.79 രൂപ നിരക്കിൽ9387.42രൂപ<br>ആകെ=30,333.94രൂപ | |
| 7 | വായനശാല സ്കൂൾ കുരന്തറ റോഡ് S00182/16<br>എംബുക്ക് -25/15-16<br>ബിൽനം.-33/17.02.16(2,82,856രൂപ)<br>എഗ്രിമെന്റ് നം. AE/44A/15-16/3.10.15<br>കൺവീനർ:എം.കെ. ഷൈജു<br>അസിസ്റ്റന്റ് എഞ്ചിനിയർ: ഇ.ടി.അജി ത്കുമാർ.<br>അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ:എ.എം.മാധവൻ<br>സാങ്കേതികാനുമതി<br>തുക: 3,00,000രൂപ(MG(R)) | 1)VG-30 വിനിയോഗിച്ചുള്ള ടാക്ക് കോട്ട്-315ചതുരശ്രമീറ്റർ. ചതുരശ്രമീറ്ററിന്51.85രൂപ നിരക്കിൽ16332.75രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ് -315ചതുരശ്രമീറ്റർ. ചതുരശ്രമീറ്ററിന് 176.29രൂപ നിരക്കിൽ 55531.35 രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-315ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 102.26 രൂപ നിരക്കിൽ 32211.90രൂപ<br>ആകെ=1,04,076രൂപ | 1)VG-30 വിനിയോഗിച്ചുള്ള ടാക്ക് കോട്ട്-315ചതുരശ്രമീ റ്റർ. ചതുരശ്രമീറ്ററിന്43.65 രൂപ നിരക്കിൽ13749.75രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പ റ്റ്-315ചതുരശ്രമീറ്റർ. ചതുരശ്ര മീറ്ററിന് 159.77രൂപ നിരക്കിൽ 50327.55 രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-315ചതുരശ്രമീറ്റർ. ചതുരശ്രമീറ്ററിന് 91.16 രൂപ നിരക്കിൽ 28715.4രൂപ<br>ആകെ=92792.70രൂപ | 1,04,076-92,792.70= 11283.30 |
| 8 | മമ്മിളിക്കളം ആക്കുപറമ്പ് റോഡ് S0040/16<br>എംബുക്ക്25/15-16<br>ഡിഡിനം.251826/20.02.16 (3,67,028രൂപ)<br>എഗ്രിമെന്റ് നം. AE/23/15-16/22.09.15<br>കൺവീനർ:എം.ടി.മോഹനൻ<br>അസിസ്റ്റന്റ് എഞ്ചിനിയർ:സൗധ.കെ<br>അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ:എ.എം.മാധവൻ<br>സാങ്കേതികാനുമതി<br>തുക: 4,90,000രൂപ(MG(R)) | 1)പ്രിമിക്സ്ഡ്ചിപ്പിംഗ് കാർപ്പറ്റ്-1119.100ചതുരശ്രമീറ്റർ. ചതുരശ്രമീറ്ററിന് 176.29രൂപ നിരക്കിൽ 197286രൂപ<br>2)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-1119.100ചതുരശ്രമീറ്റർ. ചതുരശ്രമീറ്ററിന് 102.26 രൂപ നിരക്കിൽ114439.17രൂപ<br>ആകെ=3,11,725.17രൂപ | 1)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്-1119.100ചതുരശ്രമീറ്റർ. ചതുരശ്രമീറ്ററിന് 159.77രൂപ നിരക്കിൽ 178798.61 രൂപ<br>2)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-1119.100ചതുരശ്രമീറ്റർ. ചതുരശ്രമീറ്ററിന് 91.16 രൂപ നിരക്കിൽ102017.16 രൂപ<br>ആകെ=280815.77രൂപ | 3,11,725.17-2,80,815.77= 30909.40 |

| | | | | |
|---|---|---|---|---|
| | | | | |
| 9 | കൈതക്കൽ തട്ടാങ്കണ്ടി എടവനതറ റോഡ് രണ്ടാം ഘട്ടംS0155/16<br>എം.ബുക്ക് – 33/15-16, 90/15-16<br><br>ഡി.ഡി.നം.-251832/ 20.02.16(204828രൂപ)<br>ഡി.ഡി.നം.254863/13.04.16(163177രൂപ)<br>എഗ്രീമെന്റ്നം. AE/57/15-16/27.11. 15<br><br>കൺവീനർ:രാജീവൻ കെ.പി.<br>അസിസ്റ്റന്റ് എഞ്ചിനിയർ:സൗധ.കെ<br>അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ:എ.എം.മാധവൻ<br>സാങ്കേതികാനുമതി തുക: 5,00,000രൂപ<br>(417500-ലോകബാങ്ക് ധനസഹായം) | )VG-30 വിനിയോഗിച്ചുള്ള ടാക്ക് കോട്ട്-274.050 ചതുരശ്ര മീറ്റർ. ചതുരശ്രമീ റ്ററിന് 59.63 രൂപ നിരക്കിൽ 16341.6രൂപ<br><br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്-274.050 ചതുരശ്രമീറ്റർ. ചതുരശ്രമീറ്ററിന് 202.73രൂപ നിരക്കിൽ 55558.16രൂപ<br><br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-274.050 ചതുരശ്ര മീറ്റർ ചതുരശ്രമീറ്ററിന് 117.56 രൂപ നിരക്കിൽ32217.32രൂപ<br><br>ആകെ=1,04,117.08രൂപ | 1)VG-30 വിനിയോഗിച്ചുള്ള ടാക്ക് കോട്ട്-274.050ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 50.71 രൂപ നിരക്കിൽ 13897.08രൂപ<br><br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്-274.050ചതുരശ്രമീറ്റർ. ചതുരശ്രമീറ്ററിന് 185.58രൂപ നിരക്കിൽ 50858.2രൂപ<br><br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-274.050ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 105.88 രൂപനിരക്കിൽ 29016.41രൂപ<br><br>ആകെ=93,771.69രൂപ | 1,04,117.08-93,771.69= 10,345.39 |
| 10 | കുരിക്കച്ചാൽ അംഗൻവാടി റോഡ്S0065/16<br><br>എം.ബുക്ക്36/15-16<br><br>ഡി.ഡി.നം.251831/20.02.16(1,00,000രൂപ)<br>ഡി.ഡി.നം.256082/9.05.16(10000രൂപ)<br>ഡി.ഡി.നം.251825/20.02.16<br><br>(172000രൂപ എഗ്രീമെന്റ് നം. AE/40/15-16/3.10.15<br><br>കൺവീനർ:പി.കെ. രാജൻ<br>അസിസ്റ്റന്റ് എഞ്ചിനിയർ:സൗധ.കെ<br>അസിസ്റ്റന്റ്എക്സിക്യൂട്ടിവ് എഞ്ചിനിയർ:എ.എം.മാധവൻ<br>സാങ്കേതികാനുമതി തുക: 3,00,000രൂപ<br>(190,000-13ാം ധനകാര്യ കമ്മിഷൻ ഗ്രാന്റ്, 10000-<br>തനത് ഫണ്ട് 100000- MG(R) | 1)VG-30 വിനിയോഗിച്ചുള്ള ടാക്ക് കോട്ട്-444ചതുരശ്രമീറ്റർ. ചതുരശ്രമീറ്ററിന്51.85രൂപ നിരക്കിൽ23021.4രൂപ<br><br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ് - 444ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 176.29രൂപ നിരക്കിൽ 78272.76 രൂപ<br><br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-444 ചതുരശ്രമീറ്റർ. ചതുരശ്രമീറ്ററിന് 102.26 രൂപ നിരക്കിൽ 45403.44രൂപ<br><br>ആകെ=1,46,697.6രൂപ | 1)VG-30 വിനിയോഗിച്ചുള്ള ടാക്ക് കോട്ട്-444ചതുരശ്രമീറ്റർ. ചതുരശ്രമീറ്ററിന്43.65 രൂപ നിരക്കിൽ19380.6രൂപ<br><br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്-444ചതുരശ്രമീറ്റർ. ചതുരശ്രമീറ്ററിന് 159.77രൂപ നിരക്കിൽ 70937.88 രൂപ<br><br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-444ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 91.16 രൂപ നിരക്കിൽ 40475.04രൂപ<br><br>ആകെ=1,30,793.52രൂപ | 1,46,697.6-1,30,793.52= 15904.08 |
| | | | ആകെ | 1,34,409.68റൗണ്ട് ചെയ്ത് 1,34,410രൂപ |

ബിറ്റുമിന്റെ മാർക്കറ്റ് വിലയെക്കാൾ കൂടുതലുള്ള ഡിഎസ്ആർ നിരക്ക് ഉൾപ്പെടുത്തി ബിറ്റുമിൻ പ്രവൃത്തിക ളുടെ നിരക്ക് നിർണ്ണയിച്ചതിനാൽ കരാറ്കാരന് അധികമായി നൽകിയ 1,34,410രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 3-9 ജലസേചനവകുപ്പിന്റെ സ്ഥലത്ത് പഞ്ചായത്ത് ഫണ്ടുപയോഗിച്ച് റോഡ് നിർമ്മിച്ചു

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണഉദ്യോഗസ്ഥനായ പദ്ധതികളുടെ ചെലവ് പരിശോധനയിൽ ജലസേചനവകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് റോഡ് നിർമ്മിച്ചതിന് പഞ്ചായത്ത് ഫണ്ടിൽ നിന്ന്ചെലവ് ചെയ്തതായി കാണുന്നു. പഞ്ചായത്തിന് കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണ ത്തിന് മാത്രം വിനിയോഗിക്കാവുന്ന സംരക്ഷണഗ്രാന്റും ഇതിനായി ഉപയോഗിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | പദ്ധതിയുടെ വിവരങ്ങൾ | ചെയ്ത പ്രവൃത്തി | ആകെ ചെലവ് |
|---|---|---|---|
| 1 | വരയങ്കണ്ടിത്താഴ തിരുമംഗലത്ത് റോഡ്. S0184/16.എംബുക്ക്62/15-16. എഗ്രിമെന്റ് നം.13/15-16/14.9.15. കരാറുകാരൻ:ഡി.എം.കുഞ്ഞിക്കണ്ണൻ<br>സാങ്കേതികാനുമതി:3,00,000.(95000-ഫിനാൻസ് കമ്മിഷൻ ഗ്രാന്റ്,200000-സംരക്ഷണഗ്രാന്റ്(റോഡ്),5000-തനത് ഫണ്ട്)വൗച്ചർ നം.21501099/28.3.16(95000രൂപ) ഡിഡിനം255401/16.4.2016(1,82000രൂപ) | മണ്ണ് ഫില്ലിംഗ്പ്രവൃത്തി, ക്വോറി മക്കിടുന്ന പ്രവൃത്തി,സബ് ബേസ് മെറ്റലിംഗം,ബേസ് മെറ്റലിംഗം. | 2,95,000രൂപ |
| 2 | മോതിരക്കോട്ട് താഴ തയ്യിൽതാഴ കനാൽ നടപ്പാത നിർമ്മാണം.S0032/16എംബുക്ക്86 /15-16. എഗ്രിമെന്റ് നം.59B/15-16 /14.9.15. കരാറുകാരൻ:കെ.അബ്ദുറഹ്മാൻ<br>സാങ്കേതികാനുമതി:2,00,000.(1,95,000-ഫിനാൻസ് കമ്മിഷൻ ഗ്രാന്റ്,5000-തനത് ഫണ്ട്) വൗച്ചർ നം.21501098/28.3.16 (1,95000രൂപ) | റോഡിന്റെ പാർശ്വഭിത്തി നിർമ്മാണം,റോഡിന് ക്രോസ് ഡ്രെയിൻ നിർമ്മാണം. | 1,95,000രൂപ |
| | | ആകെ | 4,90,000രൂപ |

ജലസേചനവകുപ്പിന്റെ പ്രദേശത്ത് പഞ്ചായത്തിന്റെ ഫണ്ട് വിനിയോഗിച്ച് പ്രവൃത്തി നടത്തിയതിന്റെ ആവശ്യകത വ്യക്തമല്ല.വരയങ്കണ്ടിത്താഴ തിരുമംഗലത്ത് റോഡിന്റെ പ്രവൃത്തിക്ക് ഉത്തരവ് നം.D6.PSM/2009തീ.1.1.2010 പ്രകാരം പഞ്ചായത്തിന് അനുമതി ലഭിച്ചതായി കാണുന്നു.ഉത്തരവ് തീയ തി മുതൽ 6മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയായില്ലെങ്കിൽ അനുമതി റദ്ദാവുന്നതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.പിന്നീട് അനുമതി ലഭിച്ചതിന്റെ രേഖയില്ല.പഞ്ചായത്തിന്റെ റോഡുകളിലെ പ്രവൃത്തികൾ പൂർത്തിയാക്കാനുള്ളപ്പോൾ ജലസേചനവകുപ്പിന്റെ സ്ഥലത്ത് പ്രവൃത്തി നടത്താൻ അപേക്ഷ നൽകിയതിന്റേ യും അനുമതിയില്ലാതെ പ്രവൃത്തി ചെയ്യാനുമുള്ള കാരണം വ്യക്തമല്ല.

പഞ്ചായത്തിന്റെ പ്രവൃത്തികൾക്ക് അനുവദിച്ച തുക പഞ്ചായത്തിന്റേതല്ലാത്ത സ്ഥലത്ത് ചെലവ് ചെയ്തത് കാരണം 4,90,000രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ചെലവിനടിസ്ഥാനമാക്കിയ അനുമതി വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-10 പെററി റിപ്പയർ വർക്ക്- സർക്കാർ നിർദ്ദേശവും വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല സമിതിയുടെ നിർദ്ദേശവും പാലിച്ചില്ല.

10.01.2000 ലെ 4676/പി.3/99/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് അടിയന്തിര ഘട്ടത്തിൽ 10,000/- രൂപ വരേയുള്ള പെറ്റി വർക്കുകളാണ് തനത് ഫണ്ട് വിനിയോഗിച്ച് ജില്ലാ ആസൂത്രണ സമിതിയുടെ മുൻകൂർ അനുമതി ഇല്ലാതെ ഏറ്റെടുക്കാവുന്നത്. ഈ രീതിയിൽ ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ തുടർന്നു ജില്ലാ ആസൂത്രണ സമിതിക്ക് റിപ്പോർട്ട് ചെയ്ത് സാധൂകരണം വാങ്ങി നടപടി ഉത്തരവിൽ ഉൾപ്പെടുത്തണം. (ഗവ. ലെററർ നം.39957/ ഡി.ബി/09/ ത.സ്വ.ഭ.വ. 08-08-2009, വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല സമിതിയുടെ 23-07-2009 ലെ തീരുമാനം.

23) എന്നാൽ ഓഡിറ്റ് വർഷത്തിൽ തനത് ഫണ്ട് വിനിയോഗിച്ച് വിവിധ ഇനങ്ങൾക്ക് അടിയന്തിര റിപ്പയർ വർക്കുകൾ നടത്തിയത് ജില്ലാ ആസൂത്രണ സമിതിക്ക് റിപ്പോർട്ട് ചെയ്യുകയോ, സാധൂകരണത്തിന വാങ്ങി നടപടി ഉത്തരവിൽ ഉൾപ്പെടുത്തുകയോ ചെയ്തില്ല. പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര്, | വൗച്ചർ നമ്പർ, തീയ്യതി | ചെലവ് തുക | ചെക്ക്/ ഡി.ഡി. നമ്പർ തീയ്യതി. |
|---|---|---|---|
| പുള്ളുവൻകണ്ടി - തറയത്ത് മുക്ക് റോഡിൽ 5 ലോഡ് ക്വാറി വെയ്സ്റ്റ് ഇറക്കിയ വകയിൽ ശ്രീ.സി.കെ.ബാലൻ എന്നവർക്ക് നൽകിയ തുക | 21501088, 31.03.2016 | 15,000 | 117981, 31.03.2016 |
| പഞ്ചായത്ത് ഓഫീസിലെ സെർവർ കമ്പ്യൂട്ടർ, യു.പി.എസ് എന്നിവയുടെ എ.എം.സി പുതുക്കുന്നതിന് തുക അടവാക്കിയത് | 21500361, 01.09.2015 | 35,630 | 579700, 579901 01.09.2015 |
| കൈതക്കൽ പൊയിലോപ്പാറ റോഡ് ഡ്രെയിനേജ് ക്ലീനിംഗ് | 21500541, 21.11.2015 | 10,000 | 117075, 21.11.2015 |
| നാലാം വാർഡ് ശുചീകരണത്തിന്റെ ഭാഗമായി ഡ്രെയിനേജ് ക്ലീനിംഗ് | 21500811, 10.02.2016 | 10,000 | 117155, 10.02.2016 |
| കോളോത്ത് റോഡ് ഡ്രെയിനേജ് ക്ലീനിംഗ് | 21500256, 21.07.2015 | 10,500 | 117238, 21.07.2015 |
| 21 വാർഡുകളിലെ സേവാഗ്രാമ കേന്ദ്രങ്ങൾക്ക് ബോർഡ് സ്ഥാപിക്കൽ | 2150187, 18.06.2015 | 34,000 | 117205, 18.06.2015 |
| മുളിയങ്ങൽ ബസ്സ്റ്റോപ്പ് നിർമ്മാണ പ്രവർത്തിക്ക് എസ്റ്റിമേറ്റ് തുകയിലും അധികം ചെലവായ തുക കൺവീനർ ശ്രീ.വി.എം.മനോജ് കുമാർ എന്നവർക്ക് അനുവദിച്ചു | 21500162, 03.06.2015 | 10,000 | 117543, 03.06.2015 |
| ആകെ | | 1,25,130 | |

സർക്കാർ നിർദ്ദേശം പാലിക്കാതെ പെറ്റി വർക്കുകൾക്കായി ചെലവഴിച്ച തുക 1,25,130/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ചെലവിനാധാരമാക്കിയ അനുമതി വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-11 മരാമത്ത് പ്രവൃത്തികൾ-പൊതുഅപാകതകൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ചത് സംബന്ധിച്ച രേഖകൾ പരിശോ ധിച്ചതിൽ ശ്രദ്ധയിൽ പ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1)16.11.13ലെ ജി.ഒ.(എം.എസ്)362/2013തസ്വഭവ പ്രകാരം പഞ്ചായത്തിലെ റോഡ്/റോഡിതര ആസ്തികളുടെ സംരക്ഷണം സംബന്ധിച്ച ഒരു മെയിന്റനൻസ് പ്ലാൻ തയ്യാറാക്കണമെന്ന് പറയുന്നു. എന്നാൽ മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല.

2)ഓരോ തദ്ദേശസ്ഥാപനവും കണക്റ്റിവിറ്റി മാപ്പും കണക്ടിവിറ്റി പ്ലാനും നിർബ്ബന്ധമായും തയ്യാറാക്കണമെന്ന് നിഷ്കർഷിക്കുന്നു. പഞ്ചായത്ത് ഇത് രണ്ടും തയ്യാറാക്കിയിട്ടില്ല.

3)മരാമത്ത് ബില്ലുകളിൽ കരാറുകാരിൽ നിന്നും 4%വാറ്റ് ഈടാക്കിയിട്ടുണ്ട്. എന്നാൽ കരാറുകാരുടെ വാറ്റ് കോമ്പൗണ്ട് ചെയ്ത വിൽപ്പനനികുതി വകുപ്പിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

4)പ്രവൃത്തികളുടെ എംബുക്കിൽ അളവെടുക്കുന്ന എഞ്ചിനിയറുടെയും അളവ് പരിശോധിക്കുന്ന എഞ്ചിനിയറുടെയും

പേരെഴുതുന്നില്ല.

5)എംബുക്ക് സ്റ്റോക്ക് രജിസ്റ്റർ,സാങ്കേതികാനുമതി രജിസ്റ്റർ,വർക്ക് രജിസ്റ്റർ, സെക്യൂരിട്ടി രജിസ്റ്റർ എന്നിവയൊന്നും സൂക്ഷിക്കുന്നില്ല.

6)ഓഡിറ്റ് വർഷം കരാറ്കാർ നേരിട്ടാണ് ബിറ്റുമിൻ വാങ്ങിയത്.എന്നാൽ ബിറ്റുമിൻ വാങ്ങിയ ബില്ലുകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-12 എം.പി.ഫണ്ട്, മറ്റ് സർക്കാർ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന തുക എന്നിവ വിനിയോഗിച്ച് സമഗ്ര പദ്ധതികൾ രൂപീകരിക്കുന്നില്ല.

16.11.2013ലെ(എം.എസ്)362/13/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ) ഖണ്ഡിക. നമ്പർ 11.9.(എ.ബി.സി.ഡി.) പ്രകാരം തദ്ദേശഭരണ സ്ഥാപനം പദ്ധതിയിൽ ഉൾപ്പെടുത്തിയോ അല്ലാതെയോ ചെയ്യേണ്ടുന്നതും, തദ്ദേശഭരണ സ്ഥാപനവുമായി ചേർന്നോ അല്ലാതെയോ മറ്റ് വകുപ്പുകളോ ഏജൻസികളോ, സ്ഥാപനങ്ങളോ, സംഘടനകളോ, മിഷനുകളോ, വ്യക്തികളോ ചെയ്യേണ്ടുന്നതും വിവിധ മേഖലകളിൽപ്പെടുന്നതുമായ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് സമഗ്ര പരിപാടികൾ തയ്യാറാക്കണം. ഇപ്രകാരം തയ്യാറാക്കുന്ന സമഗ്ര പരിപാടിയിൽ വിഭവസമാഹരണവും, സമഗ്രതയും ഉറപ്പ് വരുത്തുന്നതിനായി അതാത് തദ്ദേശഭരണ സ്ഥാപങ്ങൾ ഉൾകൊള്ളുന്ന നിയോജകമണ്ഡലാടിസ്ഥാനത്തിൽ അതാത് എം.എൽ.എ, എം.പി.മാരുടെ നേതൃത്വത്തിൽ യോഗം ചേർന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി സംയോജനം നടത്തണം. എന്നാൽ മേൽ രീതിയിലെ പ്രവർത്തനങ്ങൾ ഓഡിറ്റ് വർഷത്തിൽ നടപ്പാക്കിയിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളിൽ എം.പി.യുടെ വികസന ഫണ്ട്, സംസ്ഥാന പട്ടികജാതി, പട്ടിവർഗ്ഗ വകുപ്പിൽ നിന്നും ലഭിച്ച കോർപ്പസ് ഫണ്ട്, വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് ഉടങ്ങിയവ വിനിയോഗിച്ച് വിവിധ മരാമത്ത് പ്രവൃത്തികൾക്ക് തുക ചെലവഴിക്കുന്നത് പദ്ധതി രൂപീകരണമില്ലാതെയാണ്. 1994 ലെ കേരള പഞ്ചാത്ത് രാജ് നിയമം 3എ(ബി) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കേണ്ട പദ്ധതികളുടേയും വികസന പരിപാടികളുടേയും നിർദ്ദേശ്ശങ്ങൾക്ക് രൂപം നൽകുകയും മുൻഗണന നിർദ്ദേശ്ശിക്കുകയും ചെയ്യേണ്ടത് ഗ്രാമസഭയുടെ അധികാരങ്ങളിലും, ചുമതലകളിലും, അവകാശങ്ങളിലും പെടുന്നവയാണ്. എന്നാൽ ഗ്രാമസഭകളിൽ ചർച്ച ചെയ്യാപ്പെടാതെയാണ് മേൽ വിവരിച്ച തരത്തിലുള്ള ഫണ്ടുകൾ വിനിയോഗിക്കുന്നത്. അപാകത പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-13 വിസിറ്റിംഗ് വിസ സമർപ്പിച്ചവർക്ക് സബ്സിഡി നൽകി.

പ്രോജക്റ്റ് നം. പേര് - 7/15-16, യുവജന വികസന പദ്ധതി
നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ തുക - 3,85,600 /- (വികസന ഫണ്ട്, എസ്.സി.പി)
ചെലവ് തുക – 3,85,600/- (ബിൽ നം.8/15-16, 26.03.2016)

പഞ്ചായത്ത് പരിധിയിലെ പട്ടികജാതി വിഭാഗത്തിൽപെട്ട കുടുംബങ്ങളിലെ യുവതീയുവാക്കൾക്ക് വിദേശത്ത് ജോലിക്ക് പോകുന്നതിന് ധനസഹായം, പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം, ഹൈസ്കൂൾ പ്ലസ് ടു വിദ്യാർത്ഥികൾക്ക് ഫർണിച്ചറുകൾ എന്നീ ലക്ഷ്യങ്ങൾ നടപ്പാക്കുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയത്. പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും വിദേശത്ത് ജോലിക്ക് പോകുന്നതിനായി ധനസഹായം അനുവദിച്ച ശ്രീ.അനിലാഷ് കുമാർ.കെ.വി. എന്നവർ സമർപ്പിച്ച വിസ

തൊഴിലിനായിട്ടുള്ളതല്ല എന്ന് കാണുന്നു. 16.11.2013 ലെ (എം.എസ്) 362/2013/ത.സ്വ.ഭ.വ നം. ഉത്തരവ് (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ) അനുബന്ധം.16 ഖണ്ഡിക 6.8പ്രകാരം വിദേശത്ത് തൊഴിൽ ലഭ്യമാകുന്ന പക്ഷം തൊഴിൽ വിസയും, ടിക്കറ്റും ഹാജരാക്കുന്ന മുറക്ക് ധനസഹായം നൽകാവുന്നതാണ്. എന്നാൽ ശ്രീ.അനിലാഷ് കുമാർ.കെ.വി. എന്നവർ സുൽത്താനേറ്റ് ഓഫ് ഒമാൻ എന്ന രാജ്യത്ത് വിസിറ്റിംഗ് നടത്തുന്നതിന് അനുമതിയുള്ള വിസയാണ് പഞ്ചായത്തിൽ സമർപ്പിച്ചത്. വിദേശ രാജ്യത്ത് വിസിറ്റിംഗ് നടത്തുന്നതിന് പഞ്ചായത്തിൽ നിന്നും ധനസഹായം നൽകിയത് ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല. ചെലവ് തുക 50,000/- രൂപ നിരാകരിക്കുന്നു. മേൽ തുക ഉത്തരവാദിയായ അസി.സെക്രട്ടറിയിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-14 മാനസിക, ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം - സർക്കാർ നിർദ്ദേശം പാലിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥ – ഐ.സി.ഡി.എസ്. സൂപ്പർവൈസർ.

പദ്ധതി പേര്, നം - ഭിന്നശേഷിയുള്ളവരുടെ ക്ഷേമം, 30/15-16

അടങ്കൽ തുക – 3,43,355/- (വികസന ഫണ്ട്)

ചെലവ് തുക – 3,43,355/- (ബിൽ നം. 7/15-16, 15.03.2016)

ഗ്രാമപഞ്ചായത്ത് പരിധിയിൽ വസിക്കുന്ന മാനസിക, ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം നടത്തുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. ഇതിനായി മേൽ വിവരിച്ച രീതിയിൽ പഞ്ചായത്ത് ഫണ്ട് പിൻവലിച്ച് സ്കോളർഷിപ്പായി വിതരണം നടത്തിയിട്ടുണ്ട്.

16.11.2013 ലെ (എം.എസ്) നമ്പർ.362/2013/ത.സ്വ.ഭ.വ. സർക്കാർ ഉത്തരവ് (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ) ഖണ്ഡിക. 5(8) പ്രകാരം മേൽ വിഭാഗത്തിൽപെട്ടവർക്ക് സ്കോളർഷിപ്പ് നൽകുന്നതിന് ആവശ്യമായ തുക ഗ്രാമ, ബ്ലോക്ക്, ജില്ല പഞ്ചായത്തുകൾ യഥാക്രമം 50:25:25എന്ന അനുപാതത്തിലാണ് വകയിരുത്തി ചെലവഴിക്കേണ്ടത്. എന്നാൽ ആയതിനു പകരം ഗ്രമപഞ്ചായത്ത് ഫണ്ടാണ് മുഴുവനായി വകയിരുത്തി ചെലവഴിച്ചത്. സർക്കാർ നിർദ്ദേശം പാലിക്കാതെ തുക ചെലവഴിച്ച തുക തടസ്സത്തിൽ (3,43,355/- രൂപ) വയ്ക്കുന്നു.

## 3-15 തെരുവ് നായ വന്ധ്യകരണം- ജില്ല പഞ്ചായത്ത് വിഹിതം – വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

പ്രോജക്ട് നം., പേര് - 203/15-16, തെരുവ് നായ വന്ധ്യകരണം- ജില്ല പഞ്ചായത്ത് വിഹിതം.

നിർവ്വഹണം സെക്രട്ടറി

അടങ്കൽ തുക - 2,00,000 /- (വികസന ഫണ്ട്)

ചെലവ് തുക – 2,00,000/- (വൗച്ചർ നം.21500903, 09.03.2016)

തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനായി ജില്ലാ തലത്തിൽ നടപ്പാക്കുന്ന പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് വിഹിതമായി 2,00,000/- രൂപ പിൻവലിച്ച് ജില്ല പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി ജില്ല പഞ്ചായത്ത് നടപ്പാക്കിയതിന്റെ വിശദാംശങ്ങളോ, തുക ഫലപ്രദമായി വിനിയോഗിച്ചതിനുള്ള സാക്ഷ്യ പത്രമോ ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-16 വ്യക്തിഗത ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുമ്പോൾ ഗുണഭോക്തൃ തിരഞ്ഞെടുപ്പ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കുന്നില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3എ(സി))പ്രകാരം ദാരിദ്ര്യ ലഘൂകരണം, പ്രാദേശിക സാമ്പത്തിക

വികസനം തുടങ്ങിയവ സാധ്യമാക്കുന്നതിന് നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സുതാര്യമായ നടപടി ക്രമങ്ങളിലൂടെ പക്ഷപാതരഹിതമായി ഗുണഭോക്താക്കളെ കണ്ടെത്തുക എന്ന പരമപ്രധാന ഉത്തരവാദിത്തം ഗ്രാമസഭകളുടേതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഗുണഭോക്താക്കളെ ലക്ഷ്യമിട്ട നടപ്പാക്കുന്ന പദ്ധതികളിൽ ഗ്രാമസഭകളുടെ പങ്ക്, ജനപങ്കാളിത്തം, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് തുടങ്ങിയവയുടെ സുതാര്യത ഉറപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് 02.09.1998 ലെ (പി)നം.181/98/ത.സ്വ.ഭ., 09.07.1999ലെ (പി) നം.138/99/ത.സ്വ.ഭ.വ എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ വിശദമായ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്ത് തലത്തിൽ ആവിഷ്കരിക്കുന്ന പദ്ധതികളിൽ പഞ്ചായത്തുകൾ തന്നെ ഗുണഭോക്തൃതെരഞ്ഞെടുപ്പ് സംബന്ധിച്ച മാനദണ്ഡങ്ങൾ തീരുമാനിക്കണം. കേന്ദ്ര, സംസ്ഥാന സർക്കാരുകൾ സ്പോൺസർ ചെയ്യുന്ന പദ്ധതികളുടെ കാര്യത്തിൽ ആ പദ്ധതികളുടെ മാർഗ്ഗനിർദ്ദേശങ്ങൾ കൂടി പരിഗണിച്ചായിരിക്കണം പഞ്ചായത്തുകൾ മാനദണ്ഡം നിശ്ചയിക്കേണ്ടത്. പദ്ധതിയിൻ കീഴിൽ അർഹരായ എല്ലാ ഗുണഭോക്താക്കളെയും പരിഗണിക്കാൻ കഴിയാത്ത സാഹചര്യങ്ങളുണ്ടാകുമ്പോൾ അർഹരായ ഗുണഭോക്താക്കളുടെ ഒരു ഹ്രസ്വലിസ്റ്റ് തയ്യാറാക്കുന്നതിനു പാലിക്കേണ്ട മുൻഗണന മാനദണ്ഡം രേഖാമൂലം വ്യക്തമായിത്തന്നെ പഞ്ചായത്തുകൾ പ്രസ്താവിച്ചിരിക്കേണ്ടതാണ്. പ്രൊജക്റ്റ് പ്രകാരമുള്ള സബ്സിഡി അല്ലെങ്കിൽ മറ്റുതരത്തിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അർഹതയ്ക്കും മുൻഗണനയ്ക്കുമുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുകഴിഞ്ഞാൽ ഇതുസംബന്ധിച്ച് വ്യാപകമായ പ്രചാരണം നൽകേണ്ടതുണ്ട്. അതിനായി വിവിധ സ്രോതസ്സുകൾ, മാർഗ്ഗങ്ങൾ ഉപയോഗിക്കാവുന്നതാണ്. ഉദാഹരണമായി തെരഞ്ഞെടുക്കപ്പെട്ട വ്യക്തികൾ, രാഷ്ട്രീയ പാർട്ടികൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവ. ഇതിനുപുറമെ പദ്ധതികളുടെ എണ്ണം, ഓരോ പദ്ധതിക്കുമുള്ള മാനദണ്ഡങ്ങൾ, തെരഞ്ഞെടുക്കപ്പെടേണ്ട ഗുണഭോക്താക്കളുടെ എണ്ണം എന്നിവ കാണിച്ചു കൊണ്ടുള്ള നോട്ടീസ് പ്രധാന പൊതു സ്ഥലങ്ങളിൽ പ്രദർശിപ്പിക്കണം.

പദ്ധതികൾക്കായിട്ടുള്ള അപേക്ഷാഫോറങ്ങൾ (ലളിമായ രീതിയിലുള്ളവ) ഗുണഭോക്തൃ തെരഞ്ഞെടുപ്പിനായുള്ള ഗ്രാമസഭ ചേരുന്നതിനുമുമ്പ് ജനങ്ങൾക്ക് വിതരണം ചെയ്യുകയും തിരികെ വാങ്ങുകയും വേണം. ഗുണഭോക്താക്കളുടെ അർഹതയും മുൻഗണനാക്രമവും സംബന്ധിച്ച മാനദണ്ഡങ്ങൾ ചേർത്ത് തീരുമാനിക്കുന്നതിനാവശ്യമായ എല്ലാ വിശദാംശങ്ങളും ഉൾക്കൊള്ളുന്നതിനു വേണ്ട സൌകര്യം അപേക്ഷ ഫോറത്തിൽ ഉണ്ടായിരിക്കണമെന്ന് മേൽ ഉത്തരവുകളിൽ നിഷ്കർഷിക്കുന്നുണ്ട്. അപേക്ഷ ഫോറങ്ങളുടെ വിതരണത്തിന് അയൽക്കൂട്ടങ്ങൾ, അങ്കണവാടിവർക്കർമാർ എന്നിവരുടെ സേവനവും പ്രയോജനപ്പെടുത്താവുന്നതാണ്. ഗുണഭോക്താക്കൾ സമർപ്പിക്കുന്ന അപേക്ഷകൾ പഞ്ചായത്തിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെട്ട് രൂപീകരിച്ച കമ്മിറ്റി പ്രസ്തുത അപേക്ഷകളിൽ ഗുണഭോക്താക്കൾ വസ്തുതകൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂവെന്നും, സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എല്ലാം പാലിച്ചിട്ടുണ്ടോയെന്നും പരിശോധിച്ച് മാർക്കടിസ്ഥാനത്തിൽ ഒരു കരട് പട്ടിക തയ്യാറാക്കി ഗ്രാമസഭകൾ മുമ്പാകെ സമർപ്പിച്ച് അംഗീകാരം വാങ്ങണം. ഇതിനായി ഒരു പ്രഫോർമ വെരിഫിക്കേഷൻ ഫോറം അപേക്ഷയോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്. ഗ്രാമസഭകളിൽ നിന്നും മുൻഗണനക്രമ ലിസ്റ്റിനോടൊപ്പം പരിശോധന പൂർത്തിയാക്കിയതിനു ശേഷം മൊത്തത്തിൽ മുൻഗണന ക്രമത്തിന്റെ മാനദണ്ഡങ്ങൾ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കേണ്ടതും, അന്തിമരൂപം നൽകി അംഗീകരിക്കേണ്ടതുമാണ്. ആയതിന്റെ അടിസ്ഥാനത്തിലാവണം ഗുണഭോക്താക്കൾക്ക് വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള സബ്സിഡി, സർക്കാരുകളിൽ നിന്നും ലഭിക്കുന്ന മറ്റ് ആനുകൂല്യങ്ങൾ അനുവദിക്കേണ്ടത്.

എന്നാൽ ഓഡിറ്റ് വർഷത്തിൽ വ്യക്തിഗത ഗുണഭോക്താക്കളെ ലക്ഷ്യമാക്കി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ

പദ്ധതികൾക്കായുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ, കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, സർക്കുലറുകൾ എന്നിവയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ പഞ്ചായത്ത് അധികാരികൾ വീഴ്ച വരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

- പഞ്ചവൽസര പദ്ധതി പ്രകാരം 2012-17 കാലയളവിലേക്കുള്ള ദീർഘകാല പദ്ധതിയുടെ അടിസ്ഥാനത്തിലാവണം ജനകീയാസൂത്രണ പദ്ധതികളുടെ പ്രവർത്തനങ്ങൾ. അഞ്ചു വർഷത്തേക്കുള്ള പദ്ധതികൾക്കായി ഏറ്റെടുക്കാവുന്ന പ്രോജക്ടുകളുടെ സംഗ്രഹവും, വർഷം തിരിച്ചും, മുൻഗണന അനുസരിച്ചും, മേഖല തിരിച്ചും തയ്യാറാക്കണം. ഇതിനായി വിവിധ ഘട്ടങ്ങളിലെ സമയക്രമവും സർക്കാർ നിശ്ചയിച്ചു നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ മേൽ പറഞ്ഞ രീതിയിലുള്ള പ്രവർത്തനങ്ങൾ കൃത്യമായി നടപ്പാക്കാത്തതിനാൽ വാർഷിക പദ്ധതികൾക്ക് ജില്ല ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്നതിൽ കാലതാമസങ്ങൾ വന്നു. മേൽ കാലതാമസം കാരണം പദ്ധതികൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലും കാലതാമസം വരുത്തി.
- വാർഡ് അടിസ്ഥാനത്തിൽ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കി അംഗീകരിക്കുന്ന രീതി കാരണം ആനുകൂല്യവിതരണം വാർഡ് അടിസ്ഥാനത്തിൽ വീതിക്കപ്പെട്ടു. (ഉദാ.കാർഷിക മേഖലയിലെ കിഴങ്ങ് വർഗ്ഗ കൃഷി വികസനം, പച്ചക്കറി കൃഷി വികസനം, ജൈവ പച്ചക്കറി വികസനം, സാനിട്ടറി യൂണിറ്റ് നിർമ്മാണം, വിവിധ ഭവന നിർമ്മാണ പദ്ധതികൾ, വിതരണം)
- ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ച് വ്യാപകമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്താതെ ഗുണഭോക്തൃ തെരഞ്ഞെടുപ്പിനായുള്ള ഗ്രാമസഭകൾക്ക് തൊട്ടുമുമ്പുള്ള ഗ്രാമസഭയിൽ അപേക്ഷ ഫോറങ്ങളും മാനദണ്ഡങ്ങളും വിതരണം ചെയ്യുന്നാണ് പദ്ധതികൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ആയതിനാൽ തന്നെ ഓരോ വാർഡിലെയും മുഴുവൻ ആളുകൾക്കും പദ്ധതി സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞില്ല.
- പഞ്ചായത്ത് തലത്തിൽ തയ്യാറാക്കിയ അപേക്ഷഫോറങ്ങൾ ഓരോതരം പ്രൊജക്ടുകൾക്കായുള്ള വ്യത്യസ്ത മാനദണ്ഡങ്ങൾ പരിഗണിക്കുന്നതിന് ആവശ്യമായ മുഴുവൻ വിവരങ്ങളും അപേക്ഷയിൽ ചേർക്കാൻ സാധിക്കാത്ത തരത്തിലാണ്.
- ഗുണഭോക്താക്കൾ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നാമനിർദ്ദേശം ചെയ്യുത് കമ്മിറ്റി രൂപീകരിച്ചില്ല. ആയതിനാൽ തന്നെ അപേക്ഷഫോറങ്ങളുടെ പരിശോധന, മാർക്കിടൽ എന്നിവയുടെ ആധികാരികതയും സുതാര്യതയും ഉറപ്പുവരുത്താൻ കഴിഞ്ഞില്ല. പരിശോധന സംവിധാനം ക്രമീകരിക്കാത്തതിനാൽ മിക്ക പദ്ധതികളിലും അനർഹർക്ക് സബ്സിഡി നൽകിയിട്ടുണ്ട്.
- ഗ്രാമസഭയിൽ അംഗീകരിച്ച മുൻഗണന ലിസ്റ്റുകൾ കൺവീനർ, ചെയർമാൻ, കോ-ഓഡിനേറ്റർ, പഞ്ചായത്ത് സെക്രട്ടറി, പരിശോധന സമിതിയംഗങ്ങൾ, നിർവഹണ ഉദ്യോഗസ്ഥർ എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
- സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അർഹതയ്ക്കും മുൻഗണനയ്ക്കുമുള്ള മാനദണ്ഡങ്ങൾക്ക് പ്രചാരണം നൽകാഞ്ഞതിനാൽ വിവിധ പദ്ധതികളിൽ വ്യാപകമായി അനർഹർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടു.
- പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 3(എ), 19.03.2003ലെ 13077/ഡി.പി.1/03/ത.സ്വ.ഭ.വ നം സർക്കുലർ പ്രകാരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന കേന്ദ്ര, സംസ്ഥാന സർക്കാർ പദ്ധതികൾക്ക് ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ച് നിശ്ചയിക്കേണ്ടത് ഗ്രാമസഭകളിലൂടെയാണ്. എന്നാൽ ഓഡിറ്റ് വർഷങ്ങളിൽ ഐ.എ.വൈ. ഭവന പദ്ധതിക്കൊഴികെ സർക്കാരിന്റെ മറ്റ് വകുപ്പുകളിലൂടെ നടപ്പാക്കിയ പദ്ധതികൾ, കൈമാറിയ സ്ഥാപനങ്ങൾ മുഖാന്തിരം സർക്കാർ നടപ്പാക്കിയ പദ്ധതികൾ എന്നിവയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് ഗ്രാമസഭകളിലൂടെയല്ല.

അപാകതകൾ പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-17 സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 156 (4) (സി) പ്രകാരം ഒരു പഞ്ചായത്ത് പ്രസിഡന്റിന് സർക്കാർ അതതു സമയം നിശ്ചയിച്ചേക്കാവുന്ന പരിധിയിൽ കണ്ടിജന്റ് ചെലവുകൾ ചെയ്യാവുന്നതാണ്. 18.01.1997ലെ (എം.എസ്)നം.18/97/ത.ഭ.വ. ഉത്തരവിലൂടെ ഗ്രാമ, ബ്ലോക്ക്, ജില്ല പഞ്ചായത്ത് പ്രസിഡന്റുമാർക്ക് ഒരു സമയത്ത് ചെലവാക്കാവുന്ന കണ്ടിജന്റ് ചെലവുകളുടെ പരിധി സർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്. (ഗ്രാമപഞ്ചായത്തിന് പരമാവധി ചെലവ് 5,000/- രൂപ)27.05.1998ലെ (എം.എസ്)107/98/ത.ഭ.വ. നമ്പർ ഉത്തരവിലൂടെ പഞ്ചായത്തുകളിലെ കണ്ടിജന്റ് ചെലവുകൾ ഏതെല്ലാം ഓഫീസ് കാര്യങ്ങൾക്കായിരിക്കണമെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ

ഉത്തരവുകൾക്ക് വിരുദ്ധമായി പഞ്ചായത്തിന്റെ ചുമതലകളിൽ പെടാത്ത ഇനങ്ങൾക്ക് പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റ് വേളയിൽ കണ്ടെത്തിയ ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം | തുക | വൌച്ചർ നം, തീയ്യതി |
|---|---|---|---|
| 1 | ബഡ്ജറ്റ് അവതരണ ഭക്ഷണ ചെലവ് | 9,550 | 2150032, 17.04.2015 |
| 2 | വർക്കിംഗ് ഗ്രൂപ്പ് യോഗം നടത്തിയതിന് ഭക്ഷണ ചെലവ്. | 10,000 | 21500865, 25.02.2016 |
| 3 | പഞ്ചായത്ത് യോഗം നടത്തുന്നതിന് ഭക്ഷണ ചെലവ് | 7,441 | 21500550, 21.11.2015 |

പഞ്ചായത്തിലെ തെരഞ്ഞെടുത്ത അംഗങ്ങൾ യോഗങ്ങളിൽ പങ്കെടുക്കുന്നതിന് നിയമപ്രകാരം സിറ്റിംഗ് ഫീസ് പഞ്ചായത്ത് ഫണ്ടിൽ നിന്നും അനുവദിക്കുന്നുണ്ട്. ആയതിനു പുറമേ സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി പഞ്ചായത്ത് ഫണ്ട് ചെലവഴിക്കുന്നത് നിർദ്ദേശങ്ങൾക്കനുസൃതമായി പരിമിതപ്പെടുത്തേണ്ടതാണ്.

## 3-18 സംയുക്ത പദ്ധതികൾക്കും, മറ്റ് പദ്ധതികൾക്കും ലഭിച്ച ഫണ്ടുകൾ വിനിയോഗിച്ചിട്ടില്ല.

16.11.2013 ലെ (എം.എസ്)362/2013/ത.സ്വ.ഭ.വ. എന്നീ നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 11.13.viii.(ഒ) പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന സംയുക്ത പദ്ധതികൾക്ക് ലഭിച്ച തുക ഫെബ്രുവരി അവസാനത്തിനകമെങ്കിലും ചെലവഴിച്ചിരിക്കണം. അങ്ങനെ ചെലവഴിച്ചില്ലെങ്കിൽ ആയത് അത് നൽകിയ സ്ഥാപനത്തിലേക്ക് തന്നെ തിരിച്ചടവാക്കണം. എന്നാൽ സംയുക്ത പദ്ധതികൾക്കായി സർക്കാർ നിർദ്ദേശിച്ച സമയപരിധി പാലിക്കാതെ പഞ്ചായത്തിന് ഓഡിറ്റ് വർഷങ്ങളിലും, മുൻവർഷങ്ങളിലും മറ്റ് തദ്ദേശഭരണ സ്ഥാനങ്ങളിൽ നിന്നും ലഭിക്കുന്ന വലിയ അളവിലുള്ള തുക പൂർണ്ണമായോ, ഭാഗികമായോ ചെലവഴിക്കാതെ നിലവിലും പഞ്ചായത്ത് ഫണ്ടിൽ തന്നെ സൂക്ഷിക്കുകയാണ് ചെയ്യുന്നത്. സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഫണ്ട് ലഭിച്ച ഇനം | തുക | ലഭിച്ച തീയ്യതി | നൽകിയ സ്ഥാപനം/ ഏജൻസി |
|---|---|---|---|---|
| 1 | പനമ്പ്ര, കീഴിൽ കോളനി ശ്മശാന നവീകരണം | 1,20,000 | 04.03.2015 | സംസ്ഥാന പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് |
| 2 | പനമ്പ്ര എസ്.സി.കോളനി കുടിവെള്ള പദ്ധതി | 8,00,000 | 07.04.2015 | ജില്ല പഞ്ചായത്ത്, കോഴിക്കോട് |
| 3 | ആരോഗ്യ കേരളം അവാർഡ് | 3,00,000 | 16.04.2013 | ആരോഗ്യ വകുപ്പ് |

12.04.2006 ലെ (പി)177/06/ധനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ/ ഏജൻസികളിൽ നിന്നും ലഭ്യമാകുന്ന ഫണ്ടുകൾ ഒരു മാസത്തിനുള്ളിൽ വിനിയോഗിക്കാൻ കഴിയാതിരുന്നാൽ ആയത് തിരികെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തന്നെ തിരിച്ചടക്കേണ്ടതായിരുന്നു. എന്നാൽ മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിക്കുന്നത് സർക്കാർ ഫണ്ടുകളുടെ ദുരുപയോഗമാണ്. മറ്റ് സ്ഥാപനങ്ങളിൽ/വകുപ്പുകളിൽ നിന്നും ലഭിച്ച ചെലവഴിക്കാൻ സാധിക്കാത്ത തുക തിരികെ അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-19 ഭരണസമിതിയുടെ തീരുമാനങ്ങൾക്ക് തുടർനടപടി സ്വീകരിച്ചതിന്റെ വിവരമില്ല

പഞ്ചായത്ത് ഭരണസമിതിയുടെ മിനുട്ട്സ് പരിശോധനയിൽ ഭരണസമിതി എടുത്ത തീരുമാനങ്ങൾ രേഖപ്പെടുത്തുന്നുണ്ടെങ്കിലും സ്വീകരിച്ച തുടർനടപടികളുടെ വിവരം കാണുന്നില്ല. താഴെ പറയുന്ന തീരുമാനങ്ങളിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമനം | ഭരണസമിതി തീരുമാനം | വിഷയം | അഭിപ്രായം |
|---|---|---|---|
| 1 | 107(19)/14 /12.2.15 | തഹസിൽദാരുടെ 20.1.15ലെ എച്ച് 1-9762/12 നം.കത്ത് പ്രകാരം 30.1.1979ന് ശ്രീ. ബാലൻ പുതിയോട്ടിൽ എന്നവർക്ക് 4സെന്റ് ഭൂമിക്ക് അനുവാദപത്രം നൽകി യിരുന്നു. എന്നാൽ നാളിതുവരെ ഭൂമി താമസത്തിനോ വീട്നിർമ്മാണ ത്തിനോ ഉപയോഗിക്കാത്തതിനാലും വാളൂർദേശത്ത് ടിയാന് മറ്റൊരു സ്ഥലമുള്ളതിനാൽ അനുവദിച്ച 4സെന്റ് ഭൂമിയിൽ റോഡിനായി നല്കിയ സ്ഥലം കഴിച്ചുള്ള രണ്ടര സെന്റ് സ്ഥലത്തിന് പട്ടയം നൽകേണ്ടതില്ലെന്ന് തഹസിൽദാരെ അറിയിക്കാനും അനുവാദ പത്രം നൽകിയ ഭൂമി തിരിച്ച് പിടിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമാക്കാൻ തീരുമാനം | സ്ഥലം പഞ്ചായത്തിൽ നിക്ഷിപ്തമാക്കിയതിന്റെ വിവരമില്ല |
| 2 | 15(8)/15 /26.5.15 | രണ്ടാം വാർഡിൽ ആക്കൂപ്പറമ്പ് സബ്സെന്റർ മുതൽ മമ്മിളി അംഗൻവാടി വരെയുള്ള റോഡിന് സ്ഥലം വിട്ടുതന്നതിന്റെ രേഖകളുടെ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുക്കുന്നതിന് തീരുമാനിച്ചു. ഏറ്റെടുത്ത ഭൂമി പഞ്ചായത്തിന്റെ ആസ്തികളിൽ കൊണ്ട് വരുന്നതിന് തീരുമാനിച്ചു. | 15പേർ ആകെ ഇരുപ തേമുക്കാൽ സെന്റ് സ്ഥല മാണ് വിട്ട് തന്നത്.തുടർ നടപടികളുടെ വിവരം ല ഭ്യമല്ല |
| 3 | 15(17)/15 /26.5.15 | ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള 8ാം വാർഡിലെ ഭൂമിയിൽ അപകടാവസ്ഥയി ലുള്ള മരങ്ങൾ മുറിച്ച് മാറ്റി കനാൽ പ്രവർ ത്തനങ്ങൾക്ക് തടസ്സം വരാത്ത രീതിയിൽ നടപ്പാത നിർമ്മി ക്കുന്നതിന് അനുമതി നൽകാൻ ഇറിഗേഷൻ അധികൃതരോട് അ പേക്ഷിക്കാൻ തീരുമാനിച്ചു | തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമല്ല. |

| | | | |
|---|---|---|---|
| 4 | 15(21)/15 /26.5.15 | അംഗൻവാടി സെന്റർ നം.113 തെക്കമ്പാട്ട് താഴെ അംഗൻവാടി കെട്ടിടത്തിന്റെ മേൽക്കൂര ചോർച്ച പ്രോജക്റ്റിൽ ഉൾപ്പെടുത്തി പരിഹരിക്കാൻ തീരുമാനിച്ചു | -ടി- |
| 5 | 41(1)/15 /7.8.15 | കട്ടക്കാട് കുടിവെള്ള പദ്ധതിയുടെ കമ്മറ്റി സമർപ്പിച്ച നിവേദനത്തിൽ പദ്ധതിക്ക് ആവശ്യമായ 26000 രൂപയുടെ മെയിന്റനൻസ് ചെലവ് പഞ്ചായത്ത് നൽകണമെന്ന് അപേക്ഷിച്ചു.നിവേദനത്തിന്മേൽ ഓവർസിയറുടെ റിപ്പോർട്ട് വാങ്ങാൻ തീരുമാനിച്ചു. | -ടി- |
| 6 | 66/15/30.9.15 | പറമ്പ് കുടിവെള്ളപദ്ധതിയുടെ (വാർഡ് 13)നിലവിലെ സ്ഥിതി കൺവീനറെ വിളിച്ച് അന്വേഷിക്കുന്നതിന് വാർഡ് മെമ്പറെ ചുമതലപ്പെടുത്തി | -ടി- |
| 7 | 11(16)/16 /1.1.16 | മഠത്തിൽമുക്ക് ചെമ്പ്രത്തറ കോളനി റോഡ് നിർമ്മാണത്തിന് ഭൂമി വിട്ട് നൽകിയ 17 ഗുണഭോക്താക്കളുടെ ലാന്റ് റിലിൻക്വിഷ് മെന്റ് ഫോറം അംഗീകരിക്കുന്നതിനും ഭൂമി ഏറ്റെടുക്കുന്നതിനും പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചു. | -ടി- |
| 8 | 11(20)/16 /1.1.16 | ഹോമിയോ ഡിസ്പൻസറി പ്രവർത്തിക്കുന്ന കെട്ടിടം (NP16/199)അസസ് മെന്റ് രജിസ്റ്റർ പ്രകാരം കൃഷി ഓഫീസർ, താമരശ്ശേരി സബ് ഡിവിഷൻ എന്ന പേരിലാണ്. ഉടമസ്ഥാവകാശം കൃഷിവകുപ്പിന്റെ പേരിലായതിനാൽ കെട്ടിടം വൈദ്യുതീകരിക്കുന്നതിന് സാധിക്കുന്നില്ല. കെട്ടിടം വൈദ്യുതീകരിക്കുന്നതിന് കെ.എസ്.ഇ.ബിയിൽ അപേക്ഷ നൽകുന്നതിനുള്ള നടപടികൾക്കും കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിന് കൈമാറുന്നതിനും കോഴിക്കോട് ജില്ല പ്രിൻസിപ്പൽ | -ടി- |

| | | | |
|---|---|---|---|
| | | കൃഷിഓഫീസറോട് അപേക്ഷിക്കാൻ തീരുമാനിച്ചു. | |

## 3-20 സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിക്ക് വിഹിതം നൽകിയത് സംബന്ധിച്ച്.

നിർവ്വഹണം : സെക്രട്ടറി

പ്രോജക്ട് പേര്/നമ്പർ :എസ്.എസ്.എ.യ്ക്ക് വിഹിതം നൽകൽ, 3/15-16

അടങ്കൽ തുക : 7,00,000/- (വികസന ഫണ്ട്)

ചെലവ് തുക : 7,00,000/- (ഡി.ഡി.നം.581789, 08.01.2016)

വൌച്ചർ നം. : 21500719, 07.01.2016

ആറ് വയസ്സ് മുതൽ പതിനാല് വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നടപ്പാക്കുന്ന സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിക്ക് ഗ്രാമപഞ്ചായത്തിന്റെ വിഹിതം നൽകുന്നതിനായി പഞ്ചായത്ത് ഫണ്ടിൽ നിന്നും മേൽ വിവരിച്ച തരത്തിൽ തുക പിൻവലിച്ച് എസ്.എസ്.എ. ജില്ലാ പ്രോജക്ട് ഓഫീസർ അനുവദിച്ചിട്ടുണ്ട്. പദ്ധതികൾ നടപ്പാക്കിയതുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. 16.11.2013ലെ(എം.എസ്)362/2013/ത.സ്വ.ഭ.വ എന്നീ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം [പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ] തദ്ദേശ ഭരണ സ്ഥാപനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള തുക എസ്.എസ്.എ. പ്രോജക്ടിനു വേണ്ടി വകയിരുത്തണം. അതാത് തലത്തിലുള്ള പ്രോജക്ട് തയ്യാറാക്കേണ്ടത് എസ്.എസ്.എ.യും വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയുടെ പങ്കാളിത്തത്തോടെ തദ്ദേശഭരണ സ്ഥാപനവും ചേർന്നാവണം. ഇത്തരത്തിൽ തയ്യാറാക്കുന്ന പദ്ധതി ഭരണസമിതി അംഗീകരിച്ച് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും വേണം. എന്നാൽ പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയുടെ അഭിപ്രായങ്ങളോ, ശുപാർശകളോ വിലയിരുത്തിയിട്ടല്ല എസ്.എസ്.എ. പദ്ധതികൾക്കായി തുക അനുവദിച്ചത്.
2. എസ്.എസ്.എ.യുടെ ജില്ല പ്രോഗ്രാം ഓഫീസർ പഞ്ചായത്ത് തലത്തിലുള്ള വിദ്യാലയങ്ങളിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് വർഷത്തിൽ എസ്.എസ്.എ. ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ, ബന്ധപ്പെട്ട വിദ്യാലയങ്ങളിലെ പ്രധാന അദ്ധ്യാപകരുടെ വിലയിരുത്തൽ റിപ്പോർട്ട്, വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട കർമ്മ സമിതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-21 നിയമവിരുദ്ധമായി പഞ്ചായത്തിൽ തസ്തികകൾ സൃഷ്ടിച്ച് നിയമനങ്ങൾ നടത്തുന്നു.

1997 ലെ കേരള പഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥൻമാരുടെ മേൽ നിയന്ത്രണം)ചട്ടങ്ങളിലെ ചട്ടം.3 (8) പ്രകാരം പഞ്ചായത്തിന് സേവനം വിട്ടു കൊടുക്കപ്പെട്ട സർക്കാർ ഉദ്യോഗസ്ഥർ സ്ഥലം മാറ്റം മൂലമോ, അവധിമൂലമോ, മറ്റേതെങ്കിലും കാരണം കൊണ്ടോ പഞ്ചായത്തിന് സേവനം വിട്ടുകൊടുക്കപ്പെട്ട ഒരു സർക്കാർ ഉദ്യോഗസ്ഥന്റേയോ ജീവനക്കാരന്റേയോ തസ്തികയിൽ ഒഴിവുണ്ടായാൽ പ്രസ്തുത ഒഴിവ് നികത്തുന്നതിന് മറ്റൊരു സർക്കാർ ഉദ്യോഗസ്ഥന്റേയോ, ജീവനക്കാരന്റേയോ സേവനം ഉടനെ വിട്ടു കിട്ടാത്ത സാഹചര്യത്തിൽ, സർക്കാരിന്റെ പൊതുമാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി ബന്ധപ്പെട്ട നിയമനാധികാരിയെ മുൻകൂട്ടി അറിയിച്ചു കൊണ്ട്, ആ ഒഴിവിൽ

(എ) എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് മുഖേനയോ

(ബി) എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് മുഖേന ഒരു ഉദ്യോർഗാർത്ഥിയെ ലഭിക്കാതിരിക്കുന്ന സാഹചര്യത്തിൽ സർക്കാർ പ്രത്യേകം നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം കരാർ അടിസ്ഥാനത്തിലോ

പഞ്ചായത്തിന് മറ്റൊരാളെ 6 മാസത്തിൽ കൂടുതലല്ലാത്ത കാലയളവിലേക്കോ ഒരു സർക്കാർ ഉദ്യോഗസ്ഥനോ, ജീവനക്കാരനോ പ്രസ്തുത ഒഴിവിലേക്ക് നിയമിക്കപ്പെടുകയോ ഇതിൽ ഏതാണോ ആദ്യം അതുവരേയ്ക്കായി താൽകാലികമായി നിയമിക്കാവുന്നതാണ്.

ഗ്രാമപഞ്ചായത്തിൽ സർക്കാർ അനുവദിച്ച തസ്തികകൾ, പ്രത്യേക ഉത്തരവുകൾ മുഖാന്തിരമുള്ള നിയമനങ്ങൾ എന്നിവ കൂടാതെയും പഞ്ചായത്ത് ഭരണസമിതി സ്വയം തീരുമാനമെടുത്ത് തസ്തികകൾ സൃഷ്ടിച്ച് നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

| നിയമനം ലഭിച്ച വ്യക്തിയുടെ പേര് | തസ്തിക | അനുവദിച്ച വേതനം | വൌച്ചർ നം. തീയ്യതി |
|---|---|---|---|
| ശ്രീ.കെ.കെ.വിജയൻ | ക്ലാർക്ക് (താൽകാലികം) | 10,800/- | 21500908, 09.03.2016 |

സർക്കാരിന്റെ അനുമതിയില്ലാതെ അനധികൃത നിയമനങ്ങൾ നടത്തി പഞ്ചായത്ത് ഫണ്ടിൽ നിന്നും വേതനം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്ത് കാര്യാലയത്തിലെ തസ്തികകളിൽ ജീവനക്കാരെ നിയമിക്കുമ്പോൾ നിയമനാധികാരിയുടെ അംഗീകാരം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇതുമായി ബന്ധപ്പെട്ട ചെലവുകൾ സെക്രട്ടറിയുടെ ബാദ്ധ്യതയായി നിജപ്പെടുത്തി നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നതാണ്.

## 3-22 അനർഹരായ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ.

പ്രോജക്റ്റ് പേര്, നമ്പർ, വർഷം : ഭവന പദ്ധതി (പട്ടിക ജാതി വിഭാഗം) 2014-15

16.11.2013 ലെ (എം.എസ്) 362/2013/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ) 30 ച.മീറ്ററിൽ കുറയാത്തതും 66 ച.മീറ്ററിൽ കൂടാത്തതുമായ തറവിസ്തീർണ്ണത്തിൽ നിർമ്മിക്കുന്ന വീടുകൾക്കാണ് ധനസഹായം നൽകേണ്ടത് [ഉത്തരവ് അനുബന്ധം.1 ഖണ്ഡിക.11(viiii)]. എന്നാൽ 2014-15 വർഷത്തിൽ നടപ്പാക്കിയ ഭവന പദ്ധതി മുഖേന വീട് നിർമ്മാണത്തിന് ധനസഹായം ലഭിച്ച താഴെ പറയുന്ന വ്യക്തിയുടെ കെട്ടിട നമ്പർ പരിശോധിച്ചതിൽ നിന്നും പദ്ധതി മാർഗ്ഗരേഖയിലെ മേൽ നിർദ്ദേശം പാലിക്കാതെ നിർമ്മാണം നടത്തിയതായി കാണുവാൻ കഴിഞ്ഞു. (ഫോറം.6 പ്രകാരം). ഗുണഭോക്താവിനു ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | തറവിസ്തീർണ്ണം, കെട്ടിട നം. | ഇതു വരെ അനുവദിച്ച തുക ഡി.ഡി.നം, തീയ്യതി |
|---|---|---|
| ശ്രീമതി.ഉഷകുമാരി, മത്തുര് (ഹ), കൽപ്പത്തുർ (P.O) നൊച്ചാട് | 87.42. ച.മീറ്റർ 416/A | 20,000/- 733547, 12.03.2014<br>60,000/- 733649, 19.03.2014<br>60,000/- 734459, 27.03.2014<br>40,000/- 951597, 26.09.2014<br>20,000/- 954968, 29.12.2014 |

അനർഹമായി സബ്സിഡി അനുവദിച്ച തുക ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-23 സ്വയം തൊഴിൽ സംരംഭങ്ങൾ പ്രവർത്തന രഹിതം.

ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള ആളുകളെ മൈക്രോ സംരംഭങ്ങളിലേക്ക് കൊണ്ടു വന്ന് സ്ഥായിയായ തൊഴിൽ സംരംഭങ്ങളിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനം ഇല്ലാതാക്കുന്നതിനായി കുടുംബശ്രീ മുഖേന മുൻവർഷങ്ങളിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് പഞ്ചായത്ത് നടപ്പാക്കിയിട്ടുണ്ട്. പദ്ധതി മുഖേന സബ്സിഡി ലഭിച്ച് ആരംഭിച്ച തൊഴിൽ സംരംഭങ്ങളുടെ നിലവിലെ പ്രവർത്തനങ്ങൾ, സംരംഭങ്ങളുടെ വിജയ, പരാജയങ്ങൾ എന്നിവ പരിശോധിച്ചതിൽ നിന്നും 16 ഓളം സംരംഭങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ബോദ്ധ്യപ്പെട്ടു.

സബ്സിഡി അനുവദിച്ച് സ്വയം തൊഴിൽ സംരംഭങ്ങളുടെ ആരംഭം മുതൽ വിവിധ ഘട്ടങ്ങളിൽ പ്രവർത്തനം മോണിറ്റർ ചെയ്യേണ്ടത് സി.ഡി.എസ് ന്റെ അനിവാര്യ ചുമതലയിൽപെട്ടതാണ്. മേൽ വിവരിച്ചവയിൽ പല പദ്ധതികളും കൃത്യമായ മോണിറ്ററിംഗിലൂടെയും, സഹായ സഹകരണങ്ങൾ, ഉപദേശങ്ങൾ എന്നിവ വഴി നിലനിർത്താമായിരുന്നതാണ്. എന്നാൽ സബ്സിഡി വിതരണം ചെയ്തതിനു ശേഷം സംരംഭങ്ങളുടെ തുടർ പ്രവർത്തനങ്ങളിൽ നിരീക്ഷണങ്ങൾ നടത്തി ആവശ്യമായ സഹായ സഹകരണങ്ങൾ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും നൽകിയില്ല. തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിലൂടെ തങ്ങളുടെ കടമ കഴിഞ്ഞു എന്ന സമീപനമാണ് പഞ്ചായത്ത് സ്വീകരിച്ചത്. കൂടാതെ തങ്ങൾക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ യാതൊരു തരത്തിലും ദുരുപയോഗം ചെയ്യില്ല എന്ന് കരാർ മുഖേന പഞ്ചായത്തിൽ സത്യവാങ്ങ് മൂലം എഴുതി തരുന്ന ഗുണഭോക്താക്കളും പഞ്ചായത്തുമായി ചമച്ച കരാർ പാലിക്കുന്നതിൽ വീഴ്ച വരുത്തുകയും, കരാർ ലംഘനം നടത്തുകയും ചെയ്തിട്ടുണ്ട്. സബ്സിഡി കൈപ്പറ്റിയ ഗുണഭോക്താക്കൾ ആയത് വിനിയോഗിക്കാത്ത സാഹചര്യത്തിൽ പഞ്ചായത്തിൽ നിന്നും അനുവദിച്ച തുക പലിശ സഹിതം തിരികെയീടാക്കേണ്ടതാണ്. നടപടിക്രമങ്ങൾ ഓഡിറ്റിൽ യഥാസമയം അറിയിക്കേണ്ടതാണ്.

## 3-24 സബ്സിഡി അനുവദിച്ച് നിർമ്മാണം ആരംഭിച്ച ഭവന നിർമ്മാണങ്ങൾ പൂർത്തീകരിച്ചില്ല.

പഞ്ചായത്ത് ഫണ്ടിൽ നിന്നും വിവിധ വർഷങ്ങളിൽ ഭവന നിർമ്മാണങ്ങൾ, പുനരുദ്ധാരണങ്ങൾ എന്നിവക്കായി ധനസഹായം കൈപ്പറ്റിയ 46 ഗുണഭോക്താക്കൾ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല. ഭവനനിർമ്മാണങ്ങൾ പൂർത്തീകരിക്കാൻ നിയമാനുസൃത സമയം അനുവദിച്ചിട്ടും പഞ്ചായത്തുമായി ഗുണഭോക്താക്കൾ ചമച്ച കരാർ വ്യവസ്ഥകൾ പാലിക്കാതെ പ്രവൃത്തി നീട്ടി കൊണ്ടു പോകുന്നത് ശരിയായ നടപടിയല്ല. അപാകത പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും ഭവന നിർമ്മാണങ്ങൾ പൂർത്തീകരിക്കുവാൻ ജനകീയമായ ഇടപെടലുകൾ പഞ്ചായത്ത് ഭരണസമിതി നടത്തേണ്ടതുമാണ്. അല്ലാത്ത പക്ഷം സബ്സിഡി അനുവദിച്ച തുക തിരികെ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-25 തൊഴിൽ രഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166, ഉപവകുപ്പ് 1, പട്ടിക 3, സി Xv പ്രകാരം പഞ്ചായത്ത് പരിധിയിലെ ദരിദ്രരെ കണ്ടെത്തി സ്വയം തൊഴിലും, ഗ്രൂപ്പ് എംപ്ലോയ്മെന്റ് പദ്ധതികളും നടപ്പാക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ മേഖലാപരമായ ചുമതലയാണ്. മേൽ നിയമത്തിലെ ചുമതലകൾ ഗ്രാമപഞ്ചായത്തുകൾക്ക്

നടപ്പാക്കുവാൻ സഹായിക്കും വിധത്തിലാണ് കേന്ദ്ര സർക്കാർ 2005 മുതൽ രാജ്യത്തെ ഗ്രാമീണ മേഖലയിലെ അസംഘടിത, അവിദഗ്ധ തൊഴിലാളികളുള്ള കുടുംബങ്ങൾക്ക് തൊഴിൽ നൽകുന്നതിനായി മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്തിൽ സ്ഥിരമായി താമസിക്കുന്നതും, 18 വയസ്സ് തികഞ്ഞ കായികാധ്വാനം ചെയ്യാൻ തയ്യാറുള്ള ആർക്കും തൊഴിലിനായി രജിസ്റ്റർ ചെയ്യാം. തൊഴിലുറപ്പ് പദ്ധതിയിലൂടെ അസംഘടിത, അവിദഗ്ധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പും നൽകുന്നുമുണ്ട് (നിലവിൽ പ്രതിദിനം 240/- രൂപ). പദ്ധതി നടത്തിപ്പിനായി പണം ചെലവിടുന്നതിന് പരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ എത്ര തുക വേണമെങ്കിലും ചെലവഴിച്ച് ഗ്രാമപഞ്ചായത്തുകളിലെ മുഴുവൻ തൊഴിൽ രഹിതർക്കും, അവിദഗ്ദ്ധ തൊഴിലാളികൾക്കും തൊഴിൽ നൽകാൻ സാധിക്കും. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ ഒരു വിഭാഗം തൊഴിൽ രഹിതരായ യുവതീ/ യുവാക്കൾ പഞ്ചായത്തിൽ നടപ്പാക്കുന്ന തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയോ, തൊഴിലിനായി അപേക്ഷിക്കുകയോ ചെയ്യാതെ കേരള സർക്കാരിന്റെ തൊഴിൽ രഹിത വേതന പദ്ധതിയിലൂടെ പ്രതിമാസം 120/- രൂപ നിരക്കിൽ വേതനം കൈപ്പറ്റുകയാണ് ചെയ്യുന്നത്.

13.12.2009 ലെ (പി)169/2009/തൊഴിൽ നമ്പർ ഉത്തരവിലൂടെ (1998 ലെ കേരള തൊഴിൽരഹിത വേതന പദ്ധതി ചട്ടങ്ങളുടെ ഭേദഗതി ഉത്തരവ്) എൻ.ആർ.ഇ.ജി.എസ്. പ്രകാരമുള്ള തൊഴിൽ ലഭിക്കുന്ന വ്യക്തിയുടെ വ്യക്തിഗത കുടുംബവരുമാനം പരിധിയിലധികമായാൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ വേതനം നിർത്തൽ ചെയ്യേണ്ടതും വിവരം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസറെ അറിയിക്കേണ്ടതുമാണ്. എന്നാൽ 1998 ലെ കേരള തൊഴിൽ രഹിത വേതന പദ്ധതി ചട്ടങ്ങളുടെ അനുബന്ധ ഫോറത്തിൽ (നം.1) പ്രതിമാസം 100/- രൂപയിൽ കൂടുതൽ വരുമാനം ലഭിക്കുന്ന അന്നു മുതൽ തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നതല്ല എന്ന സത്യ പ്രസ്താവനയോടെ (ക്രമ നം.6) അപേക്ഷ സമർപ്പിക്കുന്ന ഗുണഭോക്താക്കൾ തൊഴിൽ ലഭിക്കുവാനുള്ള അവസരവും, സാഹചര്യവും പഞ്ചായത്തിൽ ഒരുക്കിയിട്ടും ആയത് പ്രയോജനപ്പെടുത്താതെയാണ് തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നത്. ഓഡിറ്റ് വർഷത്തിൽ തൊഴിൽരഹിത വേതനം വിതരണം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|
| 462 | 708480 |

തൊഴിലുറപ്പ് നിയമം പ്രകാരം പഞ്ചായത്ത് പരിധിയിൽ തൊഴിൽരഹിതരായവർ, അർഹതപ്പെട്ടവർ എന്നവരുടെ ലിസ്റ്റ് തയ്യാറാക്കി രജിസ്ട്രേഷൻ നടത്താനുള്ള ഉത്തരവാദിത്വം ഏറ്റെടുത്ത് തൊഴിൽ ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കടമയാണെന്നിരിക്കേ ആയതിന് പകരം താൽകാലിക ധനസഹായം എന്ന നിലയ്ക്ക് പ്രതിമാസം ലഭിക്കുന്ന തുച്ഛമായ (120/- രൂപ) ആനുകൂല്യത്തിന് അപേക്ഷ സമർപ്പിക്കുന്ന തരത്തിൽ ഗുണഭോക്താക്കളെ പ്രോൽസാഹിപ്പിക്കുകയാണ് ചെയ്യുന്നതു്. പഞ്ചായത്ത് പരിധിയിൽ തൊഴിൽ രഹിതരായവർക്ക് തൊഴിൽ ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കടമയായതിനാൽ പ്രസ്തുത ഗുണഭോക്താക്കളെ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യിച്ച് തൊഴിൽ നൽകേണ്ടതും, തൊഴിൽ രഹിത വേതനം ലഭ്യമാക്കുന്നത് നിരുൽസാഹപ്പെടുത്തേണ്ടതുമാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-26 പരിമിതമായ അടിസ്ഥാന സൗകര്യങ്ങളോടെ പൊതുജനാരോഗ്യ കേന്ദ്രം.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166(1), പട്ടിക 3 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പൊതുജനാരോഗ്യ കേന്ദ്രങ്ങളും, ഡിസ്പെൻസറികളും (എല്ലാത്തരം ചികിൽസാ സമ്പ്രദായങ്ങളിലും പെടുന്നവ) ഏറ്റെടുത്ത്

നടത്തേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ മേഖല അടിസ്ഥാനത്തിലുള്ള ചുമതലയാണ്. അതു പോലെ രോഗ പ്രതിരോധ നടപടികൾ, രോഗങ്ങളും നിയന്ത്രണം എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപെടുന്നതാണ്. ഓഡിറ്റിന്റെ ഭാഗമായി പഞ്ചായത്തിനു കൈമാറികിട്ടിയ ഹോമിയോ ഡിസ് പെൻസറിയിൽ നേരിട്ട് സന്ദർശിച്ചതിൽ (17.11.2016) നിന്നും മേൽ സ്ഥാപനങ്ങളുടെ നിലവിലെ പ്രവർത്തനാവസ്ഥ താഴെ കൊടുക്കുന്നു.

- ഹോമിയോ ഡിസ്പെൻസറി, രാനല്ലൂർ

2010-11 കാലയളവിൽ പ്രവർത്തനം ആരംഭിച്ച എൻ.ആർ.എച്ച്.എം. ആയുർവ്വേദ ആശുപത്രി നിലവിൽ കൃഷി വകുപ്പിന്റെ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത കെട്ടിടത്തിൽ മരുന്നുകൾ സൂക്ഷിക്കുന്നതിനും ഓഫീസ് പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി പരിമിതമായ സ്ഥലം സൗകര്യമാണുള്ളത്. ആശുപത്രി ആരംഭിച്ച കാലയളവ് മുതൽ വൈദ്യുതി ലഭ്യമാക്കിയിട്ടില്ല. 2011 -12 കാലയളവിൽ വെള്ളം എടുക്കുന്നതിനായി മോട്ടോറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത് നിലവിലും ഉപയോഗിച്ചിട്ടില്ല. ആശുപത്രിയിൽ പരിമിതമായ അടിസ്ഥാന സൗകര്യത്തിൽ നിന്നു കൊണ്ടാണ് മെഡിക്കൽ ഓഫീസർ പരിശോന നടത്തുന്നതും, മരുന്നുകൾ സൂക്ഷിക്കുന്നതും മറ്റ് കാര്യങ്ങൾ നടത്തുന്നതും. ആശുപത്രി ജീവനക്കാർ, രോഗികൾ എന്നവർക്കൊന്നും ആവശ്യമായ വിശ്രമമുറി, ശൗചാലയങ്ങൾ തുടങ്ങിയവ ഒരുക്കിയിട്ടില്ല.

ആരോഗ്യ കേന്ദ്രങ്ങളിലെയും, കേന്ദ്രങ്ങളിലേക്ക് എത്തിപ്പെടുന്നതിനുമായിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയ്ക്ക് വർഷങ്ങളുടെ പഴക്കമുണ്ടായിരിക്കേ അതിന് ആവശ്യമായ പദ്ധതി രൂപീകരിക്കാനോ തുക വകയിരുത്താനോ പഞ്ചായത്തിനു കഴിഞ്ഞിട്ടില്ല. ഇത് പ്രസ്തുത മേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നവരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. ആയതിനാൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതും ആരോഗ്യ സ്ഥാപനങ്ങളിലെ പോരായ്മകൾ കാലതാമസമില്ലാതെ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-27 തൊഴിലുറപ്പ് പദ്ധതി അവലോകനം.

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കുവാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികളുള്ള കുടുംബങ്ങൾക്ക് ഒരു സാമ്പത്തിക വർഷം കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച തൊഴിലുറപ്പ് പദ്ധതിയുടെ പഞ്ചായത്ത് തലത്തിലെ പ്രവർത്തനങ്ങൾ, നൽകുന്ന സേവനങ്ങൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ അവലേകനം നടത്തിയതിൽ നിന്നും ഓഡിറ്റിൽ കണ്ടെത്തിയ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ആകെ വാർഡുകളുടെ എണ്ണം | 17 |
| തൻ വർഷത്തെ ആകെ വരവ് | 740434.5 + 40727551 |
| തൻവർഷത്തെ ആകെ ചെലവ് | 712581 + 40727551 |
| ഗ്രാമപഞ്ചായത്തിലെ ആകെ കുടുംബങ്ങളുടെ എണ്ണം | 5438 |
| തൊഴിലുറപ്പ് പദ്ധതിക്കായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 5189 |
| തൻവർഷം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 3014 |
| തൻവർഷം 100 ദിവസം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 245 |
| ഒരു കുടുംബത്തിന് തൻവർഷത്തിൽ നൽകിയ തൊഴിൽ ദിനങ്ങളുടെ ശരാശരി | 54 |
| ഷെൽഫ് ഓഫ് പ്രൊജക്ട് പ്രകാരം തൻവർഷത്തെ പദ്ധതികളുടെ എണ്ണം | 425 |
| വകയിരുത്തിയ തുക | 4,69,22,000/- |
| നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | 400 |

| | |
|---|---|
| കൂലിയിനത്തിലെ ചെലവ് | 4,07,27551/- |
| കൂലിയിതരയിനത്തിലെ ചെലവ് | 6,81,000/- |
| തൊഴിലുപകരണങ്ങൾ വാടകയ്ക്കു നൽകി തൻവർഷം ലഭിച്ച തുക | 13,453/- |

<u>സോഷ്യൽ ഓഡിറ്റ്.</u>

തൊഴിലുറപ്പ് പദ്ധതിയുടെ ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ്, വിലയിരുത്തൽ, എന്നീ ഘട്ടങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിന് വേണ്ടിയാണ് 2005 ലെ ദേശീയ തൊഴിലുറപ്പ് നിയമത്തിലെ വകുപ്പ് 17 ൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന എല്ലാ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റ് നടത്തണമെന്ന് അനുശാസിക്കുന്നസോഷ്യൽ ഓഡിറ്റ് നടത്തുന്നതിലൂടെ നിയമം അനുശാസിക്കുന്ന അധികാരവകാശങ്ങൾ തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടോ എന്നുള്ള ജനകീയ പരിശോധന സാധ്യമാകും ഓഡിറ്റ് വർഷത്തിൽ നടന്ന സോഷ്യൽ ഓഡിറ്റ് കാര്യക്ഷമമായിട്ടല്ല നടന്നത്. പല വാർഡുകളിലും തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പ്രശ്നങ്ങൾ, നേട്ടങ്ങൾ, കോട്ടങ്ങൾ എന്നിവ ചർച്ച ചെയ്തിട്ടില്ല. പകരം വാർഡുകളിൽ നടന്ന ചില പ്രവൃത്തികളുടെ പേര് എഴുതിവെക്കുക മാത്രമാണ് ചെയ്തത്. പഞ്ചായത്ത് തല പൊതുയോഗത്തിൽ (Public Hearing) സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് അവതരിപ്പിച്ച് ചർച്ച ചെയ്തിട്ടില്ല. റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള അപാകതകൾ പരിഹരിച്ച നടപടികളെകുറിച്ചുള്ള റിപ്പോർട്ട് (Action Taken Report) ഗ്രാമസഭകളിൽ അവതരിപ്പിക്കുകയോ, അപാകതകൾ പരിഹരിക്കുകയോ ചെയ്തിട്ടില്ല.

തൊഴിലുറപ്പ് പദ്ധതിക്കായി ചെലവഴിച്ച പണത്തെ സംബന്ധിച്ചുള്ള ഒരു ഓഡിറ്റ് മാത്രമായി സോഷ്യൽ ഓഡിറ്റ് സംവിധാനത്തെ കാണാതെ, മറിച്ച് അത് ഒരു പഠനപ്രക്രിയയായി കാണേണ്ടതും, അതുവഴി ഉരുത്തിരിയുന്ന ആശയങ്ങൾ നയരൂപീകരണത്തിനായി സഹായകമാക്കേണ്ടതുമാണ്.

<u>ഭരണ പ്രക്രിയക്ക് ആവശ്യമായ ഭൗതിക സാഹചര്യം പഞ്ചായത്തിൽ ഒരുക്കിയിട്ടില്ല.</u>

തൊഴിലുറപ്പ് പദ്ധതി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കുന്നതിനായി പഞ്ചായത്ത് കാര്യാലയത്തിൽ ജീവനക്കാർക്ക് ഒരുക്കിയ ഭൗതിക സാഹചര്യം തീർത്തും അപര്യാപ്തമാണ്. 20 എം.2 വിസ്തീർണ്ണത്തിൽ താഴെയുള്ള സ്ഥലത്താണ് പദ്ധതി പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്ത് ഭൗതിക സാഹചര്യം ഒരുക്കിയിട്ടുള്ളത്. പ്രസ്തുത സ്ഥലത്ത് തന്നെയാണ് പദ്ധതി പ്രവർത്തനങ്ങൾക്കായി അനുവദിച്ച കമ്പ്യൂട്ടറുകൾ മേശ, റേക്ക്, ഷെൽഫുകൾ തുടങ്ങിയവയും ഉള്ളത്.

തൊഴിൽ അപേക്ഷകൾ സ്വീകരിക്കൽ, രജിസ്ട്രേഷൻ, തൊഴിൽ കാർഡ് വിതരണം, ഫയൽ, രജിസ്റ്ററുകളുടെ പരിപാലനം, മസ്റ്റർ റോളുകൾ, അളവ് പുസ്തകങ്ങൾ, പ്രവൃത്തി മൂല്യനിർണ്ണയ ഫോറങ്ങൾ, കണക്കുകൾ തയ്യാറാക്കൽ തുടങ്ങി പരാതി പരിഹാരങ്ങൾ വരെയുള്ള വളരെയേറെ സങ്കീർണ്ണമായ ജോലികൾ നടത്തേണ്ടത് ഇതിനായി നിയോഗിച്ച ഓവർസിയർമാർ (2 പേർ), ഡാറ്റ എൻട്രി ഓപ്പറേറ്റർ കം അക്കൌണ്ടന്റുമാരാണ്(3പേർ).

തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ ഭാരത് നിർമ്മാൺ രാജീവ് ഗാന്ധി സേവാ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് 11.11.2009ലെ എസ്.ഒ-2877(ഇ) വിജ്ഞാപനം പ്രകാരം കേന്ദ്ര സർക്കാരും, 25.01.2012ലെ (ആർ.റ്റി) 291/2012/ത.സ്വ.ഭ.വ.നം ഉത്തരവിലൂടെ സംസ്ഥാന സർക്കാരും അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവുകൾ പ്രകാരം സേവാ കേന്ദ്രങ്ങൾക്ക് ചുരുങ്ങിയത് 130 ച.മീറ്റർ വിസ്തൃതി ആവശ്യമാണ്. എന്നാൽ പ്രസ്തുത തരത്തിലുള്ള ഭൗതിക സാഹചര്യം ഒരുക്കുന്നതിന് ഓഡിറ്റ് കാലയളവു വരേയും പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല.

ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതും കാര്യക്ഷമമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-28 പെയിൻ പാലിയേറ്റീവ് പ്രവർത്തനങ്ങൾ സർക്കാർ നിർദേശങ്ങൾ പാലിക്കുന്നില്ല.

പെയിൻ ആന്റ് പാലിയേറ്റിവ് പദ്ധതി നടപ്പിലാക്കുന്നതിനായി 2015-16 വർഷം താഴെ പറയുന്ന മാർഗനിർദേശങ്ങളാണ് കേരള സർക്കാർ ബാധകമാക്കിയിരിക്കുന്നത്.

1. സ.ഉ (കൈ) നം.228/2012/ത.സ്വ.ഭ.വ തീയതി 23.08.2012 (2015 ഒക്ടോബർ 28 വരെ പ്രാബല്യം)
2. സ.ഉ (സാധാ) നം. 3217/2015/ത.സ്വ.ഭ.വ തീയതി 29.10.2015 (2015 ഒക്ടോബർ 29 മുതൽ പ്രാബല്യം)

എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന പെയിൻ ആന്റ് പാലിയേറ്റിവ് പ്രവർത്തനങ്ങളിൽ സർക്കാർ മാർഗ്ഗരേഖ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നുണ്ട്. വിശദാംശങ്ങൾ താഴെ നൽകുന്നു.

1. പാലിയേറ്റിവ് പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക ഗ്രാമപഞ്ചായത്ത് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നുണ്ട്. ഇല്ലെങ്കിൽ പദ്ധതിയുടെ ചെലവ് അംഗീകരിക്കുന്നതല്ലെന്ന് സർക്കാർ കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ പട്ടിക പ്രസിദ്ധീകരിച്ചിട്ടില്ല. (ഖണ്ഡിക 2.5.6)
2. പാലിയേറ്റിവ് നഴ്സിനു ജോലി ചെയ്തതിന്റെ പ്രതിമാസ ഹോണറേറിയം അടുത്ത മാസം 10 നകം നൽകണമെന്ന വ്യവസ്ഥ പാലിക്കുന്നില്ല.
3. ഉത്തരവ് പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

സർക്കാർ നിർദേശങ്ങൾ പാലിച്ചു കൊണ്ട് പദ്ധതി നടപ്പിലാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചിലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 2013-14 | 1000000 | | 1000000 | ഇല്ല |
| | 2015-16 | 500000 | വലിയ പറമ്പ് സാംസ്കാരിക നിലയം | ഇല്ല | 500000 |
| പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 800000 | പനമ്പ്ര കോളനി കുടിവെള്ള പദ്ധതി | ഇല്ല | 800000 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

2015-16 വർഷം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കു തുക കൈമാറിയിട്ടില്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷങ്ങളിൽ വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | |
|---|---|---|---|---|---|---|---|---|
| | | | മുതൽ | പലിശ | മുതൽ | പലിശ | മുതൽ | പലിശ |
| ഇ എം എസ് ഭവനപദ്ധതി | സ.ഉ (കൈ) നം.223/2010 /ത.സ്വ.ഭ.വ തീയതി 21.10.2010 | 13996500 | 5984017 | | 500000 | | 5484017 | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷങ്ങളിൽ (2013-14,2014-15) സ്ഥിര നിക്ഷേപ ഇനത്തിൽ ഇടപാടുകളൊന്നും ഇല്ല. സ്ഥിര നിക്ഷേപങ്ങൾ അവശേഷിക്കുന്നമില്ല. ഗ്രാമപഞ്ചായത്തിന്റെ സ്ഥിരനിക്ഷേപങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപങ്ങൾ | 1836584 |
| തൻവർഷം നിക്ഷേപിച്ച തുക | 182658 |
| ആകെ | 2019242 |
| തൻവർഷം പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങൾ | 2019242 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച വിവരങ്ങൾ

| സ്ഥിര നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഇ എം എസ് സഹകരണ ആശുപത്രി, പേരാമ്പ്ര (ഷെയർ) | 10000/- |
| കൽപത്തൂർ സർവീസ് സഹകരണ ബേങ്ക് (0101015457) | 620533/- |
| കൽപത്തൂർ സർവീസ് സഹകരണ ബേങ്ക് (0102010750) | 62756/- |
| കൽപത്തൂർ സർവീസ് സഹകരണ ബേങ്ക് (0101010751) | 106736/- |
| കൽപത്തൂർ സർവീസ് സഹകരണ ബേങ്ക് (0101015458) | 829155/- |
| കൽപത്തൂർ സർവീസ് സഹകരണ ബേങ്ക് (0101015524) | 390062/- |
| ആകെ | 2019242/- |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ ഓഡിറ്റ് വർഷങ്ങളിൽ വരവൊന്നുമില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 4.1.5 | 2014-15 | 4.1.5 | 2006-07 ൽ 407782/- രൂപ ചെലവിൽ പണിത വനിതാ കാന്റീൻ കെട്ടിടം ഉപയോഗമില്ലാതെ ചോരുന്ന നിലയിൽ കാണപ്പെട്ടു. | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| സാമ്പത്തിക വർഷം | 2015-16 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 154845095 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 153844527 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 714668 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2040624 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-5 | | 122698 | ഡോ : സൂരജ് കെ രാജ് , മെഡിക്കൽ ഓഫീസർ (പി എച്ച് സി) |
| 3-6 | | 16537.5 | ശ്രീമതി സൗദ സി കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 16537.5 | ശ്രീ എ എം മാധവൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-7 | | 187242.5 | ശ്രീമതി സൗദ സി കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 187242.5 | ശ്രീ എ എം മാധവൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-8 | | 67205 | ശ്രീമതി സൗദ സി കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 67205 | ശ്രീ എ എം മാധവൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-13 | | 50000 | ശ്രീ യു കെ രാജൻ അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | | 714668 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 120000 | ഡോ : സൂരജ് കെ രാജ് ,മെഡിക്കൽ ഓഫീസർ (പി എച്ച് സി) |
| 3-3 | 25000/- | ഡോ : സൂരജ് കെ രാജ് ,മെഡിക്കൽ ഓഫീസർ (പി എച്ച് സി) |
| 3-4 | 37139/- | 1. ശ്രീമതി രത്ന കുമാരി പി പി<br>2. ശ്രീ ശശിധരൻ വി<br>(ഹെഡ് മാസ്റ്റർമാർ) |
| 3-9 | 245000 | ശ്രീമതി സൗദ സി കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| | 245000 | ശ്രീ എ എം മാധവൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-10 | 54500 | ശ്രീ ഒ മനോജ്, സെക്രട്ടറി |
| | 70630 | ശ്രീ കെ എം രാധാകൃഷ്ണൻ, സെക്രട്ടറി |
| 3-14 | 343355/- | ശ്രീമതി എം തങ്കം, ഐ സി ഡി എസ് സൂപ്പർവൈസർ |
| 3-15 | 200000 | ശ്രീ കെ എം രാധാകൃഷ്ണൻ, സെക്രട്ടറി |
| 3-20 | 700000 | ശ്രീ കെ എം രാധാകൃഷ്ണൻ, സെക്രട്ടറി |
| ആകെ | 2040624 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സൗദ കെ സി, അസിസ്റ്റന്റ് എഞ്ചിനീയർ | | തളിയോത്ത് വീട്,<br>ചേനോളി പി ഒ<br>പേരാമ്പ്ര |
| ശ്രീ എ എം മാധവൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | | 'സൌപർണിക' നടുവണ്ണൂർ പി ഒ പേരാമ്പ്ര |
| ശ്രീ ഒ മനോജ്, സെക്രട്ടറി | | ഒതയോത്ത് വീട്<br>നൊച്ചാട് പി ഒ<br>673525 |
| ശ്രീ കെ എം രാധാകൃഷ്ണൻ, സെക്രട്ടറി | സെക്രട്ടറി, നൊച്ചാട് ഗ്രാമപഞ്ചായത്ത് | കുന്ന മാത്തിൽ വീട് |

| | | |
|---|---|---|
| | | അഴിയൂർ പി ഒ<br>വടകര |
| ശ്രീ യു കെ രാജൻ<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,<br>നൊച്ചാട് ഗ്രാമപഞ്ചായത്ത് | 'അമ്പാടി'<br>എഴുത്തച്ചൻ കണ്ടി പറമ്പ്<br>വെള്ളിമാട്ടുകുന്ന് - മേരിക്കുന്ന് |
| ഡോ : സൂരജ് കെ രാജ് ,<br>മെഡിക്കൽ ഓഫീസർ (പി എച്ച് സി) | | കൊപ്പറമ്പിൽ<br>തലയോലപ്പറമ്പ് പി ഒ<br>കോട്ടയം - 686 605 |
| ശ്രീമതി രത്ന കുമാരി പി പി<br>ഹെഡ് മിസ്ട്രസ് | | പുളിയേടത്ത് ചാലിൽ<br>മാഞ്ഞാണ്യം പി ഒ<br>പേരാമ്പ്ര |
| ശ്രീ ശശിധരൻ വി,<br>ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ<br>നൊച്ചാട് ഗ്രാമപഞ്ചായത്ത് | വടക്കേടത്ത് വീട്<br>പേരാമ്പ്ര പി ഒ |
| ശ്രീമതി എം തങ്കം,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ<br>നൊച്ചാട് ഗ്രാമപഞ്ചായത്ത് | 'ഹരിത'<br>ആവള കുട്ടോത്ത് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ എഫ് കെ കെ ഡി/പി4 /808/13(2) 16.07.2013 | 3 |
| 2001-02 (ഡി സി ബി) | എൽ എഫ് കെ കെ ഡി/പി4 /808/13(4) 16.07.2013 | 1 |
| 2001-02 (പ്ലാൻ) | എൽ എഫ് കെ കെ ഡി/പി4 /808/13(5) 16.07.2013 | 8 |
| 2002-03 | എൽ എഫ് കെ കെ ഡി/പി4 /808/13(6) 16.07.2013 | 8 |
| 2004-05 | എൽ എഫ് കെ കെ ഡി/പി4 /1540(12)/09 20.1.2011 | 1 |
| 2005-06 | എൽ എഫ് കെ കെ ഡി/പി4 /861/09(1) 07.01.2010 | 12 |
| 2006-07 | എൽ എഫ് കെ കെ ഡി/പി1 /861/09(7) 07.01.2010 | 7 |
| 2007-08 | എൽ എഫ് കെ കെ ഡി/പി1 /386/11 05.05.2011 | 27 |
| 2008-09 | എൽ എഫ് കെ കെ ഡി/പി4 /357/13(1) 06.05.2013 | 6 |
| 2009-10 | എൽ എഫ് കെ കെ ഡി/പി4 /357/2013 02.04.2013 | 5 |
| 2010-11,2011-12 | എൽ എഫ് കെ കെ ഡി/പി4 /787/14 03.07.2014 | 11 |

| | | |
|---|---|---|
| 2012-13,2013-14 | എൽ എഫ് കെ കെ ഡി/പി4 /1231/15 18.02.2016 | 10 |
| 2014-15 | കെ എസ് എ കെ കെ ഡി/പി4/ | 9 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

**1**

ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.കെ.കെ.ഡി.പി. 4/2098 /2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ - 0495-2371012
തീയ്യതി.14.12.16

ഓഡിറ്റ് സർട്ടിഫിക്കറ്റ്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ, വകുപ്പ്.215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രേളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംഭിച്ചും കോഴിക്കോട് നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രയത്തിൽ നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

KSA.KKD-P.4/2098 /2016

Kerala State Audit Department

District Audit Office

Civil Station, Kozhikode

Ph. 0495 – 2371012

Dated. 14.12..2016

Audit Certification.

Certified thaht I have audited the Annual Financial Statement of Nochad Grama Panchayath in Kozhikode District for the year ended on 31.03.2016 in accordance with section. 4 of hte Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994, the rules made there under and the guideliness issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj Institutions.

In my opinion the Financial Statements of Nochad Grama Panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

District Audit Office, Kozhikode.